# വീണപൂവ്



## കുമാരൻ ആശാൻ

ശാരദാ ബുക്ക് ഡിപ്പോ തോന്നയ്ക്കൽ

756
P

868
O-1 1M73x
J7
4538

# വനമാല

## എൻ. കുമാരൻ ആശാൻ

പകർപ്പവകാശം

ശാരദാ ബുക്ക ഡിപ്പോ

തോന്നയ്ക്കൽ

Digitized By Kerala Sahitya Akademi

7-ാം പതിപ്പ് കോപ്പി 1000

1957

അച്ചടി

സഹോദരൻ പ്രസ്സ്

എറണാകുളം

ഉടമസ്ഥരുടെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

# അവതാരിക

'മണിമാല'യുടെ മുഖവുരയിൽ പറഞ്ഞിരുന്നതനുസരിച്ച് 'വനമാല' ഇപ്പോൾ പ്രസിദ്ധംചെയ്തുകൊള്ളുന്നു ഇതിൽ ചേർത്തിട്ടുള്ള കൃതികളിൽ 'ഒരു വനയാത്ര' മുതലായി ഏതാനും ചിലതൊഴിച്ചു ശേഷമെല്ലാം മാസികകളിലോ പത്രനിബന്ധങ്ങളിലോ മുമ്പു പ്രസിദ്ധംചെയ്തിട്ടുള്ളവയാണ്. എന്നാൽ ഇവ ഒന്നും തന്നെ പുസ്തകരൂപത്തിൽ ഇതിനുമുമ്പ് പുറത്തുവന്നിട്ടില്ല ഇവയെ സാഹിത്യലോകത്തിൽ പ്രചരിപ്പിക്കുന്നതിനാകട്ടെ ആരും ഉദ്യമിച്ചിട്ടും ഇല്ല ഈ കൃതികൾ എല്ലാം ദീർഘമായ ഒരു കാലാവധിക്കുള്ളിലും ഓരോ പ്രത്യേക സംഭവത്തെയോ അവസരത്തെയോ ലാക്കാക്കിയും കവി രചിച്ചിട്ടുള്ളതാകുന്നു. ഇവയിൽ അപൂർണ്ണമായുള്ളവയെ പൂർത്തിയാക്കണമെന്നും പുസ്തകരൂപത്തിൽ പ്രസിദ്ധം ചെയ്യുന്നതിനു മുമ്പ് എല്ലാം തന്നെ ഒന്നു മിനുക്കണമെന്നും കവിക്ക് ഉദ്ദേശമുണ്ടായിരുന്നു പൊതുവേ ഒരു വിഷയസാമ്യം മാത്രം നോക്കി ആത്മഗീതങ്ങൾ (Lyrics) തർജ്ജിമകൾ, മംഗളഗാനങ്ങൾ ഇങ്ങനെ പ്രസ്തുത കൃതികളെ തരംതിരിച്ചു ക്രമപ്രകാരം ഇവിടെ ചേർത്തിരിക്കയാണ്. ഓരോ കൃതിയും എഴുതിയ കാലം, അവസരം, അതിന്റെ പ്രസിദ്ധീകരണത്തെപ്പററിയുള്ള വിവരങ്ങൾ മുതലായി വായനക്കാർക്ക് അറിവാൻ ജിജ്ഞാസ

Digitized By Kerala Sahitya Akademi

തോന്നാവുന്ന സംഗതികൾ കഴിവുള്ളത്ര അതാതിന്റെ ചുവട്ടിൽ നോട്ടായി കൊടുത്തിട്ടുണ്ട്. ഈ കൃതികളുടെ പാഠങ്ങൾ ഈയിടെ സ്വീകരിച്ചിട്ടുള്ളതു അധികവും കവിയുടെ നോട്ടുപുസ്തകങ്ങളേയും ചിലതെല്ലാം അച്ചടിപകർപ്പുകളേയും ആധാരമാക്കിയാകുന്നു.

കവിയുടെ പ്രതിഭാവിലാസം, കാവ്യനിർമ്മാണചാതുരി ഇവയുടെ ക്രമപ്രവൃദ്ധമായ വളർച്ചയെ സൂക്ഷിച്ചു മനസ്സിലാക്കുന്നതിന്നു ഈ പ്രസിദ്ധീകരണം അത്യധികം ഉപകരിക്കുമെന്നും ഇതിന്നു ഭാഷാപ്രണയികളുടെ ഇടയിൽ വേണ്ടപോലുള്ള സ്വീകരണം ലഭിക്കുമെന്നും ഉള്ള പ്രത്യാശയോടുകൂടി 'വനമാല'യെ ഞാൻ പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

എന്നു്,

തോന്നയ്ക്കൽ,
4-7-100

കെ ഭാനുമതിഅമ്മ
(മിസ്സിസ് കുമാരനാശാൻ)

Digitized By Kerala Sahitya Akademi

# ഗരിസപ്പാ അരുവി

## അല്ലെങ്കിൽ

# * ഒരു വനയാത്ര

ആറായികൊല്ലമതുമല്ലഥ സംഭവങ്ങൾ
ന്നാറായതിന്നുപരിയെങ്കിലുമോർമ്മതന്നിൽ
മാറാതെ, മേൽ മണൽപെട്ടംനിഴൽപോലെ, പൊങ്ങു–
മാറായി കൌതുകമൊടാവനയാത്രയിന്നും. 1

എന്നല്ലയന്നു സുഖജാഡ്യമിയന്ന ചിത്ത–
മിന്നാന്നിതുൽകലിക യക്കഥപാടുവാനും
സ്പന്ദിച്ചിടാതരിയ പൂമധുവുണ്ടു തെല്ലു
മന്ദിച്ചിരുന്നു മുരളുന്നൊരുവണ്ടുപോലെ. 2

---

* ''മൈസൂറിലെ 'ഗരിസപ്പാ' വെള്ളച്ചാട്ടം ഡാക്ടർ പി. പപ്പുവിനോടും കുടുംബത്തോടുമൊന്നിച്ചു ഞാൻ 1909-ജനുവരിയിൽ സന്ദർശിച്ചു" എന്നു് ഇംഗ്ലീഷിൽ ഒരു കുറിപ്പു നോട്ടുബുക്കിൽ കാണുന്നു. ഈ കൃതി ആദ്യമായി കുറേ ശ്ലോകങ്ങൾ എഴുതി നിറുത്തി. പിന്നെ നാലുകൊല്ലം കഴിഞ്ഞാണു് തുടർന്നതു്. എന്നിട്ടും ഇതു പൂർത്തിയാക്കിയില്ല. അരുവിയേയും അവിടേയ്ക്കു വനത്തിൽ കൂടിയുള്ള യാത്രയേയും വർണ്ണിക്കുന്ന സാമാന്യം ദീർഘമായ ഒരു കാവ്യം എഴുതുവാനായിരിക്കണം കവി ഉദ്ദേശിച്ചിരുന്നതു്. എഴുതിയിടത്തോളം അതിന്റെ ഒരു ആരംഭം മാത്രമേ ആകുന്നുള്ളു. ആദ്യം എഴുതിയ ശ്ലോകങ്ങൾ ''നളിനി" എഴുതിയിട്ടുള്ള നോട്ടുബുക്കിൽ കാണുന്നമാതിരി ഈ കൃതിയുടെ ഒടുവിൽ അനുബന്ധമായി ചേർത്തിരിക്കുന്നു.



Digitized By Kerala Sahitya Akademi

കാണുന്നു ഞാനരുവി വീഴുവതിപ്പൊഴും, മൽ-
പ്രാണങ്ങൾ നിർവൃതികലർന്നതിൽ നിന്നിടുന്നു
വാണിക്കതിൽ തുനിയുവാൻ വിരുതററപോലെ
പോണായതാദൃമതിദൂരവനത്തെ വാഴ്ത്താൻ. 3

•

തുംഗാതടംമുതൽ വടക്കു തുടൻകാണും
ശൃംഗങ്ങൾമേൽമിഴിയെയിന്നുമിഴിച്ചിടുന്നു
തുംഗാനുബന്ധികൾ നഭഃസ്ഥലിതന്നെവേട്ട
ഭൃംഗാസിതച്ഛവികൾ പശ്ചിമപർവ്വതങ്ങൾ 4

ചൊല്ലുക്കൊണ്ടിടുന്ന 'ശിമഗാ' നഗരത്തിൽനിന്നു
മക്കാളവണ്ടിവഴിയേ നെടുരഥ്യയുടെ
ഉൾക്കൊണ്ട കൌതുകമുരപ്പതിനിഷ്ടരെന്യേ
യുൽക്കണ്ഠപൂണ്ടു വനഭ്രവണയുന്നിതാ ഞാൻ. 5

സാലങ്ങൾവിട്ടുപരി പൂങ്കൊടിസഞ്ചരിക്കു-
മ്പോലംബരത്തിൽ മയിൽ വട്ടമിടും വനങ്ങൾ
ഹാ! ലക്ഷ്യമായി, നടകൊൾവൊരുഗന്ധശൈല-
ജാലംകണക്കലയുമാനയെഴും സ്ഥലങ്ങൾ. 6

തൽസീമതന്നില'യന്തൂരി'ലൊരേടമെത്തി
മൽസൌഹൃദൈകനിധിവാഴ്‌വതു നോക്കി നോക്കി
ഉത്സാഹമത്ഭുതമിവററയൊടെൻെറയുള്ളി-
ലൌൽസുക്യവും തരയുമായ്‌വഴിനീങ്ങിടുന്നു. 7



Digitized By Kerala Sahitya Akademi

ആരണ്യപുഷ്പനിരയല്ലഥ ബംഗളൂരു-
ള്ളാരാമരമ്യ കുസുമോൽകരമൊന്നുമല്ല
ദൂരത്തിലാപ്രിയതയാർന്നമുഖങ്ങളൊട്ടു
താരങ്ങൾതാണവിടെ നില്പതുപോൽസ്ഫുരിപ്പൂ. 8

ചിന്തിക്കിലിന്നുമതഹോ നവഹർഷബാഷ്പം
ചിന്തുന്നു കണ്ണി,ലതിരറ്റെഴുമപ്രമോദം
സ്വന്തംഗൃഹങ്ങളിലുമിഷ്ടരണഞ്ഞിടുമ്പോ-
ളെ,ന്താകണം കഥ വിദേശവനാന്തരത്തിൽ! 9

സ്നേഹം ജഗത്തിതിനു ജീവതമാം നിനയ്ക്കിൽ
മോഹാന്ധജീവിതമതിന്നുമഹോ വിളക്കാം
ആകാന്തകോശമിഹ ഞാനെഴുതീടിലേകം
സ്നേഹത്തിനാത്മസുഖമെന്നൊരു സംജ്ഞകൂടി. 10

ലോകാന്തരാഗമിയലാത്തവരേ, നരന്റെ-
യാകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ
ഏകാന്തനിർമ്മമതരേ, വെറുതേ വനത്തി-
ന്നേകാന്തമാംഗൃഹവെടിഞ്ഞു വെളിപ്പെടായ്‌വിൻ. 11

എത്തുന്നതേ മിഴിയിലെന്നിലുദിക്കുമമ്പാൽ
വിസ്താരിതേക്ഷണമെഴും സുമുഖൻ സഖാതാൻ
പ്രത്യക്ഷമായ്‌ വിദുഷിയാം പ്രിയയോടുമെന്മേ-
ലത്യന്തമുൾപ്രിയമിയന്ന കിടാങ്ങളോടും 12



Digitized By Kerala Sahitya Akademi

ഓക്കുന്നിതങ്ങവർ മുസാവരിതന്നിലെന്നെ-
പ്പോക്കുന്നതും കളികഴിഞ്ഞുകതൂഹലത്താൽ
നോക്കിന്നുനോക്കു, മകമേ പ്രിയമേലുദമാരോ-
വാക്കിന്നുവാക്കുമരുളുന്നതുമുണ്മതും ഞാൻ 13

ചിന്തിപ്പു പോയൊട്ടുവിലച്ചെറുകാനനത്തിൻ
ചന്തങ്ങൾ കണ്ടിടയിൽ നില്പതിരിപ്പതും ഹാ!
സന്തുഷ്ടിപൂണ്ടുഴറി ഞങ്ങൾ നികേതനത്തി-
ലന്തിക്കുമുമ്പണവതും പതഗങ്ങൾപോലെ. 14

പാരംതെളിഞ്ഞ ഹൃദയങ്ങളിലന്നു കണ്ട-
തോരോന്നുമാത്ര നിഴലി കിനാവുകണ്ടും ച്ച
തീരാത്ത കൊതുകഭരത്തൊടടുത്തനാൾ ഹാ!
നേരം വെളുപ്പതിനുമുമ്പുണരുന്നു ഞങ്ങൾ. 15

ആലോലമൃതുമൊരു കാററിലഹോ ജനത്തി-
ന്നാലാപമേതുമിയലാത്ത വനാന്തഭൂവിൽ
കാലത്തുണർന്നു കളനാദമെഴുന്ന പക്ഷി
ജാലങ്ങൾ പാടിടുവതാത്മസുഖംതരുന്നു, 16

പോകാതയും ശിശിരമുത്ഭടപുഷ്പകാല-
മാകാതെയും സ്വയമുഷസ്സിൽ ഹിമാർദ്രമായും
ഏകുന്നു കൗതുക, മിളംതളിരാൻ, കന്യാ-
പാകത്തിൽനിന്നു, പരിശുദ്ധവനാന്തഭംഗി. 17



Digitized By Kerala Sahitya Akademi

കാണുന്നു ഞങ്ങളുണപൊട്ടിയപോൽ കിഴക്കു
ചേണാർന്നചിന്തുമരുണാരുണകാന്തിപൂരം
ക്ഷോണീതലം നിറവതും ഹിമശീകരങ്ങൾ
മാണിക്യശോഭ തടവുന്നതുമൊട്ടുനേരം. 18

അന്നന്തിയാവതിനകം 'ബനവല്ലി!'യെത്താ–
നൊന്നിച്ചു കൗതുകമൊടൊത്തുതിരിച്ചു ഞങ്ങൾ
ചെന്നീടവേ ധരയുമംബരവും മറച്ചു,
നിന്നീടുമായടവിയുള്ളമലച്ചു പാരം. 19

മെല്ലെന്നു ശാഖികളിലൂതിയകാററിലുമ്മി–
തല്ലുന്നപോലിളകിനിന്ന മഹാവനത്തിൽ
ഉല്ലാസമാർന്നു നടവേ മുഴുകുന്നു ഞങ്ങ–
ളെല്ലാവരും കടലിൽ മത്സ്യഗണം കണക്കെ 20

സൂര്യൻ പുറത്തെഴുമിരുട്ടുമകത്തു കാററിൻ
കാര്യംവെടിഞ്ഞ നിലയും സുഖമാം തണുപ്പും
പര്യാകുലം കിളികൾതൻസ്വനവും മരത്തിൻ–
നിര്യാസഗന്ധവുമഹോ കവരുന്നു ചിത്തം. 21

നോക്കുന്നദിക്കുകളിലൊക്കെ മഹാതരുക്കൾ
പൂക്കും മഹാലതകൾ ഭൂമിമുളന്തടങ്ങൾ
നില്ക്കാതെ വെള്ളിലകൾ വീണവ മെത്തയായു–
ള്ളക്കാട്ടിലെത്തറകളാരിഹ വാഴ്ത്തുമെല്ലാം! 22



Digitized By Kerala Sahitya Akademi

ഓടിപ്പൂ ബാഹ്യകരണങ്ങളെ ഞങ്ങൾ, കാട്ടിൻ
മോടിപ്രഭാവമതിലങ്ങവ മങ്ങി നിൽപൂ
ക്രീഡിച്ചുവാടിയ കിടാങ്ങൾ കണക്കെ വൃഷ്ടി
താഡിച്ചു പിച്ചിമലരിൻ നികരം കണക്കെ. 23

കണ്ടാമദനാജ്ഞതകൾ കട്ടികൾ വിസ്മയിച്ചു-
കൊണ്ടാശു ഞങ്ങടെ മുഖങ്ങളിൽ നോക്കിയും ഹാ!
കൊണ്ടാടിഞങ്ങളിതരേതരവും മിഴിച്ചു
മിണ്ടാതിരിപ്പു ശിവനേ! മൊഴി തോന്നിടാതെ. 24

പെട്ടെന്നു ഞങ്ങളൊരലൗകികമാം സ്വപ്നത്തിൽ-
പ്പെട്ടെന്തിവണ്ണം?—മഥവാ സ്വയമാദിശക്തി
വെട്ടിത്തെളിച്ചു വികൃതാകൃതിയാക്കിടാതെ
വിട്ടുള്ള ഭൂപ്രകൃതി ഭംഗിയിൽ വാഴ്‌വുദേഹി. 25

ഓടാതെ, കണ്ഠമണിനാദമെഴാതെ, ഭക്തി-
തേടുന്നവാറിവിടെ മന്ദമഹോ നടപ്പൂ
ഈട്ടാർന്നവണ്ടിയെയിഴച്ചിണയൊത്ത മൈസൂർ-
മാട്ടും മലഞ്ചരിവിൽ വെണ്മുകിലിൻദ്വയം പോൽ. 26

ഒട്ടപ്പുറത്തുടനെ ഞങ്ങൾ ദിനേശരശ്മി
പെട്ടങ്ങുമിങ്ങുമിടവിട്ട മരങ്ങൾ കണ്ടു
പെട്ടെന്നു വീർപ്പുതടവൂ, മനവും കിനാവു
വിട്ടങ്ങുഷസ്സിലുണരും ശിശുപോൽ കളിപ്പൂ. 27



Digitized By Kerala Sahitya Akademi

നൂനം മനോഹരവനങ്ങളിലിച്ഛപോലെ-
യാനന്ദമാർന്നു മരുവും ചരജീവിവൃന്ദം
ജ്ഞാനം ഗ്രഹിക്കുകിലവറ്റയിലേകമാവാൻ
ഞാനെപ്പൊഴും മതിയിൽ മോഹമിയന്നിടുന്നു. 28

നില്ക്കാമടുത്തിവിടെയാന മുളന്തടത്തിൽ
ഇക്കണ്ട വള്ളിമറയിൽ കടുവാകിടക്കാം
അക്കാട്ടുമാർത്തടവിയിൽ പ്രണയം വിടുന്നി-
ല്ലുൾക്കാമ്പു പേടിയറിയാ സുഖമാറിടുമ്പോൾ. 29

വിണ്ണുറ്റമാഞ്ഞു വളരും മുളതന്റെ മേലിൻ
കണ്ണുറ്റ പീലിസമമാം തഴ കാറ്റിലാടി
തിണ്ണെന്നഴുക്കുകൾ തുടച്ചു നഭസ്സിൽ നീല-
വർണ്ണം പുതുക്കിടുകയല്ലി വസന്തമെത്താൻ? 30

കെട്ടിജ്ജിത്തുക്കളെയിഴച്ചു മരത്തിലൊന്നു
വിട്ടൊന്നിലൂക്കൊടു കുരങ്ങുകൾ ചാടിടുമ്പോൾ
പൊട്ടിച്ചിരിച്ചു വഴിമേലരുളുന്നു ഞങ്ങൾ-
ക്കൊട്ടേറെ മോദമതിവിസ്മിതരാം കിടാങ്ങൾ. 31

പോയാശു ഞങ്ങളഥ വണ്ടിയിൽ നിന്നിറങ്ങി
സായാഹ്നശോഭയതു കണ്ടു നടന്നു മന്ദം
ആയാസമെന്നിയണയുന്നു ഖഗങ്ങൾ കൂടും
തോയാശയത്തിനരികിൽ ചെറുബങ്കളാവിൽ 32



Digitized By Kerala Sahitya Akademi

നില്ലാതെപോയ് ശിശിരമേറെ വിടർന്നപൂക്ക-
ളില്ലായ്കിലും നെടിയപൊയ്ക തരുന്നമോദം
വല്ലാത്ത രോഗവിഷമസ്ഥിതി വിട്ടുമെല്ലെ-
യുല്ലാസഭാവമെഴുമിഷ്ടജനം കണക്കെ. 33

ആർത്തുംവിളിച്ചുമടിയിൽ ചിറകാഞ്ഞടിച്ചു
നീർത്തുള്ളിപാറി നിരയായ് നിരയായ് പറന്നും
ചേർത്തും ജലോപരി പതിച്ചുമുഴന്നുപക്ഷി-
ച്ചാർത്തൽപതിച്ചുമിതചേക്കതിരിഞ്ഞിടുന്നു. 34

മേയുന്ന കാലികളുമൊത്തിടയക്കിടങ്ങൾ
പോയുള്ള പുല്ലുകൾ നിറഞ്ഞ നിലത്തിലൂടെ
തേയാത്തൊരോർമ്മതരുമപ്പുകൽ പൊയ്കവക്കിൽ
മായുന്നതോർത്തവിടെ ഞങ്ങൾ നടന്നിടുന്നു. 35

ദൂരത്തു പശ്ചിമതടത്തിലെരിഞ്ഞടങ്ങും
സൂര്യന്റെ കാന്തിയുമിരുട്ടുമിടഞ്ഞിടുന്നു.
ഊരിൽകൊളുത്തിയ വിളക്കുകൾ പൊങ്ങിടാത്ത
താരങ്ങൾപോലകലെ മങ്ങിവിളങ്ങിടുന്നു. 36

മേടാകമസ്ഥലമതിൽ ചെറുബങ്കിളാവിൽ
കൂടാരമപ്പരിജനങ്ങളൊരുക്കിമുമ്പെ
വീടാക്കിയൂണിനുമുറക്കിനുമേതുമല്ലൽ
കൂടാതെ രാത്രിയിലതിൽ കഴിയുന്നു ഞങ്ങൾ. 37



Digitized By Kerala Sahitya Akademi

മിണ്ടാതെ കട്ടികൾ കിടക്കയണഞ്ഞു, കുമ്പും
തണ്ടാരപോലെ മിഴിപൂട്ടിയുറങ്ങിടുമ്പോൾ
കണ്ടാളെഴാത്ത മലനാട്ടിലെ രാവു ഞങ്ങൾ
രണ്ടാമത്തും വെളിയിലെത്തിയിരുന്നിടുന്നു. 38

അന്തിക്കു മൊട്ടുകൾ വിടന്നൊരു കാട്ടുമല്ലി
ചിന്തുംമണത്തൊടു തണുത്തു കൊഴുത്തതെന്നൽ
പന്തിക്കു ചെററ പനിനീരുപൊടിഞ്ഞു വീശി-
യെന്തുള്ളലിഞ്ഞു കളഭം കടയുന്നതല്ലീ? 39

ചാരത്തു കായ്നിര പഴുത്തു മണംകലന്ന
പേരാലിൽ വന്നു കടവാതിൽ നിറഞ്ഞുപോയി
നേരെ നിലാവതിൽ മൂതിൻ്റ പറന്നു മൂങ്ങ-
യോരോരു മൂലകളിൽ മൂളിയിരുപ്പുമായി. 40

എങ്ങും പരക്കമൊരു മൂടലിയന്നമങ്ങു-
മിങ്ങും ചടച്ചുവിളറം ചെറുകൊണ്ടലാൻ്റം
മങ്ങുംനിലാവിൽ മരവും നിഴലും നിലത്തി-
ലങ്ങങ്ങു രാവിരുള്ള കൂട്ടുവതോനിരത്താൻ? 41

ഏറന്നൊരിമ്പമതിനാൽ മൊഴിവിട്ടു ഞങ്ങൾ
കൂറാന്നിടുന്നു തനിയേ വെറുതേയിരിപ്പിൽ
* പാരിൽ പരേല സുഖമയൂർഖഗണത്തിനൊററ
വേരായടിക്കു വിലസും രവി മൗനമത്രെ. 42

---

* പാരിൽ പെടുന്ന സുഖമാം നിഴലിൻെറ പിന്നിൽ
വേരായൊരുണ്മ മരുവുന്നതു മൗനമത്രെ.

(ആദ്യം എഴുതിയതും വെട്ടാത്തതുമായ ഈ പാഠംകൂടി നോട്ടു ബുക്കിൽ കാണുന്നു)



Digitized By Kerala Sahitya Akademi

വിട്ടങ്ങിരിക്കയെയുടൻ മലർപ്പായൊഴിഞ്ഞ
ഞെട്ടാക്കിയുള്ളിലണയും തനതോമലാളെ
ഒട്ടോർത്തിരുന്നിനിയതോഴർത്തുടൻപോയ
മട്ടും മറന്നവിടെ ഞാൻ തനിയെയിരിപ്പൂ. 43

വായ്ക്കുന്നതല്ല മതിയാന്ന വെളിച്ചമെങ്ങും
നോക്കുന്ന താരകകൾ നിന്നു മയങ്ങിടുന്നു
കേൾക്കുന്നതുണ്ടു ചെറുകാററിന്നിരച്ചിൽ മെല്ലെ
കൂക്കംവലിച്ചുലകതന്നെയുറങ്ങുകല്ലീ? 44

(അപൂർണ്ണം)

അനുബന്ധം

രണ്ടായികൊല്ലമതുമല്ലിതിനുള്ളിലേറെ–
യുണ്ടായി സംഭവമിതൊക്കെ മറക്കിലും താൻ
തിണ്ടാടിയാത്മയിലഹോ നിഴൽപോലെ പൊങ്ങു–
ന്നുണ്ടാകുലൂഹവുമാ വനയാത്രതാനും. 1

എന്നല്ലയന്നു സുഖമൂകതയാർന്ന ചിത്ത–
മിന്നോറമൽകലികയാർന്നിതു പാടുവാനും
സ്പന്ദിച്ചിടാതെ പുതുപുളകവുണ്ടു പാരം
മന്ദിച്ചിരുന്നു മുരളുന്നൊരു വണ്ടുപോലെ 2



Digitized By Kerala Sahitya Akademi

കാണുന്നുമുമ്പരുവി ഞാൻ, അതിൽനിന്നിടുന്നെൻ-
പ്രാണങ്ങൾ നിർവൃതികലർന്നിടുന്നെങ്കിലും താൻ
വാണീമതീയയതിൽ വൈഭവമററപോലെ
പോന്നിന്നു പിൻവഴിയിലൂള്ള വനാന്തരത്തിൽ. 3

തുംഗാതടം മുതൽ വടക്കു തുടർന്നുകാണും
ശൃംഗങ്ങൾമേൽ മിഴിയെയിന്നുമിഴിച്ചിടുന്നു
തുംഗാനുബന്ധികൾ നഭഃസ്ഥലിതന്നെവെട്ട
ഭൃംഗാസിതച്ഛവികൾ പശ്ചിമപർവ്വതങ്ങൾ. 4

ഹാ! ലക്ഷ്യമായി ലളിതജംഗമഗന്ധശൈല
ജാലത്തൊടൊത്ത ഗജയൂഥസമാകുലങ്ങൾ
സാലങ്ങൾ വിട്ടിത ലതാവലയം പറക്കും-
പോലംബരത്തിൻ മയിൽവട്ടമിടുംവനങ്ങൾ. 5

വാഴ്കും സുഖം വിജനനാഗരികാസമാകാ-
താക്കീയിനിക്കു നിധി, കണ്ടായി (?) സൗഹൃദത്താൽ
ആക്കാട്ടുകാൺമതിനണഞ്ഞ 'സന്തൂരി' ലെന്നെ-
ക്കാക്കുന്നൊരാപ്രിയമുഖങ്ങളെയന്നിതാ ഞാൻ. 6

ആഹാ സുഹൃത്തമസമാഗമസൗഖ്യമെത്ര
മോഹാസ്പദം സ്വയമതും പുനരന്യനാട്ടിൽ
സ്നേഹാകുലതയൊടു പിന്നൊരുകാട്ടിൽ—ഏതു
സൗഹാർദ്ദഹാർദ്ദതയൊഴിഞ്ഞഥവാ സുഖം താൻ. 7

ലോകാന്തരാഗവിമുഖാരമഗണങ്ങളേ, മ-
ർത്ത്യാകാരമാർന്നിവിടെ നിങ്ങൾ ജനിച്ചിടായ്‌വിൻ
ഏകാന്തനിർമ്മതരേ, ബത! നിങ്ങൾ നാട്ടി-
ലേകാന്തമാം ഗുഹയിൽനിന്നു പുറപ്പെടായ്‌വിൻ. 8



Digitized By Kerala Sahitya Akademi

നെഞ്ചൊത്തുകൂടിയുരുനിർവൃതിയാർന്നു നീളെ
ചഞ്ചൊത്തെഴുന്ന വനശോഭകളാസ്വദിപ്പാൻ
ചാഞ്ചാട്ടമിന്ദ്രിയപശുക്കളെ മേച്ചുപോന്നു
വാഞ്ഛാനുകൂലമിത ഗോപർകണക്കെ ഞങ്ങൾ. 9

പോകാതെയും ശിശിരമുത്കടപുഷ്പകാല–
മാകാതെയും ദിനമുഖങ്ങളിലാർദ്രമായും
ഏകുന്നു കൗതുകമിളന്തളിരാർന്നു കന്യാ–
പാകത്തിൽനിന്നു പരിശുദ്ധവനാന്തഭംഗി. 10

അഗ്രാഭകേണ്ടന്നയുമാററിയാതെയക്ഷ–
പ്രഗ്രാഹി ഞങ്ങളെയിതാ കബളീകരിച്ചു
അഗ്രാഹ്യസീമമതിദുർഗമമാളെഴാത്തൊ–
രുഗ്രാടവീതടമുദാരമനാഭിരാമം. 11

(അപൂർണ്ണം)

---



Digitized By Kerala Sahitya Akademi

# * കളകണ്ഠഗീതം

ഇമ്പം തരുമീമധുയൌവ്വനവും
സമ്പത്തുമനിത്യമെടോ സകലം
ശംഭുസ്തുതിചെയ്യുക ചൂതമര-
ക്കൊമ്പിൽ കുടിയാർന്ന കരുങ്കുയിലേ. 1

വാടുന്നിത, വീണഴിയുന്നു, മണം
തേടുമ്മലരിമ്മലർവാടികളിൽ;
വാടാതവയില്ല ശിവൻകഴലാ-
മേടാർമലരെന്നിയിളംകുയിലേ. 2

കണ്ടോ കമനീയതയാൻ മദം
പൂണ്ടേറെയിയന്നൊരു പൂങ്കുഴലീ
തെണ്ടുന്നിത നിന്ദിതയായ് ജരയാ-
ലുണ്ടോ നിലയൊന്നിനുമെൻകുയിലേ 3

---

* ഇതു് "എൻ കുമാരനാശാൻ അവർകളുടെ പഴയ കൃതികളിൽനിന്നു്" എന്ന നോട്ടോടുകൂടി "വിവേകോദയ"ത്തിൽ പ്രസിദ്ധംചെയ്തിട്ടുള്ളതാണു്. അതിൽ പേരു കാണുന്നില്ല. ഇവിടെ കാണുന്ന പേരു് ഐകരൂപ്യത്തിനുവേണ്ടി ചേർത്തതാകുന്നു.



Digitized By Kerala Sahitya Akademi

രംഭോരു രതിക്കു സമാനയെടൊ
കുംഭസ്തനി കോമളഗമനിയിവൾ,
ശംഭോശിവജർജ്ജരയായുഴിയും
പൈമ്പാൽമൊഴി പാടിവരുങ്കയിലെ. 4

അയ്യോ! യിതുകാലമതാം കനൽക്കൈ
ചെയ്യും ചിതയും ചുടുകാടുമെടൊ
നിയ്യാഴരുതിന്നിതിലുണ്ടു ശിവൻ
കയ്യാളുമവൻ കരുമാംകയിലെ. 5

കാണ്മാനുമുമാരമണൻകഴൽ നീ
പൂണ്മാനുമിയറവുക മോഹമെടൊ
താമ്രാധരിയിൽ കൊതി കുത്സിതമാ-
മാമ്രാടവിയാണെന്നോഴമാൺകയിലെ. 6

ആരാലുമമേയനഖണ്ഡസുഖാ-
കാരൻ, കരുണാമൃതമേനിശിവൻ
ആരായുകിലാശ്രയമാമവനിൽ
ചേരാത നരൻ നരനോ കയിലെ? 7

പാരാകി പുരന്ദരജാലമതിൽ
നേരായതു നിർമ്മലബോധമെടൊ
ഓരാകിലമൂഴിയിലുള്ളവനി–
ന്നാരാകിലുമല്ലനവൻ കയിലെ. 8



Digitized By Kerala Sahitya Akademi

ആഹാരവിഹാരമിവററിലെഴും
മോഹാദിമൃഗത്തിന്നൊപ്പമെടൊ
ദേഹാദികൾ ഭൗതികമാണതിലെ–
ന്താഹാ! പറകന്തരമെൻ കയിലെ. 9

തെല്ലേറെ വിവേകികൾ മാനവരാം
നല്ലോരതിൽ നല്ല വിവേകികളാം
എല്ലായറിവും ശിവദനേകനെടോ
മല്ലീലത ചൂടിയ മാംകയിലെ. 10

ഏതിൽത്തടയുംനിജബോധമതാ–
ണോതീടുകിൽ ജീവിതമായതെടോ
ചേതസ്സുശിവങ്കലമർത്തുകിലീ
നീതാനവനാംനവമാങ്കയിലെ. 11

ഓരോന്നിലുമിന്ദ്രിയഗോചരമാ–
യോരുന്നവയല്ല യഥാർത്ഥമെടോ
നേരല്ല നഭസ്സിനു നീലിമ നൽ–
താരേറിയ തൈമധുമാങ്കയിലെ. 12

കാണുന്നവ തത്വവിവേചനയിൽ
കാണാതണുവായണുവായഴിയും
ഏണാങ്കധരൻ കഴൽ നിൽക്കുമെടൊ
വാണീജിതവൈണികമാം കയിലെ. 13



Digitized By Kerala Sahitya Akademi

ബോധത്തിലഴിഞ്ഞവരബോധമതാം
ബോധിപ്പവനാമവനെ ശിവനാം
ഏതും ചലിയാതെയിരിക്കയിലും
വാതാവിലവാർവനമാം കയിലെ. 14

ഭേദങ്ങൾ പറഞ്ഞു പടൻവരും
വാദങ്ങൾ വരുത്തുമനർത്ഥമെടോ
വേദങ്ങൾ തിരഞ്ഞറിയാവടിവിൽ
പാദംപ്രതി പാടുക നീ കയിലെ. 15

ബോധം വിഷയം പ്രതിനിൽക്കുകയാ-
ലേതിന്നുമെഴും പ്രതിപക്ഷമെടോ
വാദങ്ങളൊഴിഞ്ഞതു വാസ്തവമാ-
മാധൂതവനാളിയിലും കയിലെ. 16

ശേഷിപ്പതു ബോധമയൻ ശിവനാം
ശേഷങ്ങളവൻെറ വിഭൂതികളാം
ശേഷിക്കയുമില്ലവ ചിന്മയനിൽ
ഭാഷാജിതപൂമധുവാം കയിലെ. 17

ദോഷാകരനും നിജ ദീധിതിയും
ദോഷേതരമോക്കുകിലേകമെടോ
ശേഷിപ്പൊരു ചിദ്ദ്യുതിയും ശിവനാം
യോഷാവചനാരവമാം കയിലെ. 18



Digitized By Kerala Sahitya Akademi

ഇല്ലാത വിദ്വേഷമൊഴിഞ്ഞിട്ടമാ-
റെല്ലാം സ്വയമസ്ഥിതയാകമെടോ
കല്ലോലമടങ്ങിയ വൻകടൽപോ-
ലെല്ലാം സുഖമാകമെടോ കയിലെ. 19

ഈ തത്വമറിഞ്ഞിഹ പാട്ടകിൽ നിൻ
ഗീതത്തിന്റ മാധുരി കൂട്ടമെടോ
ആതങ്കമകന്നനപായരസം
ചേതസ്സു ഹരിക്കമെടോ കയിലെ! 2)

---

## * ഒരു പാട്ട്

---

("മംഗളമാന്റു വാഴണെ" എന്ന മട്ട്)

സോദരരെ! നിങ്ങൾ സുഖ-
മേറ്റരമെന്നും ജയിക്ക!
സോദര മുന്നതി വരാൻ
ഖേദരഹിതം ശ്രമിക്ക!—സോദരരെ. 1

സിംഹളർ, തീയർ, സേവകർ,
സംഹതിയൊന്നപരോക്ഷം
നന്മയൊടു കേരളത്തിൽ
നമ്മൾ പതിന്നാലുലക്ഷം—സോദരരെ. 2

---

* 1082 വൃശ്ചികം ലക്കം "വിവേകോദയം"



Digitized By Kerala Sahitya Akademi

ന്നമൊരുതൃണം ബല-
ഹീനമതിന്റെ സംഹതി
പീനപാശമാകിൽ മദ-
യാനയെ പൂട്ടുവാൻ മതി—സോദരരെ. 3

അംബുധി ഭയങ്കരമി-
തംബുബിന്ദുരാശിയല്ലൊ
ഉമ്മലകൾതന്നെ ചെറ-
ുൺമണിതിരകളല്ലൊ—സോദരരെ. 4

ചെറുതുവിനൊന്നായി യത്നം
പാരമാർന്നു നേടിൻ പുകൾ
വാരിധി കീടങ്ങൾ മണ്ണു
കോരിയുണ്ടാക്കി ദ്വീപുകൾ—സോദരരെ. 5

തണ്ടയിൽ ശോഭിപ്പിച്ചതേ
പണ്ടു നാം പാടനിലങ്ങൾ
കണ്ടതയെന്നിയെ കൃഷി-
കൊണ്ടുമാവെറുനിലങ്ങൾ—സോദരരെ. 6

മന്നിലേവനും വരുന്നി-
തുന്നതി പരിശ്രമത്താൽ
മന്നവനും മടിയാലെ
മാനപ്രത കെടും ക്രമത്താൽ—സോദരരെ. 7



Digitized By Kerala Sahitya Akademi

വിദ്യയും ധനവും വരാൻ
ഉദ്യതരായ് പൊരുതുവിൻ
സത്യവും നീതിയും കല-
കൃത്യമെന്നു കരുതുവിൻ—സോദരരെ. 8

ഒത്തൊരുമയോടാനായും പൊതു-
വൃദ്ധിയൊക്കുവിനകമേ
നിത്യവും രക്ഷിച്ചൊരുമൈ
മത്യമാം കോട്ട (?) പുറമേ—സോദരരെ 9

തങ്ങൾ തങ്ങളെത്തുണപ്പോർ
തങ്ങളെ ദൈവം തുണയ്ക്കും
നിങ്ങളതുനിനയ്ക്കുവിൻ
മംഗളം മംഗളം പ്രിയ—സോദരരെ 10

---

# * ഒരു തീയക്കുട്ടിയുടെ വിചാരം

---

മായാതസൂയകൾ വളർന്നു മനുഷ്യരീശ-
ദായാദരെന്ന കഥയൊക്കെയഹോ! മറന്നു
പോയുഴിയിൽ പഴയ ശുദ്ധഗതിസ്വഭാവം
മായ്ക്കുളായ് ജനത മത്സരമായി തമ്മിൽ. 1

---

* 1083 മിഥുനം കർക്കടകം ലക്കം ''വിവേകോദയം''



Digitized By Kerala Sahitya Akademi

ചിന്തിച്ചിടുന്നൊളിമകണ്ടു ചവിട്ടിയാഴ്ത്താൻ,
ചന്തത്തിനായ് സഭകളിൽ പറയുന്നു ഞായം;
എന്തോർക്കിലും കപടവൈഭവമാർന്നലോകം
പൊന്തുന്നു, സാധുനിര താണു വശംകെടുന്നു. 2

വിദ്വാനു പണ്ടിഹ ദരിദ്രതയിന്നു പാരിൽ
വിദ്യാവിഹീനനതുവന്നു വിരോധമില്ല,
വിദ്യയ്ക്കുപണ്ടു വിലവാങ്ങുകയില്ലയിപ്പോ-
ളുദ്യുക്തനും ധനമൊഴിഞ്ഞിതു കിട്ടുകില്ല. 3

എന്നല്ലയാംഗലകലാലയക്ലിപ്തവിദ്യ-
യൊന്നെന്നി യുന്നതിവരാനിഹമാർഗ്ഗമില്ല;
എന്നാൽ പഠിക്കുവതിനോ ധനമേറെവേണ-
മിന്നോർക്കിൽ നിസ്വരിഹ നമ്മുടെ കൂട്ടരെല്ലാം 4

ചൊല്ലാനുറച്ച തറവാടുകളേറെയില്ല,
യില്ലിന്നുയർന്ന പണിയുള്ളവരേറെ നമ്മിൽ
മെല്ലെന്നു താഴ്മുയരാ യിനിയൊന്നു രണ്ടാം
വല്ലോരു * മാക്കിൽ—വലുതാം സമുദായമല്ലോ? 5

---

* വിവേകോദയത്തിൽ അച്ചടിച്ചുകാണുന്ന പാഠമാണിതു്. ''വിചാരിച്ചാൽ'' എന്നർത്ഥത്തിൽ 'ഓർക്കിൽ' എന്നായിരിക്കുമോ കവിപ്രയോഗം?



Digitized By Kerala Sahitya Akademi

കഷ്ടം! കഴങ്ങിയിഹ നമ്മുടെഭാവി, കണ്ടു
തുഷ്ടിപ്പെടാം ചിലരിതോക്കുകിൽ, നാമതോരാ,
ദിഷ്ടം നമുക്കു കറവായ്, സമുദായക്കാര്യ-
മിഷ്ടപ്പെടുന്നവരു മില്ലിഹ ഭൂരി നമ്മിൽ. 6

വിദ്യാവിഹീനതവരട്ടെ യിവക്കുമേലി-
ലുദ്യോഗവും ബലവുമിങ്ങിനെ പോട്ടെയെന്നാം,
വിദ്യാലയം ചിലതഹോ! തടയുന്നു നാട്ടിൽ
വിദ്യാർത്ഥിമന്ദിരമതും ചില നിഷ്കൃപന്മാർ. 7

എന്തിന്നു ഭാരതധരേ! കരയുന്നു? പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണു തായെ,
ചിന്തിക്ക, ജാതിമദിരാന്ധ,രടിച്ചു തമ്മി-
ലന്തപ്പെട്ടും തനയ,രെന്തിനയേ! സ്വരാജ്യം? 8

ഈ നമ്മൾ നമ്മളുടെ നന്മ നിനയ്ക്കുന്നല്ല,
ശ്രീ ജ്ഞാനമാക്കുമുളവാമിഹ യത്നമാർന്നാൽ,
ഹാ! നമ്മിലീശകൃപയാലുയരുന്നു ഭാഗ്യം!
'ശ്രീ-നാ-ധ-പാ'ഖ്യകലരുന്നമഹാർഹ'യോഗം' 9

സ്വാന്തത്തിൽ നാം സഹജരെ, സ്വയമൈകമത്യ-
മേന്തി ശ്രമിക്കിലതു സദൃഢമാമുറപ്പിൻ
കാന്താംശസങ്കലിതഃമനി കൃപാലുദേവൻ
താന്താൻ തുണപ്പവരെയാണു തുണപ്പതോർപ്പിൻ. 10

---



Digitized By Kerala Sahitya Akademi

## ★ അച്ഛൻ

പള്ളിക്കൂടം വിട്ടു സായം പടിക്കൽ
തുള്ളിച്ചാടിച്ചെന്നു ഞാനെത്തിടുമ്പോൾ
തള്ളിക്കാര്യം സർവ്വമെന്നച്ഛനെന്നിൽ
കൊള്ളിക്കുന്നു നോട്ടമെന്നും കൃപാർദ്രൻ. 1

ജോടും മുണ്ടും പുസ്തകം പന്തുമെല്ലാം
മേടിച്ചേകുന്നെന്റെറപ്പാഠം കഴിഞ്ഞാൽ
കൂടിക്കേളിക്കില്ലിനിക്കാരുമെങ്കിൽ
കൂടുന്നച്ഛൻ—ബാലനല്ലെങ്കിലും താൻ. 2

രണ്ടാളും ഹാ! ഞങ്ങൾ കണ്ണാടിതന്നിൽ
കണ്ടാൽ തോന്നും കൗതുകം സ്വല്പമല്ല
ഉണ്ടാം ഛായയ്ക്കച്ഛനരം വലിപ്പം
കൊണ്ടോ ഭേദം തെല്ലുതാൻ ശ്മശ്രുകൊണ്ടോ? 3

ഖേദിച്ചുള്ളിൽ ചിന്തപൂണ്ടാലുമച്ഛൻ
മോദിച്ചീടുന്നെൻമുഖം കാൺകിലപ്പോൾ
വാദിച്ചോതാമമ്മയോടും—സ്വയം ഞാൻ
ചോദിച്ചാലേകാത്തതില്ലത്യുദാരൻ. 4

---

* ഈ കൃതി "പദ്യപാഠാവലിയിൽ ചേർക്കുന്നതിനായി മിസ്റ്റർ മേനോന്റെ ആവശ്യപ്രകാരം എഴുതിയതു്" എന്ന കുറിപ്പോടുകൂടി "കൊച്ചുകിളി" 'തോട്ടത്തിലെ എട്ടുകാലി" 'പൂക്കാലം' മുതലായ കൃതികൾ എഴുതീട്ടുള്ള നോട്ടുബുക്കിൽ കണ്ടതാണ്. ഇതു് പ്രസിദ്ധം ചെയ്യാൻ കവി ആക്കം കൊടുത്തതായി അറിയുന്നില്ല.



Digitized By Kerala Sahitya Akademi

ഗേഹത്തെക്കാൾ സ്വത്തിനെക്കാളുമച്ഛൻ
സ്നേഹിച്ചീടുന്നമ്മയെക്കാളുമെന്നെ
ആഹാ! വാച്ചേറുന്നു കൂറിന്നിനിക്കും
ദേഹം രണ്ടീ ഞങ്ങളൊന്നാണു നൂനം. 4

എന്നീവണ്ണം തോഴരോടായ്ക്കിനാവിൽ
ചൊന്നോരുണ്ണിക്കുള്ളുറങ്ങും ശിരസ്സിൽ
ചിന്നും ഹർഷത്തോടണഞ്ഞച്ഛനാമാ-
ധന്യൻ ചുംബിച്ചാനറിഞ്ഞീല ബാലൻ. 6

---

## * ഒരു സന്ധ്യ

---

ഉളവായിടുന്നു സുഖമേറ്റമുള്ളിലെൻ
കളുർപശ്ചിമാംബുനിധിവായുപോതമേ,
പൊളിയാക്കിയുഷ്ണകഥ നീ തലോടവേ
പുളകം വരുന്നു, പെരുകുന്നു കണ്ണുനീർ. 1

ഇടവത്തിലും വലിയ ചൂടുമൂലമാ-
യിടരാർന്നു നിന്നെ നിരൂപിച്ചണഞ്ഞു ഞാൻ
വിടപിവ്രജത്തിൽ വിടരുന്ന പൂമണം
തടവീടുമീ യുപവനത്തിലന്തിയിൽ. 2

---

* ഈ അപൂർണ്ണകൃതി തിരുവനന്തപുരം കാഴ്ചബംഗ്ലാവിലെ സന്ധ്യയെക്കുറിച്ചുള്ളതാണെന്നു് നോട്ടുബുക്കിൽ കാണുന്നു.



Digitized By Kerala Sahitya Akademi

ഇടവിട്ടിടാതെ ജനമെത്തിയാർത്തി തീ
ർത്തുടൽ പീക്കുമാറിഹ സദാ രമിക്കയാൽ
സ്ഫുടധന്യഭാവമിയലുന്ന വഞ്ചിഭൂ-
മുടിരത്നമീനഗരപുഷ്പവാടിക. 3

ഗണമായ് നടപ്പു ചിലരിങ്ങിരിക്കുമേ-
ഇണയായിരിപ്പു ചിലരൊററയായുമേ
അണയത്തു വായ്‌വു ചെറുപൈതൽ പൂവുപോൽ
ക്ഷണമന്തി നോക്കിയൊരു കോണിൽ ഞാനുമേ. 4

അതിരമ്യവൃക്ഷനിരകൾക്കുമാ ലതാ-
തതികൾക്കു മങ്ങു സരസീതടത്തിനും
മതിലിന്നുമപ്പുറമഹോ നഭസ്സിലി
സ്ഥിതിഭേദമെങ്ങനെ വരുന്നു മോഹനം? 5

പകരുന്നു ഹന്ത! ചിലെടത്തു പിച്ചള-
പ്പുതുപാളിപോൽ ഗഗനഭിത്തിതൻ നിറം
അകലത്തു വന്മരമെരിഞ്ഞുനിന്നിടു-
ന്നതുപോലെയും പുക പടന്നപോലെയും. 6

ചിലടത്തു വിൺവഴി ചുവന്നപട്ടിനാൽ
നലമായടച്ചു മറ തൂങ്ങിടുന്നപോൽ
പലവണ്ണമാം കൊടികൾ പൊങ്ങിടുന്നപോൽ
ചിലെടം വെറും ചമതപൂത്ത കാടുപോൽ. 7



Digitized By Kerala Sahitya Akademi

അലയാതെ വായുവിൽ വടക്കുകാണിലാ-
യിലതിങ്ങിയും ചെറിയ കൊമ്പൊതുങ്ങിയും
നിലവിട്ടു വീണതരുപോൽ വിലങ്ങനേ
വിലസുന്നു ചാരനിറമാമൊരേമുകിൽ. 8

അതിനിപ്പുറം ശിശിരവായുവംബു(?)×
ക്ഷതിചേർത്തു ചണ്ടിപടരും സരസ്സുപോൽ
അതിലോലമായൊളി കറന്ത മേഘമാ-
ന്നതിരുന്നു ഭംഗി തെളിയാതെയംബരം. 9

(അപൂർണ്ണം)

## * എൻെറപ്രമാണം

നിത്യം ജ്വലിപ്പൊരു പരാക്കിനെ നേർത്തുനോക്കി-
ക്കത്തിപ്പൊടിഞ്ഞ മിഴിയിൽ പ്രഭതന്നെ കാണാ,
അത്യന്തകോമളതയാർന്ന "മത" പ്രസൂനം
കത്തിച്ചതയ്യോ! മണമാമോ മധുവോ ലഭിക്കാ. 1

---

× ഇവിടെ ഒരക്ഷരം കുറവു കാണുന്നു.

* ഈ ശ്ലോകങ്ങൾ ബുദ്ധചരിതത്തിൻെറ ആദ്യഭാഗം എഴുതിയിട്ടുള്ള ഒരു പഴയ നോട്ടുബുക്കിൽ കണ്ടതാണ്. തീയതി വെച്ചിട്ടില്ല കുറെ അധികം ശ്ലോകങ്ങൾ ഇങ്ങനെ എഴുതാൻ കവി ഉദ്ദേശിച്ചിരുന്നിരിക്കണം.



Digitized By Kerala Sahitya Akademi

ഊഹത്തിനുണ്ടവധി ജീവിതകാലമല്പം,
ദേഹിക്കു ശാന്തി സുഖമേകുക കേണിടാതെ
മോഹം കുറയ്ക്കൂ സുഖദങ്ങളിലേവരേയും
സ്നേഹിക്കയാമ്പൽനിരയെക്കുളിർതിങ്കൾപോലെ. 2

(അപൂർണ്ണം)

---

## * ലോകം

---

മതിതെളിയുമുഷസ്സോ മുഗ്ദ്ധമാമന്തിതാനോ
മതമധുരിമപൂവോ മഞ്ജുവാം പൂനിലാവോ
വിതതമിവയെയൊന്നും വിശ്വമേ, കണ്ടുനിന്നെ
പുതുമയൊടു പുകഴ്ത്താനല്ലപോകുന്നഹോ ഞാൻ. 1

വികസിതമലർവാടീ വായുപോതങ്ങൾപൊങ്ങി-
സ്സ്ഖലിതസുമഗന്ധാരമ്യമാമംബരത്തിൽ
സുഖമൊടിഹ പറന്നീടട്ടെനിൻ കീർത്തി പാടി-
ക്ഖഗനിര—യറിവേലാത്തുള്ള വക്കാകുമത്തും. 2

മദവിവശനജസ്രം മദ്യഭേദത്തെ വാഴ്ത്തും
മദനഹതവിവേകൻ മൂർഖയാം വേശ്യയെയും
കിതവനിഹ പുകഴ്ത്തും കേവലം ചൂതിനേയും
ഹൃദയരഹിതനാം നായാടി നായാട്ടിനേയും. 3

---

* ഈ അപൂർണ്ണകൃതി 'ഉൾനാട്ടിലെ ഓണം' എന്ന പഴയ കൃതി എഴുതിയിട്ടുള്ള നോട്ടുബുക്കിൽ കണ്ടതാണ്.



Digitized By Kerala Sahitya Akademi

അതിസുഭഗമരണ്യം ദുഷ്ടസത്വങ്ങൾ വാഴു-
ന്നതി, ലഴകെഴുമംഭോദത്തിലാഴുന്നിടിത്തീ
ഹ്രദമമലമനോജ്ഞം നക്രമുണ്ടുള്ളിലേവം
വിതിതഭുവനമേ നിൻ വൃത്തി— ഹാ പേടിയാകും —4

പുതിയതളിരുദിക്കുന്നിന്നു നാളൊന്നുപോയാ-
ലതു ഹരിതപലാശം പാണ്ഡുപത്രം ക്രമത്താൻ
ഇതി ചപലമവസ്ഥാജാലമെന്നല്ല കാക്ക-
ന്നതിനെ ബഹുവിപത്തും ക്രുദ്ധമാം മൃത്യുതാനും. 5

മുരളുവതിൽ മയങ്ങീട്ടുള്ളു തന്നുള്ള പൂ നിൻ
പരസുമരതി കണ്ടാൽ വാടി വീഴുന്നു വണ്ടേ,
വിരവിലുഴറി നീയും നാളെ ഞാവൽപഴംപോൽ
വിരസമിഹ ലയിക്കും വീണു ഹാ! മിഥ്യയെല്ലാം. 6

മധുമൃദുപവനന്മാർ വന്നു മന്നിൽ സുഖം ചേ-
ർത്തൃതുവിരതിയിൽ നില്ക്കാതെത്രയോ യാത്രയായി
അധികമുപതപിക്കും കൊടുങ്കാറ്റുമാർന്നു
ഹതിയൊടുമിഹ കാസക്ലേശിപോലേങ്ങിയേങ്ങി. 7

മൃദുലതൃണദലത്തെ ഹന്ത മാൻ തിന്നിടുന്നി-
ങ്ങുദയമതിനെ ദുഷ്ടൻ കൊന്നിടുന്നു മൃഗേന്ദ്രൻ
അഥ ഹരിയെ നരേശൻ വേട്ടയാടുന്നവനും
മൃതിയടലിൽ വരുന്നു—മൃത്യുവിൻ നൃത്തമെങ്ങും, 8



Digitized By Kerala Sahitya Akademi

ജയമതിനു പകയ്ക്കുന്നിങ്ങു ജന്യത്തെ ജന്യം
സ്വയമനിലജലാദ്യം കാരണം കാരണത്തെ
* ക്ഷയപദവിയുമോതുന്നാഗമത്തിങ്കലിത്ഥം
നിയതമഴിയുമെന്നെപ്പോലെ മാലാന്റ് നീയും. 9

രവിശശികളും, വിളങ്ങും രമ്യതാരങ്ങളിക്ക-
ണ്ടവയുമിഹ വെടിയ്ക്കപ്പെട്ടെന്നപോൽ നിന്നുപോകാം
അവികലമിരുൾമൂടാം നാളെയയ്യോയുറങ്ങു-
ന്നവിടെയയി കിനാവും കണ്ടു കൊണ്ടാടി മർത്ത്യൻ. 10

പ്രഥിതമിഹ ചുഴന്നീടുന്നഹോ വിണ്ണിൽ നിന്നി-
പ്പൃഥിവിയുമിഹ രശ്മിഭ്രാന്തമാം രേണുപോലെ
സ്ഥിതിമനുജനിതിങ്കൽഹന്ത! നീർത്തുള്ളിയോർത്താ-
ലതിലെഴുമണിജീവിക്കത്രെ വാരാശിയത്രെ 11

അഹഹദുരഭിമാനഗ്രസ്തബുദ്ധേ, നരാ നിൻ
സഹജലഘുതയോർക്കുന്നില്ല നീ തെല്ലുപോലും
ഗഹനഭുവനതത്ത്വം പാർക്കിലെങ്ങെങ്ങഹോ നീ-
ന്നഹമഹമികനിസ്സാരാഭ്യസൂയാഗ്രഹത്തിൽ! 12

(അപൂർണ്ണം)

---

* ക്ഷയപദവിയുമേവം ചൊല്ലീടുന്നാഗമാഹാ (എന്നു പാഠാന്തരം)



Digitized By Kerala Sahitya Akademi

# ★ ഉൾനാട്ടിലെ ഓണം

എന്തുല്ലാസഭരം നിനയ്ക്കിലുളവാക-
　　ന്നെന്തൊരാനന്ദമി-
ന്നെന്തോ കേരളമാകെ യാകൃതി പകർന്നു
　　ദ്യോവിലും ഭൂവിലും
അന്തഃക്ഷോഭകലർന്ന രണ്ടു മഴതൻ-
　　മദ്ധ്യസ്ഥമാം കാലവും
ചന്തം ചിന്തിയെഴുന്ന രണ്ടിലകളു-
　　ള്ളന്പും നറുമ്പുവുപോൽ. 1

കററം വിട്ടിഹ കാലശക്തി പുതുതായ്
　　കൊല്ലാബ്ദമാമുണ്ണിയെ
പ്പെററന്നാത്തു പിതാമഹീപ്രകൃതിയി-
　　ന്നേററം പ്രസാദിക്കയാ,
തെററന്നാശിശുതന്നെ സസ്മിത
　　വിലാസത്താൽ സമസ്താശയം
മുററം പോന്നു ഹരിക്കയായ്—രസമല്ലോ
　　ബാല്യമെല്ലാക്കുമേ. 2

തിങ്ങും കാറുകൾ നീങ്ങി കാട്ടിലവുതൻ
　　കാർപ്പാസമെല്ലാംപറ-
ന്നെങ്ങോപോകവതോ സിതാഭ്രമെവിടന്നോ
　　വന്നുചേരുന്നതോ?

---

* ഈ അപൂർണ്ണകൃതി പഴയ ഒരു നോട്ടുബുക്കിൽ കണ്ടതാണ്.



Digitized By Kerala Sahitya Akademi

എങ്ങാണ്ടെററി വിരിച്ച വസ്ത്രനിരയാ
വണ്ണാനെ വഞ്ചിച്ചഹോ-
യിങ്ങിക്കാററ ഹരിച്ചുപോയ് ഗഗനമാ-
ർഗ്ഗത്തിൽ പരത്തുന്നതോ? 3

ആവാമായതുതന്നെ യിന്നഖിലദേവ-
ന്മാക്കമൃതസാഹമാ-
മീവണ്ണം 'നടമാററ'വക്കു പവനൻ ലാ
ക്കായ് വിരിക്കുന്നതാം
ഭൂവിൽ കൌതുകമീവിധം ഭുവനരമ്യം
കണ്ടു കൊണ്ടാടുവാ-
നേവം പോന്നഥവാ രചിച്ചിടുകയാം
കൂടാരമോരോന്നവർ. 4

* സ്ഥൂലച്ഛായ മരം വെടിഞ്ഞിഹ ഗമിക്കു-
മ്പോലെ പോംപൂമുകിൽ-
ജ്ജാലത്തിൻനിഴലാൽ ജനങ്ങൾ വെയിലിൽ
പോകുന്നു ശോകം വിനാ
ലീലയ്ക്കായ് വെളിയിൽ കടന്നിതു പിടിപ്പാ-
നങ്ങു മിങ്ങും ദ്രുതം
ബാലന്മാർ ധൃതമത്സരം രസമിയ
ന്നോടുന്നു വാടങ്ങളിൽ. 5

---

* വേറൊരു പാഠം—

സാലച്ഛായ മഹാതരുക്കളെ വെടി-
ഞ്ഞോടുന്നപോൽ പോംമുകിൽ.



Digitized By Kerala Sahitya Akademi

ദൂരത്താണിനിയും പ്രഭാതമെഴുന്നേ-
        റ്റെന്നാലു മിന്നേററവും
നേരത്തെ വിളിച്ചിടുന്നു ഖഗവൃന്ദം
        ഹന്ത! സന്തുഷ്ടിയാൽ
'നേരായ്കാക്ക കരഞ്ഞു താത, ജനനീ
        കേൾക്കുയെഴീക്കെ'ന്നെഴു-
ന്നോരോ കേളികളോർത്തുറക്കമിയലാതെ
        വത്സന്മാത്സാഹികൾ. 6

സ്വാപം വിട്ടെഴുമംഗനാജനമകത്തൂൽ-
        ഗേയ പുണ്യാർത്ഥമാം
ഭൂപാളം തുടരുന്നഹോ! മനമലി-
        ഞ്ഞോക്കും ലയിക്കുന്നതിൽ
ദീപത്തിന്നരികത്തു വൃദ്ധകളെയാശങ്കിച്ചു
        പൈതങ്ങൾ പോയ്
ശ്രീപൊങ്ങും ശുഭരാമനാമജപമാ-
        യെങ്ങും മുഴങ്ങുന്നതും. 7

മന്ദം മന്മരഭാഷി പൂർവ്വപവനൻ
        മന്ത്രിച്ചുണർത്തു ഗളം
നന്ദിച്ചാട്ടിവിടർന്ന പൂക്കൾ ചിറകൽ-
        ക്ഷേപിച്ചു തേനീച്ചകൾ
വന്നെല്ലാം വഴിയോളമാത്രു പരി
        മാർജ്ജിച്ചു തളിച്ചു ഗൃഹം
നന്നാക്കീ യുവദാസിമാർ, നടനമായീ
        ലക്ഷ്മിയിക്ഷോണിയിൽ.

(അപൂർണ്ണം)



Digitized By Kerala Sahitya Akademi

# * പ്രാണിദയ

കഠിനഹൃദയ നീ കടന്നിവണ്ണം
തുടരുവതെങ്ങിനെ തൻ ഹിതത്തിനായി
വടിവെഴുമൊരു ജന്തുവെത്തുടിപ്പി-
ച്ചിടുവതിതെന്തിനതെന്തുചെയ്തുനിന്നോ? 1

കരുണയുടയൊരീശസൃഷ്ടിയാണീ-
യുരുവുകളൊക്കെ യതോർത്തതില്ലയോ നീ
അറിയുമവനിതൊക്കെയോർക്ക മേൽനി-
ന്നറിയുക കേൾക്കുമിവറ്റകേണിടുമ്പോൾ. 2

കരവതവനറിഞ്ഞു നോക്കുമേ നിൻ-
കരമിതു ചോരയണിഞ്ഞ കത്തിയോടും
കരുതുകയതു സാധു ചേതനത്തിൽ
പരമലിവേകുക പോക കൊന്നിടായ്ക. 3

---

* ഇതു് ജന്തുഹിംസയെ നിറുത്തുവാനുള്ള ശ്രീനാരായണ ഗുരുസ്വാമികളുടെ ഉദ്ദേശത്തെ വിവരിക്കുന്ന ഒരു കുറിപ്പിന്റെ താഴെ "ഹിംസകനെ ചൂണ്ടിപ്പറയുന്ന ഈ പദ്യങ്ങൾ നമ്മുടെ പ്രാസംഗികന്മാർക്ക് ഉപയോഗപ്പെടുമെന്നു വിശ്വസിക്കുന്നു" എന്ന നോട്ടോടുകൂടി 1081-ഇടവം, മിഥുനം, കർക്കിടകം ലക്കം 'വിവേകോദയ'ത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളതാണ്.



Digitized By Kerala Sahitya Akademi

ഇതിനെയുമിഹ നിന്നെയും ചമച്ചാ-
വിധിയൊരുപോലവനോർക്ക വിശേഷകർത്താ
മതിയിലിയലുകൻപു നിൻ വിധാതാ-
വധികദയാപരനെന്നതോർത്ത് നീയും. 4

---

# * പൂവാംപൊഞ്ചഷകത്തിങ്കൽ

---

പൂവാംപൊഞ്ചഷകത്തിങ്കൽ
പൂരിച്ച മധു കാൺകയാൽ
പരമാനന്ദമായ് ഹന്ത
പാടുന്നു ചില വണ്ടുകൾ. 1

പകയുൾക്കാമ്പിൽ മുത്തിട്ടോ
പരപ്രേരണ മൂലമോ
പാത്രമാകും പോക്കളത്തിൽ
പാഞ്ഞെത്തുന്നാകവേ ഭവാൻ. 2

---

* ഈ പദ്യങ്ങൾ ''ഗുണനിഷ്ഠ'' മുതലായി 1095-ൽ എഴുതിയ ചില ഖണ്ഡകൃതികൾ ഉള്ള ഒരു നോട്ടുബുക്കിൽ കണ്ടവയാണ്. തീയതിയോ പേരോ വച്ചുകാണുന്നില്ല. ഇംഗ്ലീഷ് രീതിയനുസരിച്ച് പദ്യം തുടങ്ങുന്ന വരി തന്നെ അതിന്റെ പേരായി ഇവിടെ ചേർത്തിരിക്കുന്നു.



Digitized By Kerala Sahitya Akademi

# * ഗുണഗണങ്ങൾ

കെട്ടിവയ്ക്കുവിനവറ്റു നൽഗുണഗണങ്ങ–
ളാംകൃഷിഫലങ്ങളെ–
ക്കട്ടിടില്ലതുകൾ തസ്കരൻ നൃപതികണ്ടു
കെട്ടുകയുമില്ലതാൻ
ഒട്ടിനിന്നമുതലും സുഖങ്ങളുമുയർന്ന
മേന്മയുമകന്നു പോം
വിട്ടിടില്ലതുകൾ പോകിലും വിമലകാന്തി
യാർന്ന ഗുണമാരെയും.

* ഈ പദ്യം പേരും തിയതിയും കൂടാതെ ഒരു പഴയ നോട്ടു ബുക്കിൽ കുറിച്ചിരുന്നതാണ്. ഈ പേര് ഐകരൂപ്യത്തിനു വേണ്ടി ചേർത്തതാകുന്നു.



Digitized By Kerala Sahitya Akademi

# * എന്റെ സ്നേഹിതന്റെ ദേഹവിയോഗം

ശിവ! ശിവ! മറവിങ്കൽനിന്നുടൻ
ചെവികളിൽ വന്നു ശരങ്ങളേൽക്കയോ
അവനിയടി തകർന്നുപോകവേ
യവഗതമായ രവങ്ങൾ കേൾക്കയോ! 1

അഖിലവിലയ കാലമായിതെ-
ന്നകമലിവോ ചതിവോ കലർന്നുടൻ
പ്രകൃതദയമറ്റശ്യനേകനെ-
ന്നകലെയണഞ്ഞു വിളിച്ചു ചൊൽകയോ! 2

പരുഷരവമഹോ! നുകർന്നിടും
ഗരളസമം ഭയമേകിടുന്നതേ!
പരിസരമതിലന്തകൻ വിടും
പരിജനമാർത്തു വിളിച്ചിടുന്നിതോ. 3

---

* ഈ അപൂർണ്ണകൃതി കൊച്ചിയിൽ ചെറായിയിൽ കുമ്പളത്തു പറമ്പിൽ കെ. അച്യുതൻവൈദ്യർ അവർകളുടെ ദേഹവിയോഗത്തെക്കുറിച്ചു എഴുതിയതാണ്. കവിയുടെ ഈ സ്നേഹിതൻ ഒരു പ്രസിദ്ധവൈദ്യനും പരോപകാരിയും മഹാസാത്വികനുമായിരുന്നു. അദ്ദേഹം 32-ാമത്തെ വയസ്സിൽ ദേഹവിയോഗംചെയ്തു. അദ്ദേഹത്തിന്റെ ജീവിതശുദ്ധിയെക്കുറിച്ചും മററും കവി പല പ്പോഴും പ്രശംസിച്ചു പറഞ്ഞിട്ടുണ്ട്.

1080-ചിങ്ങം ലക്കം "വിവേകോദയം"



Digitized By Kerala Sahitya Akademi

ഒരുവകയുമിടഞ്ഞു ദൃഷ്ടിയിൽ
തിരിയുവതില്ല തുറന്നിരിക്കിലും
ഇരുളിലുലകവും മറഞ്ഞിട്ട-
ന്നുരുതരമർക്കനുയർന്നു നില്ക്കിലും 4

അരുളുക മനമേ! യിതെന്തു നീ
യെരികനലായകമാകെ വേകുവാൻ
പറക ജഗതി! നീയുമെന്തയേ
പരിചിലചേതനഭാണ്ഡമാകുവാൻ. 5

ഉരുതരഭയമാർത്തി ശോകവും
തരളിതമെഴുന്നു മറന്നു ധൈര്യവും
ഒരുനൊടിയതിനുള്ളിലെന്തുവാൻ
പരവശനാവതു പൈതൽപോലെ ഞാൻ 6

നിയതമൊരു മഹാ വിപത്തു ദു-
ർന്നിയതി വലിച്ചു തലയ്ക്കിടുന്നുമേ
സ്വയമതു തടയാവതല്ലെഴും
ഭയമകലുന്നതവാര്യമെന്നുമേ. 7

ഒരുവനരികിൽ വന്നു നിന്നു തെ-
ല്ലൊരുമൊഴിയോതി നടന്നിടുന്നിതാ
പെരുവഴിനടുവിൽ കടിച്ചുടൻ
പരിചൊടു പോം ഫണിയെന്നപോലവേ 8



Digitized By Kerala Sahitya Akademi

കളയുകയഥവാ കഥിച്ചതാം
കളവുവൃഥാ കരളേ, തപിക്കൊലാ
പൊളികൾ പറയുമാത്തസാഹസം
ജളജനമാർത്തി പരീക്ഷചെയ്യുവാൻ. 9

അരിയമധുര"മച്യുതാ"ർത്തി ഏ-
ഭപരന്റെ നാമമുരച്ചു നിർദ്ദയൻ,
ഒരുപദമതിനോടു ചേർത്തുതേ
നവമധുതന്നൊടു നഞ്ചുപോലവൻ. 10

അരുതതിനെ നിനയ്ക്കുവാൻ തരം
തരികയുമില്ല സുഹൃത്തപമെങ്കിലും
നരരുടെ ചലമായ ജീവിതം
കരുതുകിലെങ്ങിനെ ധീരനാവു ഞാൻ! 11

കരിവരകൾ വരച്ചു കഷ്ടമെ-
ന്നരികിലിതായെറിയുന്നു ലേഖനം
വിരവിലതു വിടർത്തുമാറു കൈ-
വിരലു തളർന്നു വശംകെടുന്നു ഞാൻ. 12

ശിവ! ശിവ! ശിവ! ചാരു ചര്യനെ-
ന്നരിയസുഹൃത്തമ"നച്യുതാ"ഭിധൻ
ഉരുരുജയെയുമൂഴിതന്നെയും
പരമഥവാമതി—ശാന്തി ദൈവമേ! 13



Digitized By Kerala Sahitya Akademi

കരയുവതിന്നുമില്ല കെൽപ്പുമേ
കരളെഴുമാധിയിലന്ധമാകയാൽ
ചൊരിയുവതിന്നുമില്ല കണ്ണുനീർ
സിരകളും തപിച്ചു വരണ്ടുപോകയാൽ. 14

മന മുഴറിയെരിഞ്ഞുതാണു; മെയ്-
തനിയെ കഴഞ്ഞു തടഞ്ഞു വീർപ്പുതും;
അനുപദമണകല്ലി മിത്രമോ-
ടനുമതി? ജീവ! യഥാർത്ഥബന്ധുനീ! 15

വെറുതെയതതുമല്ലയിന്നിതാ
ചെറുതുവികാരവുമെന്നിയേ മനം
ഉറുതിതടവിയെങ്ങു സൌഹൃദം
പൊറുതിയിതെങ്ങു കഠോരനാണു ഞാൻ. 16

ഇടരൊടടിതളിൽ നിന്നു ചിന്തയാ-
ന്നടനിത ചേതന പൊങ്ങിടുന്നു മേ
കടലിനടിയിൽ മുങ്ങി മോഹമാ-
ന്നിടയിലുയന്നെഴുമാർത്തനെന്നപോൽ. 17

മൊഴികൾ പരവശങ്ങളായ് തട-
ഞ്ഞുഴലുകയായഹമൂമപോലെയും
അഴലു ധൃതിതടം കവിഞ്ഞിടു-
ന്നഴിമുറിയാതെഴുമാറപോലെയും. 18



Digitized By Kerala Sahitya Akademi

നിറയുമിടരിൽ നിന്നു നീങ്ങുവാ-
നറിവിൽ നിവാരണമൊന്നുമെന്നിയേ
മുറയുമൊരഭിമാനവും വിനാ
മുറയിടുവാൻ മുതിരുന്നതേ മനം! 19

(അപൂർണ്ണം)

## * പറന്നുപോയ ഹംസം

---

(അന്നനട)

പൊടുന്നനേ ഭൂമിവെടിഞ്ഞിവണ്ണം നീ
പറന്നുപോയല്ലോ, പ്രിയമരാളമേ,

പെരുവഴിതന്നിലഹോ കരസ്ഥമാം
വിലയേറും ധനം കളഞ്ഞുപോകയാൽ

---

* വളരെ അപൂർണ്ണമായ ഈ കൃതി ശ്രീനാരായണഗുരുസ്വാമികളുടെ ആദ്യത്തെ ശിഷ്യന്മാരിൽ ഒരാളും കവിയുടെ സതീർത്ഥ്യനും ആയ ദിവ്യശ്രീ ശിവലിംഗദാസസ്വാമികളുടെ ദേഹവിയോഗത്തെപ്പററി എഴുതിത്തുടങ്ങിയതാണു്. "ഒരു പരേതനായ പുണ്യാത്മാവിനെ സംബന്ധിച്ച അനുസ്മരണം" എന്ന വിവരണംകൂടി പേരിൻെറ മുമ്പിൽ കവി കുറിച്ചിട്ടുണ്ടു്. നല്ലപോലെ വെളുത്തും അതിസുഭഗനുമായിരുന്ന മഹാശാന്തനായ ആ സന്യാസിവര്യനെ കണ്ടിട്ടുള്ള ആർക്കും അദ്ദേഹത്തെ "ഹംസ"മായി കല്പിച്ചതു സർവ്വഥാ അനാവശ്യമായി തോന്നാതിരിക്കയില്ല.

22—6—94.



Digitized By Kerala Sahitya Akademi

കഴങ്ങിനിൽക്കുന്ന പഥികനെപ്പോലെ
മദീയമാനസമുഴന്നിടുന്നല്ലൊ,

അതിസ്വാധീനമാം പ്രിയവസ്തുക്കൾ വി-
ട്ടുകന്നു വിശ്വാസമിയന്നു ദൂരത്തിൽ

അതിചിരം കാര്യവശരായ് വാണിടാ-
മഴലില്ലായതിൽ അതുകൾ താൻ സ്വന്തം

പിടി വെടിഞ്ഞുപോവതുവിചാരിച്ചാൽ
പൊറുക്കാറില്ലൊരു നിമിഷം ദേഹികൾ

അനർഘരത്നങ്ങൾ സ്വയമണിയാതെ
നിജമഞ്ജൂഷയിലിരുന്നാലും മതി.

അരിയപൂക്കൾതാൻ പറിക്കാതെ തൻെറ
മലർക്കാവിൻകോണിൽ സ്ഫുരിച്ചാലും മതി

സുഖമനന്യാദൃശമതിലുണ്ടാക്കുകി-
ലഹോ മമത തൻ വിലാസമത്ഭുതം!

ഇവററതാനപഹൃതമായ്പോകിലു-
ണ്ടനുഭവവേദ്യമതിലുണ്ടാം ദുഃഖം.

അരിയോരന്നമേ യതിചിരമെൻെറ-
ഹൃദയപങ്കജസഖനായ്‌വാണ നീ

പറന്നുപോകുന്നോരളവപ്പൂവിൻെറ
യടിനാളംകൂടി ഹരിച്ചുവെന്നതോ



Digitized By Kerala Sahitya Akademi

അകമലർ കരിഞ്ഞെനിക്കു സംപ്രതി
യഹഹ ലോകങ്ങളിരുളാകുന്നല്ലോ.

അതിനിടയ്ക്കുദ്യോ തമസ്സിൽ കൊണ്ടലിൻ
ചടുലമാം മിന്നൽക്കൊടി പായുംപോലെ

കഴിഞ്ഞകാലമാമിരുട്ടിലോർമ്മതൻ
സ്ഫുരിച്ചദൃഷ്ടിയും ചുഴിഞ്ഞെത്തുന്നല്ലൊ.

വിചാരവായുവാൽ പടർന്നുകേറിയീ-
വിയോഗമിന്ദ്രിയഗണങ്ങളെയെല്ലാം

ചുടുന്നല്ലോ ധൈര്യശിലാതലം കാഞ്ഞു
ഞെരിഞ്ഞും പേശികൾ പുകഞ്ഞും കഷ്ടമി-

ന്നടവേ തീ വീണ ഗിരിപോൽ സത്വര-
മകമേയെന്നാത്മാവെരിഞ്ഞിടുന്നല്ലോ.

(അപൂർണ്ണം)



Digitized By Kerala Sahitya Akademi

# * അനുശോചനം

മാന്യമിത്രമേ, മാനസസാരളീ
സാന്നിദ്ധ്യംചെയ്ത സാക്ഷാൽ നികേതമേ,

ഉന്നിദ്രയുവഹൃത്തിൻപ്രവാഹത്തിൽ
ധന്യവാർദ്ധക്യം സന്ധിച്ച "തീർത്ഥ"മെ,

മന്നിൽനിന്നു മറഞ്ഞിതോ വർഗ്ഗത്തെ-
യുന്നയിപ്പാനെരിഞ്ഞ വിളക്കേ നീ

അററത്തയ്യോ പരിമളശേഷമാ-
യൊററയാമാവിടർന്ന പൂവെന്നിയെ

---

* ഈ കൃതി മഹാനായ കൊററ്യത്ത് രാമുണ്ണി അവർകളുടെ ദേഹവിയോഗത്തെക്കുറിച്ചെഴുതിയതാണ്. ഇദ്ദേഹം തീയസമുദായത്തിനു അടുത്തകാലത്തുണ്ടായിട്ടുള്ള അഭ്യുന്നതിക്കൊക്കെ കാരണഭൂതരായ ചുരുക്കം ചില സമുദായസേവകന്മാരിൽ ഒരാളും, കവി സമുദായപ്രസ്ഥാനം ആരംഭിച്ച കാലംമുതൽക്കെ അദ്ദേഹത്തിൻെറ ഒരു ആത്മമിത്രവും ആയിരുന്നു ഒരു വലിയ സമുദായാഭിമാനിയുടേയും ഉത്തമനായ സ്നേഹിതൻെറയും നിലയിലുള്ള രാമുണ്ണി അവർകളുടെ ഗുണഗണങ്ങളെപ്പററി കവി പലപ്പോഴും വളരെ വാഴ്ത്തിപ്പറഞ്ഞിട്ടുണ്ട്. ഇതിലെ ഒടുവിലത്തെ പന്ത്രണ്ടുവരികൾ നോട്ടുബുക്കിൽ വെട്ടിയിട്ടുള്ളതും ഈ കൃതി "മിതവാദി"യിൽ പ്രസിദ്ധം ചെയ്യപ്പാൻ കൊടുക്കാത്തതുമാകുന്നു. 21—11—96.



Digitized By Kerala Sahitya Akademi

അററഞ്ഞെട്ടാൻ നിൽക്കുന്ന കഷ്ടമീ-
യുററതീയസമുദായവല്ലരി.

വേറെമൊട്ടീ ലതയിൽ വിടർന്നിടാ-
മേറെയേറിയ ഭംഗിയിലെങ്കിലും

കൂറെഴുന്ന കുസുമപ്രകാശമേ
വേറപൂവൊന്നീ ഞെട്ടിൽ വിളങ്ങുമോ?

ചത്തവർക്കു കണക്കില്ലയെന്നാലും
എത്ര പാർത്തു പഴകിയതാകിലും

ചിത്തത്തിൽ കൂറിയന്നവർ പോകുമ്പോൾ
പുത്തനായ്ത്തന്നെ തോന്നുന്നഹോ മൃതി.

എന്തിനല്ലെങ്കിലോർക്കുന്നു ഞാനിതി-
ങ്ങന്തകഭയം കൃതജ്ഞരാർന്നിടാ

അന്ത്യശയ്യയിലുമമ്മഹാൻ തന്നെ
ചിന്തിച്ചീലതു വർഗ്ഗകാര്യോൽസുകൻ.

സത്യമോർക്കിൽ മരണം മുതൽക്കു താ-
നത്തമർക്കു തുടങ്ങുന്നു ജീവിതം.

അത്തലില്ലവർക്കന്നുതൊട്ടൂഴിയിൽ
എത്തുകില്ല കളങ്കം യശസ്സിലും

---



Digitized By Kerala Sahitya Akademi

# * ഒരു പത്രം

സഹനീയമല്ല കരിഞ്ഞുതച്ച കത്തതിൽ
സഹസാ കുറിച്ച കഥ സത്യമോ സഖേ?
മഹനീയ, നിങ്ങളുടെയമ്മ മാന്യയാ-
ഗൃഹലക്ഷ്മി നമ്മളെ വെടിഞ്ഞുതന്നയോ!

സ്നേഹത്തിനില്ല മൃതി യിന്നതുമല്ലതിന്റെ
മാഹാത്മ്യമത്ഭുതവുമാണു സഖേയതല്ലീ?
ദേഹം വെടിഞ്ഞ കഥ താനറിയാതെ ഏത്താം
ഗേഹത്തിലിന്നുമവർ പുഞ്ചിരിതൂകിനിൽപ്പൂ!

* ഈ പദ്യങ്ങൾ 'ചാവറകോട്ട നാരായണൻവൈദ്യക്ക്'' അയച്ചതാണെന്നു കുറിപ്പു നോട്ടുബുക്കിൽ കാണുന്നു.



Digitized By Kerala Sahitya Akademi

# * ചെറിയവ

ചെറുതുള്ളികൾ ചേർന്നുതന്നെയീ
കരകാണാതെഴുമാഴിയായതും
തരിമണ്ണുകൾതന്നെ ചേർന്നു നാം
മരുവും നാല്പെഴുമൂഴിയായതും.

ചെറുതാം നിമിഷങ്ങളും തഥാ
പറവാൻ തക്കവയല്ലയെങ്കിലും
ഒരുമിച്ചവതന്നെയൂക്കെഴും
പുരുഷായുസ്സുകളൊക്കെയാവതും.

ചെറുതെറ്റുകൾതന്നെയീവിധം
പെരുകിപ്പുണ്യമകത്തിയേറ്റവും
തിരിവെന്നിനടത്തി ജീവനെ-
ദ്ദുരിതത്തിങ്കൽ നയിച്ചിടുന്നതും.

ചെറുതെങ്കിലുമൻപെഴുന്നവാ-
ക്കൊരുവന്നുത്സവമുള്ളിലേകിടും
ചെറുപുഞ്ചിരി തന്നെ ഭൂമിയെ-
പ്പുരമാനന്ദനിവാസമാക്കിടും.

---

* ഇതു് "Little Things" എന്ന ഇംഗ്ലീഷ് കവിതയുടെ തർജ്ജിമ "കരളതാരക"യ്ക്കു് അയച്ചതു് എന്ന നോട്ടോടുകൂടി കവിയുടെ പഴയ നോട്ടുബുക്കിൽ കണ്ടതാണ്. 12-9-92.



Digitized By Kerala Sahitya Akademi

ചെറുതന്യന്നു നന്മചെയ്തുകൊ–
ണ്ടൊരുചേതം വരികയില്ലയെങ്കിലും
പരനില്ലുപകാരമെങ്കിലീ
നരജന്മത്തിന്നു മാററമററുപോം.

ചെറുതമ്പു കലൎന്നുചെയ്‌വതും
ചെറുതുള്ളത്തിലലിഞ്ഞുചൊൽവതും
പെരുകിബ്‌ഭുവി പുഷ്പവാടിയായ്
നരലോകം സുരലോകതുല്യമാം.

---

## * ജീവിതവും മരണവും

---

ഇന്നേവം മൃതനായി തന്റെ മതവി–
ശ്വാസത്തിനായിട്ടിവൻ
നന്നോർത്താലതു ഹന്ത നാമൊരുവരും
ചെയ്യാത്ത കയ്യല്ലയോ
എന്നാലോതുകയിപ്പുമാനിതിന്നു വേ–
ണ്ടിത്തന്നെ ജീവിച്ചിരു–
ന്നെന്നാവാക്യമൊടാശ്രുചേൎത്തു ബലമാ
യാക്കും കഥിക്കാവതോ. 1

---

* ഈ കൃതി 'സെൻടൽ ഹിന്ദുകാളേജ് മാഗസീന്റെ' 1903–ഫെബ്രുവരി ലക്കത്തിലെ "Life and Death" എന്ന ഇംഗ്ലീഷ്കൃതിയുടെ തൎജ്ജിമയാണ്. ഇതു് സുജനാനന്ദിയിലാണ പ്രസിദ്ധംചെയ്തതു്. 10–1–70.



Digitized By Kerala Sahitya Akademi

അന്ത്യത്തിങ്കലിവൻ മരിച്ചു തെളിയിച്ചു
താൻ സ്വയംകൃത്യനിർ-
ബ്ബന്ധത്താൽ മതഭക്തി ശൂരഭടനാ-
ണെന്നുള്ളതിന്നഞ്ജസാ
എന്തോ നാമറിയുന്നതില്ല—യിതുപോൽ
തൻ ബാല്യകാലത്തിലെ
സ്വന്തം ജീവിതമീവിധം ചിരമിവൻ
ജീവിച്ചു ശീലിച്ചിതൊ.

ചത്തീടുന്നതെളുപ്പമാളുകൾ മരി-
ച്ചിട്ടില്ലയോ വല്ലതും
ചിത്തേ മോഹനിമിഞ്ഞമോ ചില വെറും
മിഥ്യാഗ്രഹംമൂലമൊ
ഉത്തുംഗതമുയന്നകോപമഥവാ
ശൌര്യം വഹിച്ചെത്രയോ
മർത്ത്യന്മാർ മൃതരായി വന്നതുവരാൻ
പാടില്ലയോ തെല്ലുമേ.

ജീവിക്കുന്നതുതന്നെ കഷ്ടമിഹ തൽ
കൃത്യങ്ങൾ ചെയ്തും സ്വയം
ഭാവിച്ചീടിന സത്യമായവഴിയിൽ
തെറെറാന്നുപററാതെയും
ഭൂവിൽ കേവലമിഷ്ടരും നിജ നട-
പ്പിൽ സംശയിക്കാതെയും
താവും നിന്ദകലന്ന ലോകരഖിലം
നോക്കിപ്പുഴിക്കാതെയും,



Digitized By Kerala Sahitya Akademi

ഒന്നും തെററണയാതെതന്നെയൊരുവൻ
തൻജീവയാത്രാന്തരേ
പിന്നോക്കം തിരിയാതെ പാഞ്ഞിഹ പണി-
പ്പെട്ടെങ്കിലും പോയിതെ
എന്നാൽ നാം പുകഴുന്നതായവിധമെഴു-
ന്നാജീവിതത്തെക്കുറി-
ച്ചെന്നല്ലാതൊരുവൻ മരിച്ചവിധമെ
ന്താകട്ടെയെന്താണതിൽ. 5

## * നമ്മുടെ മൂടുപടം

(ഇംഗ്ലീഷിൽ നിന്നും തർജ്ജിമ)

ഹാ വന്ദിക്കുക നാം മഹേശനെ മനോ-
ജ്ഞാകാരമാം മൂടൽമ-
ഞ്ഞീവണ്ണം വിരചിച്ചു ദൃഷ്ടികൾ മറച്ചീ-
ട്ടുന്നുവല്ലോ ശിവൻ
ഭൂവിൽ തൽകൃപയായ മൂടുപടമാ-
ണല്ലോപരം ലോലമാ-
യേവം നമ്മുടെ ഭാവിമേലവിരതം
മൂടിക്കിടക്കുന്നതു്. 1

* 1079_മേടം ലക്കം വിവേകോദയം.



Digitized By Kerala Sahitya Akademi

ഓരോന്നായ് ദിവസങ്ങൾതോറുമുളവാ-
കും കൃത്യഭാരങ്ങളി-
ന്നോരാതൊഞ്ഞൊരുദർശനത്തിലിഹ നാം
കാണുന്നുവെന്നാകിലോ
പാരം ബുദ്ധിമുട്ടുന്നു ഭാരമഖിലം
ചിന്തിച്ചു ചിത്താളയും
തീരെദ്ധീരതയും വെടിഞ്ഞിവിടെ നാ-
മെങ്ങും കുഴങ്ങില്ലയോ?

നേരേയാവ്യസനം നിറഞ്ഞ ദിനവും
നക്ഷത്രമില്ലാത്തൊരാ-
ഘോരാകാരതയാർന്ന രാവുമഥക-
ണ്ടംഗം ഞെട്ടങ്ങില്ലയോ?
പാരം മാർഗ്ഗമതിൽ തളർന്നു പരലോ-
കത്തിന്റെ പൊക്കത്തെയോ-
ർത്തും കാൽകരവും കുഴഞ്ഞുമിഹ നാം
പേടിച്ചുപോവില്ലയോ? 3

എന്നാലിപ്പൊഴുതെത്ര ദുർഘടവഴി-
ക്കാകട്ടെ പോകേണ്ടതി-
ങ്ങെന്നാലും പുതുയാത്രപോലെ വിരവിൽ
പോകുന്നു നാം നാൾക്കുനാൾ
ഇന്നീ നമ്മുടെ മുമ്പെഴും പെരുവഴി-
ക്കുള്ളോരു ദൂരത്തെയും
നന്നായ് കാണുകയില്ല നാം നലമൊടെ-
ന്നും തെല്ലുതെല്ലന്നിയേ 4

---



Digitized By Kerala Sahitya Akademi

# * അഹിംസ

(രാജ്ജമ)

കഴൽവിരവിലെട്ടുകെട്ടുക്കയി–
പ്പുഴു തുണയററതു കൊന്നിടായ്ക നീ;
ചെറിയൊരുടലിതെന്നു നിന്ദതോ–
ന്നരുതതുമീശ്വരനാണു ചെയ്തവൻ. 1

അവനവികലജീവനാഥ നീ–
യവനിയിൽ വന്നതവങ്കൽ നിന്നു നീ;
അളവകലുമവന്റെ യൻപിനീ
യെളിയപുഴുക്കളുമംശഭാജികൾ. 2

ദിവി രവിശശിതാരശോഭയു–
ണ്ടവനുടെ സൃഷ്ടിയിലാക്കുമൊന്നുപോൽ
നവതൃണനിരകൊണ്ടു മൂടിട–
ന്നവനി നിനക്കുമിവർക്കുമായവൻ. 3

കളയുക പുനരല്പകാലമു–
ള്ളെളിയ സുഖത്തൊടിരുന്നിടട്ടിവ;
കളയുമൊരുയിരേകിടാവതോ?
കളിയിലുമിന്നയി കൊന്നിടായ്ക നീ 4

---

* 1080-മേടം ലക്കം വിവേകോദയം.



Digitized By Kerala Sahitya Akademi

# * നെയ്ത്തുകാരുടെ ഒരു പാട്ട്

ഓടം മൃദുപാവിൽ ജവമോടും ഗുണമേറാ–
നോടും പടിയും; സമ്പ്രതി നീ ചെയ്യൊരുപൂവിൽ
തേടും മണമേലായ്കിലും ശോഭ നിറഞ്ഞാൽ
കൂടും പടിയും സോദര! നെയ്യൂ! തുണി നെയ്യൂ. 1

അന്തിക്കെഴുമർക്കന്നെഴുമാദരോ കിരണംപോൽ
ചന്തം ചിതറുന്നാനിറമെല്ലാം വിലസട്ടെ
അന്തർഗ്ഗതമായ് നിന്നഴകോടുന്നിഴതോറും
ചിന്തട്ടെയതിൻശോഭകൾ നിന്നൊച്ചുഴലട്ടെ. 2

നീക്കം കയറ്റാടയിൽ നന്മേനി വരട്ടെ
യാകെയണയട്ടെ വിരവായും ശരിയായും
എക്കാലവുമേ നിൻ തുണിനൂലൊന്നൊഴിയാതെ
നില്ക്കട്ടിഹ നീണാളൊരു നേരെന്നതുപോലെ. 3

കാര്യേകനെടുക്കാമിഹ പൂർവകനിറക്കാം
മായാതെ വിതയ്ക്കാമഥ വിത്തന്യനൊരുത്തൻ
ആയാസമതെന്നാൽ വിധിസംകല്പിതമാകും
നീയോർത്തുഹോ! സോദര! നെയ്യൂ! തുണി നെയ്യൂ

* 1080 ഇടവം ലക്കം വിവേകോദയം



Digitized By Kerala Sahitya Akademi

ധന്യതപമെഴും മന്നവനും മണ്ണു കിളക്കും
ഛിന്നസ്ഥിതിയാം കർഷകനും കേവലമാരും
സന്നദ്ധരതായ് വന്നുതുമെല്ലാംതരുമിമ്പം
തന്നർദ്ധവപുസ്സമേത്തും ശ്രമമേലായുകിലോരാ.

---

## * ഭാഷാമനീഷാപഞ്ചകം

### അവതാരിക

ശങ്കരാചാര്യരൊരുനാൾ
ശശ്വദാനന്ദമേകിടും
വാരാണസീക്ഷേത്രമതിൽ
വരുംവഴിയിൽ വേടനായ്,

പോന്നാൻ ശ്രീപാർവ്വതീജാനി
"പോ! പോ!"യെന്നാൻ ദ്വിജോത്തമൻ
ഉടനാചാര്യരോടേവം
സ്ഫുടമായ്‌വേടനോതിനാൻ.

ദേഹം ദേഹത്തെ വേർപെട്ടോ,
ദേഹി വേർപെട്ടു ദേഹിയോ
ആഹാ പോകേണ്ടു? ഹാ വിപ്രാ!
മോഹിക്കുന്നെന്തുരയ്ക്കു നീ?

---

* 1081 ഇടവം മിഥുനം, കർക്കടകം വിവേകോദയം



Digitized By Kerala Sahitya Akademi

വ്യത്യാസം ഗംഗയാട്ടേ, പറയന്റെ പഴ-
ഞ്ചോലയാട്ടേ വരുന്നോ
മിത്തച്ഛായയ്ക്കു, മൺപൊൻകടമിവയിലെഴും
വിണ്ണിനുണ്ടോ വികല്പം
പ്രത്യക്കാം നിസ്തരംഗോദയനിഭൃത നിജാ-
നന്ദബോധാർണ്ണവത്തിൽ
പ്രത്യക്കം വിപ്രനാരാരിഹ പറയനഹോ
യെന്തുവൻഭ്രാന്തിയെല്ലാം!

പഞ്ചകം

ജാഗ്രന്നിദ്രാസുഷുപ്തിത്രയമതിലൊരുപോൽ
ജാഗരിക്കും വിളക്കായ്
വാഴ്കുന്നല്ലാ വിധാതാവുടെയുടലിലുറു
മ്പുള്ളിലും വിശ്വസാക്ഷി;
ആക്കുണ്ടാബോധമേ ഞാൻ സുദൃഢമപരമ
ല്ലെന്ന ധീ വിപ്രനാവാ-
മോർക്കിൽ ചണ്ഡാലനാവാമവനിഹ ഗുരുവാ-
മമ്മതം സമ്മതം മേ. 1

ബ്രഹ്മം ഞാനിപ്രപഞ്ചം സകലവുമിഹചിൻ
മാത്രമത്ര നിനച്ചാൽ
നിർമ്മിച്ചീടുന്നതും ഞാൻ ത്രിഗുണശബളയാം
മായയാലായതെല്ലാം



Digitized By Kerala Sahitya Akademi

ഇമ്മട്ടാക്കാണുറപ്പാസ്ഥിരപരമപദ-
ത്തിൽ—സ്വയം വിപ്രനാവാം
ചെമ്മ ചണ്ഡാളനാവാ—മവനിഹ ഗുരുവാ-
മന്മതം സന്മതം മേ. 2

നേരേയിവിശ്വമെല്ലാം ഗുരുവചനബലാൽ
നിത്യമല്ലെന്നുറച്ചും.
പാരം ബ്രഹ്മത്തെയോർത്തും സ്ഥിരതയതിൽ മുതി-
ർന്നന്തരാ ശാന്തനായും
പരാതാശാമിഭൃതക്രിയകളെ നിജബോ-
ധാഗ്നിയിൽ ചുട്ടു മംശം
പ്രാരബ്ധത്തിന്നു വിട്ടും മരുവുമിഹ മഹാ
നിന്മതം സന്മതം മേ. 3

ഓർക്കുന്നതുള്ളിലെന്നും പശുനരസുരവൃന്ദ-
ങ്ങൾ ഞാൻ ഞാനെന്നെന്നായ്
പാർക്കുന്നീ യക്ഷദേവാദികൾ ജഡതവെടി-
ഞ്ഞതിനാൽ ചേതനംപോൽ,
ഉൾക്കാമ്പിൽ ഭക്തിയാർന്നാനിജവിഷയഘനാ
ച്ഛന്നബോധാർക്കനെക്ക-
ണ്ടുൽഫുല്ലാനന്ദമേലും യതിഗുരുവരനാ-
ണെന്മതം സന്മതം മേ. 4



Digitized By Kerala Sahitya Akademi

ഏതാനന്ദാംശലേശം തടവിയിഹ സുഖി-
ക്കുന്നു വൃന്ദാരകന്മാ-
രേതാശാന്താന്തരാത്മാവതിലിയലുകയാൽ
യോഗിമാർ നിർവൃതന്മാർ
ഏതാനന്ദാർണ്ണവത്തിൽ ഗളിതമതി പര-
ബ്രഹ്മമാം ബ്രഹ്മവിത്ത-
ല്ലേതാളായാലുമിന്ദ്രാർച്ചിത പദനവമാ-
മിമ്മതംസമ്മതം മേ. 5

## * ഒരു തഞ്ജിമ

നഖാനി വിധുശങ്കയാ കരതലേന തന്വ്യാവൃണോൽ
തതഃ കിസലയഭ്രമാൽ കരമധാക്ഷിപദ്ദൂരതഃ
തതോ വലയശിഞ്ജിതം ഭ്രമരഗുഞ്ജിതാകാങ്ക്ഷയാ
ഉഹ്ലർതി കഹ്ലരവധൂനിധിയാ ച മൂർച്ഛാമഗാൽ.

നൽധാവള്യം കലർന്നുള്ളോരു നഖനിരയെ-
ത്തിങ്കളെന്നോർത്തമർത്തി-
ക്കൈത്താരിന്നുള്ളൊളിച്ചാളവളതു തളിരെ-
ന്നോർത്തുടൻകൈകടത്താൾ

* ചില സംസ്കൃതകവികളെപ്പറ്റിയുള്ള ഒരു ഉപന്യാസത്തോടുകൂടി 1909-ലെ ഒരു ലക്കം വിവേകോദയത്തിൽ ചേർത്തിരുന്നതു്.



Digitized By Kerala Sahitya Akademi

അത്തല്ലിൽ തൻവളയ്ക്കുള്ളൊലിയളിരവമെ-
ന്നോർത്തു ഹൂവെന്നുകേണാ-
ളത്തേൻ നേർപ്പാണിക്കൂവും കയിലിനെയുടനു-
ഹിച്ചുമോഹിച്ചു വീണാൾ.

മദ്ഗേഹേ മുസലീവാ മൂഷികവധൂ
മൂഷീവ മാർജ്ജാലികാ
മാർജ്ജാലീവ ശുനീ ശുനീവ ഗൃഹിണീ-
കഥ്യാഃ കിമന്യേ ജനാഃ
മൂർച്ഛാപന്നശിശുനസൂൻ വിജഹതഃ
സമ്പ്രേക്ഷ്യ ഝില്ലീരവാൽ
ലൂതാതന്തുവിതാനസംവൃതമുഖീ
ചുല്ലീ ചിരം രോദിതി.

പല്ലിക്കൊത്തെലിയായെലിക്കു സമമാ-
യീ പൂച്ചയും പൂച്ചതൻ
തുല്യം പട്ടിയുമായി പട്ടിയതുപോലാ-
യ് പത്നിയും പത്തനേ
ചൊല്ലുന്നെന്തിനി ഞാൻ ചിലന്തിവലയാം
മുണ്ടാൽ മുഖം മൂടിയാ
ഝില്ലീശബ്ദമിയന്നടുപ്പഴുതിടു-
ന്നെന്നുണ്ണിമാർ ചാകവേ.



Digitized By Kerala Sahitya Akademi

# * ഡൽഹി കിരീടധാരണം

ചിരമഴലിലുറങ്ങി ശീഘ്രമെന്തിപ്പൊളിന്ത്യാ-
ധരണി കൊടികൾ പാറിക്കോൾമയിർക്കൊൾവതമ്മേ,
ഹരിയപരനിതാ 'ജാർജെ'ത്തി—ഹാ! നീയറിഞ്ഞൂ
ശരി; പതിയുടെ സാക്ഷാൽ സ്വർന്നം ദർശനീയെ. 1

യവനമുഗളയുദ്ധോദഗ്ര കോലാഹലത്തിൽ
ഭവതിയുണരുമാറായില്ല ഹേ പുണ്യഭൂമി
അവസരമിതിലാമോദാത്ത പീരങ്കിഭീമാ-
രവഭയപുളകം നീ വീരപത്നീ! വഹിക്ക. 2

ചരമകമലമേററം ശോഭതേടുന്നു, മിന്നു-
ന്നരമിതഹിമകാലക്ലിഷ്ടനെന്നാലുമർക്കൻ
പരമഭിനവമേന്തി ഹന്ത! ചൈതന്യമേതും
ഭരതധാരിണി കില്ലില്ലിപ്പൊഴൽബുദ്ധയായ് നീ. 3

ഉദിതകുതുകമിപ്പോൾ നിന്നരയ്ക്കോമലമ്മേ
ഉദധികളണിയുന്നു ലോലനീലോർമ്മിചേലം
അതിമിന്നസവൃമാകന്നദ്രിരാജൻ ഹിമത്താൽ
സിതമണിസരളശ്രീസ്നിഗ്ദ്ധകൂടം കിരീടം. 4

---

* 1087—ലക്കം കന്നി, തുലാം, വിവേകോദയം.



Digitized By Kerala Sahitya Akademi

ഝടിതി ജനനിയെങ്ങും ചാരുകർമ്മീരവർണ്ണ–
ക്കൊടിനിരകൾ പറന്നും ചോപ്പുകുപ്പായമേലും
ഭടനിരകൾ നിരന്നും പാർക്കിൽ വാർത്താവതോ നിൻ
വടിവഹഹ! പകർന്നു പൂത്ത വൻകാടുപോലെ. 5

നഗഗത ഹരിധീരൻ നമ്രസാമന്തരുള്ളിൽ
ഖഗപരിവൃതവാപീ കാന്തകാദംബകല്പൻ
അഗണിതഗുണ "നഞ്ചാംജാർജെ"ഴുന്നള്ളി ഡില്ലീ
നഗരിയിൽ വിലസീടുന്നിന്നു രാജാധിരാജൻ. 6

അതിവിഭവമതിശ്രീ ശക്തിയെല്ലാം ത്രിലോകീ
പതിയുടെ യവതാരത്തിൻെറ കോപ്പെന്നുരപ്പൂ,
അതുകരുതുകിലിന്നീയാംഗലാധീശനിന്ത്യ,
അതുലനതുധരിക്കാമാകനീയാഗമാദ്യ. 7

സമലയഗുണനാക്കും സ്വപ്രജാസഞ്ചയത്തിൻ
ഭ്രമണമതിലിരുട്ടേലാത്ത ഭൂമിക്കധീശൻ
അമലമനുജധർമ്മം കാക്കുവാൻ വ്യഗ്രനീ നിൻ
രമണനിതകിരീടം ചൂടി നന്ദിക്കയിന്ത്യ. 8

'തുലയിൽ നിയതധർമ്മം താണധർമ്മങ്ങൾപൊങ്ങും
നിലയിലവതരിക്കുന്നുണ്ടു ഞാനെന്ന ദേവൻ'
സ്ഥലമിതിലടൽ മദ്ധ്യത്തന്നുചൊന്നാനുറക്കെ,
ഫലമിതഭഗവാൻ തൻവാക്കിൽ നീക്കം ഭവിക്കാ. 9



Digitized By Kerala Sahitya Akademi

ധൃതനായ കരുണാബ്ധി ചക്രവർത്തിൻ ഭവനിൽ
ശ്രുതവിനയധനന്മാർ വിശ്വസിക്കുന്നു ഞങ്ങൾ
മതി പറവതു ഭാഗ്യം മാന്യയാമിന്ത്യമാതാ,
പതിഭുജമതു താങ്ങിപ്പിന്നെയും ധന്യയായി. 10

ക്ഷമയെ ഹരിപതാകൻ കാപ്പു ഭൂപൻ ശതാബ്ദം
പ്രമദമോടു പുരന്ധ്രീരത്നമാം പത്നിയോടും
സമധികരമാവൂ സൌഖ്യവും ശ്രീയുമിന്ത്യ-
യ്ക്കമിതഗുണജയിപ്പൂ ഭുവിലാംഗ്ലേയലക്ഷ്മീ. 11

## * പള്ളിക്കെട്ട് മംഗളാശംസ

ഉന്നിദ്രം കാലചക്രം തിരിയുമളവു പൊ-
ങ്ങി സ്ഫുലിംഗങ്ങൾപോലി-
ങ്ങന്യൂനംമായുമോരോദിനമതിലമിതാ-
നന്ദമിന്നുള്ളഹസ്സേ!
ധന്യം നീ നിന്നിലല്ലേ സുമുഖിയിളയരാ-
ജ്ഞിക്കു തൃത്താലിചാർത്താൻ
മിന്നുന്നോർത്താൽ മുഹൂർത്തം മഹിതമരിയപൊൻ-
നൂലിലത്താലിപോലെ 1

* 1082 മേടം ഇടവം ലക്കം വിവേകോദയം



Digitized By Kerala Sahitya Akademi

ഹാ! രമ്യം ബാല്യമിപ്പോൾ ചിരസഖി ഭവതി-
ക്കോർത്തുമേയാത്ര കേഴാ-
സ്ലാരോമൽ തമ്പുരാട്ടീ ദശകളറിക
മർത്ത്യർക്കു നിത്യങ്ങളല്ലാ
ധീരത്വം പൂണ്ടു കൃത്യങ്ങളിൽ മരുവുക,
ധന്യൻ വിധാതാവു കാലേ
വീരത്തേജ്ജ്വാഢ്യമേലും വനിതയെ വര
ഹസ്തത്തിലും ചേർത്തിടട്ടെ! 2

ഓരോരുല്ലാസവും ഭീതിയുമുരുസുഖവും
ദുഃഖവും നിന്നു തിത്യം
പോരാടും ജീവിതത്തിൻ വലിയ പടനിലം
യൌവ്വനം ഭവ്യശീലേ,
ചേരും ധർമ്മത്തിൽ നിന്നാൽ ജയ, മപജയമാം
തെററിയാ, ലോക്ക ദീർഘം
പാരിൽ പ്രാപിക്ക രാജ്ഞീ, തിരുവടി
സുചിദാമ്പത്യമാദ്യന്ത ഹൃദ്യം. 3

പ്രാപിച്ചു ഭാഗ്യമാര്യേ ഭവതിയെ രവി-
വർമ്മാഖ്യനാം ചിത്രകൃത്താം
ഭൂപാലൻതൻെറ ബീ. ഏ. പദവിജയി
മഹാഭാഗനാം ഭാഗിനേയൻ.
ശോഭിച്ചു ദമ്പതമേററം പ്രജകൾ കൃതികളായ്
നിങ്ങളിൽ സാമ്പ്രതം നി-
ക്ഷേപിക്കുന്നാശ, വഞ്ചിക്ഷിതിപകുലമതിൻ
വമ്പെഴും പൊൻപതാകെ. 4



Digitized By Kerala Sahitya Akademi

പൃഥ്വീശാലംബരല്ലോ പ്രജകൾ, ഭവതി
ദൃഷ്ടാന്തമായ് കാന്തമാകും
വർത്തിക്കും രാജ്ഞിമാർക്കും ചിരമിവിടെ വധൂ-
ജാതി വിഖ്യാതിയേലും
പ്രത്യേകിച്ചിന്നിവയ്ക്കും വരമരുളുമജൻ
പാർവ്വതീഭായിരാജ്ഞീ
പുത്രന്മാരെന്ന പേരാർന്നിനിയവനിപർ
വേണാടു വാണീടുവാനും. 5

---

## * ഷഷ്ടിപൂർത്തിമംഗളം

---

I

### വഞ്ചിപ്പാട്ട്

അടവിചൂഴും സഹ്യന്റെ കൊടുമുടികളും മൂന്നു
കടലുകളും കാക്കുന്ന കേരളത്തിന്റെ

മുടിമണിപോലെതെക്കു വിളങ്ങും വഞ്ചിരാജ്യത്തിൽ
കുടിപാർക്കുന്നവർതന്നെ ധന്യരൂഴിയിൽ.

---

* ശ്രീമൂലംതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തിമഹം പ്രമാണിച്ച് പ്രസിദ്ധംചെയ്ത ''വിവേകോദയം'' ഉപപത്രത്തിൽ ചേർത്തിരുന്നത്.
5



Digitized By Kerala Sahitya Akademi

അവരന്യപ്രജകൾപോലരിഭീതിയറിവീല
അവക്കീതിഭയവുമില്ലൊരുകാലത്തും

അവനംചെയ്യുന്നു നിത്യമനുഭാവശാലിഷ്ഠന്മാർ
അവരെകുലശേഖരപ്പെരുമാക്കന്മാർ

കരവഴിമുകിലനും കട്ടുംമൈസൂർകടുവായും
ഉരപെട്ടും കടലൂടെ പറങ്കികളും

വിരയെവന്നു പിടിപ്പാൻ, വഞ്ചിശ്രീതട്ടിക്കളഞ്ഞു
കരങ്ങളെ—യവൾ വീരകളത്രമല്ലി!

മംഗലചരിതംകൊണ്ടും മതിവൈഭവങ്ങൾകൊണ്ടും
തുംഗമാം തേജസ്സുകൊണ്ടും തിളങ്ങിനിൽക്കും

ആംഗലമഹാലക്ഷ്മിയെ വഞ്ചിലക്ഷ്മി സഖിയായി
സംഗമിച്ചു—സത്തുചേരും സത്തിനോടുതാൻ.

അതിപുരാതനം വഞ്ചിരാജവംശം ചെന്നെത്തുകി-
ല്ലതിന്റെ യടിക്കെങ്ങും ചരിത്രദൃഷ്ടി

അതിനാലക്കഖനിയുടെ മുകളിലെച്ചിലചാരു
മൃതിപെട്ടും രത്നങ്ങളെയറിവൂനമ്മൾ

ക്ഷതികൾനീക്കിയും രാജ്യപരിധികൾപരത്തിയും
സ്ഥിതിയുറപ്പിച്ചും കാത്തും പരിഷ്കരിച്ചും

അതിമാനുഷഗുണന്മാരടുത്തകാലത്തു വഞ്ചി-
ക്ഷിതിവാണിരുന്നു പല തമ്പുരാക്കന്മാർ



Digitized By Kerala Sahitya Akademi

അഹിതതമസ്സുകററി യനാര്‍ത്ഥസംജ്ഞതേടിയ
മഹിതചരിത്രന്‍ സാക്ഷാല്‍ മാര്‍ത്താണ്ഡവര്‍മ്മ,

മഹിയില്‍ പ്രസിദ്ധിയാര്‍ന്ന ബാലരാമവര്‍മ്മ പിന്നെ
മഹിളമാരുമയമ്മ, പാര്‍വ്വതിരാജ്ഞി,

ഖ്യാതിയേറീടും സകലകലാവല്ലഭരായോര-
സ്സ്വാതി, യായില്യം, വിശാഖം തിരുമേനിമാര്‍

നീതിയോടിവരെല്ലാരും ഭരിച്ചിന്നാടിന്നനിത്യ-
ഭൂതിചേര്‍ത്തതിന്നും നമ്മള്‍ സ്മരിപ്പതല്ലൊ.

ധവളയശസ്സുകൊണ്ടു ധരണിയില്‍വെണ്മതേടു-
മവരുടെയനുഗ്രഹാശേഷവധിയായി

ഭുവനവിളക്കായ് ഭാഗ്യപരമാവധിയായ് ഭക്ത-
കുവലയങ്ങള്‍ക്കു പുത്തന്‍ കളിര്‍മതിയായ്

അവരുംനമ്മളും ഭാവിപ്രജകളുമന്‍പില്‍ചെയ്തോ-
രവധിയററപുണ്യത്തിന്‍ പരിപാകമായ്

അവനിയില്‍ മൂലതാരമതിപ്രഖ്യാതമാംവണ്ണം
അവതരിച്ചരുളിയപൊന്നുതമ്പുരാന്‍,

കരുണാവാരിധിചിത്തകമലത്തെകമലാക്ഷ
ചരണപീഠീകരിച്ച ചരിതവ്രതന്‍

നിരുപമഗുണനിധി നിഗമാര്‍ത്ഥജ്ഞന്‍നിശാത
നിരവദ്യമതി നാനാ നീതികോവിദന്‍



Digitized By Kerala Sahitya Akademi

നരദേവനിന്നുനമ്മെ ബ്ഭരിച്ചുവാണരുളുന്നു
ധരയിൽ നമ്മെപ്പോലുണ്ടോ ഭാഗ്യശാലികൾ!

പരംപലഭിന്നജാതി മതസ്ഥരാം നമ്മെയെല്ലാം
തിരുമേനിസ്നേഹിക്കുന്നു തനയരെപ്പോൽ

പിറയും കരിശും നീളെ പക്ഷീന്ദ്രനും വൃഷഭവും
കറവെന്യേകൊടികളിൽ പൊങ്ങിനില്ക്കുന്നു

പറയക്കിടാങ്ങളോടെത്തെഴുത്തിനിരുന്നീടുന്നു
മറയോരുടെയുണ്ണിമാർ മറ്റെന്തുചൊൽവൂ

ഇന്നാളല്ലോപൊന്നുതിരുമേനി തിരുമൂപ്പേററതി-
ന്നെന്നാൽ മുപ്പത്തിരണ്ടബ്ദം പാന്നുപോയി

എന്നല്ല നാം ചിരംകാത്ത ഷഷ്ടിപൂർത്തിമഹാമഹ-
മിന്നാണല്ലോ ഹന്ത ഭാഗ്യം ഹരി! ഓ! ഹരി!!!

* * * *

അഞ്ചിതഗുണഗണരായബ്ജനാഭപാദപത്മ
ചഞ്ചരീകചിത്തരായ തമ്പുരാന്മാരിൽ

സഞ്ചിതസമൃദ്ധിയോടും സകലഹിതമാമ്മാറീ
വഞ്ചിനാടുവാണിരുന്നില്ലിതുപോലാരും

നെഞ്ചലിഞ്ഞു ജനഹിതമൊന്നിനെ മുൻനിർത്തിയെത്ര
വഞ്ചിലവുംചെയ്തീടുന്ന വസുന്ധരേശൻ



Digitized By Kerala Sahitya Akademi

സഞ്ചരിതം വിടാതെയും മുറുകെപ്പിടിക്കാതെയും
തഞ്ചമായ് നീതിമാർഗ്ഗങ്ങൾ തെളിയിക്കുന്നു.

നാഞ്ചിനാട്ടുമരുഭൂവിൽ നദിയെത്തടഞ്ഞുകേററി
കാഞ്ചനം വിളയിക്കുന്നു കരുണാനിധി,

വാഞ്ഛിതം നമുക്കണത്താൻ വഴിനൽകും പ്രജാസഭ
പാഞ്ചജന്യപാണിഭക്തൻ നടത്തിക്കുന്നു.

പീവരമാം മലയടി തുരന്നും പാതകൾവെട്ടി-
യാവിവണ്ടിനടത്തുന്നിതൊട്ടുദൂരത്തിൽ,

കേവലംകീഴ്നടപ്പുകൾ ഗണിയാതെവർഗ്ഗങ്ങൾക്കു
പാവനനിയമംനൃപൻ നിർമ്മിപ്പിക്കുന്നു

അടവിയിൽവഴിവെട്ടിത്തെളിക്കുന്നു മുകിൽമൂടും
കൊടിയമലയും കൃഷിത്തോട്ടമാക്കുന്നു,

വടിവിൽത്തുറമുഖങ്ങൾ തുറക്കുന്നുതിരതല്ലും
കടലിലും പാലംപണിതുറപ്പിക്കുന്നു.

ധനംവർദ്ധിച്ചിതുനാട്ടിൽ ധാരാളംവിദ്യവർദ്ധിച്ചു
ജനവുംവർദ്ധിച്ചു—ഹന്ത! ജയിപ്പൂ ഭൂപൻ!

അനന്തഗുണമിയലു മനന്തരവരുമൊന്നി-
ച്ചനന്തശായികാരുണ്യാമൃതസേവയാൽ

അനന്തരായംശതാബ്ദമഹവും കഴിഞ്ഞു നൃപ-
നനന്തലംവാഴട്ടെ യനന്തകാലം!



Digitized By Kerala Sahitya Akademi

ആസുരഭാവം ഭുവിൽനിന്നകലട്ടെ നിത്യം ശുഭ-
വാസരങ്ങൾകൊണ്ടുവിശ്വം തെളിഞ്ഞീടട്ടെ!

'കൈസറ'ടെ കരബലമസ്തമിച്ചെങ്ങു 'മാംഗല'
കേസരിപതാക കാററിൽ കളിയാടട്ടെ!

---

## * മംഗളാശംസകൾ

---

താനേപോയ് വർഷമിപ്പോൾ ധരണിസുഭഗസ
സ്വാദ്ധ്യയായ്, വിണ്ണിലെങ്ങും
വാനോർയാനത്തിൽ വെള്ളക്കൊടിനിരകൾകണ-
ക്കായ് പറക്കുന്ന മേഘം,
നൂനം ശ്രീ വഞ്ചിഭൂവാസവന തിരുവയസ്സ-
മ്പത്തും നാലുമായെ-
ന്നാനന്ദം ദ്യോവിലും ഭൂവിലുമിയലുകയാം
ചേതനാചേതനങ്ങൾ.

(14–കന്നി–1087

പുരുകൃപയൊടു നമ്മെപ്പോററുമിപ്പൊന്നുമൂലം
തിരുവടിയവതാരം ചെയ്യോരന്നാൾതുടങ്ങി
ഉരുസുകൃതമുയർന്നാഴിയിൽ ചെയ്തുചുററി-
ട്ടരുണനുഴറിയൻപത്തെട്ടു തീർത്ഥാടനങ്ങൾ.

---

* (അൻപത്തെട്ടാമത്തു തിരുനാളിന് എഴുതിയതു്) 1091–
മേടം ലക്കം വിവേകോദയം.



Digitized By Kerala Sahitya Akademi

നാലക്ഷരം തിരിയുവോർ നലമോടപാട-
മാലക്ഷമായ്ഗുണ മഞ്ജരിയാൻ നിത്യം
കാലക്ഷയം തടവിടാതിഹ കല്പകംപോൽ
മൂലക്ഷമാരമണ, നിന്തിരുമേനി! വാഴ്ക.

സമ്പത്തും സുഖവും സമസ്തഗുണവും സൽക്കീർത്തിയും സാന്ദ്ര
മാ-
യമ്പത്തെട്ട ശരത്തു ധന്യതരമായ്ത്തീർന്ന ഭവത്സേവ
യാൽ
മുമ്പേത്തയവവെല്ലമാറണിനിരന്നെത്തും ശുഭാബ്ദങ്ങൾ
മേ-
ലമ്പത്യന്തമെഴുന്ന വഞ്ചിനൃപതേ, തൃക്കാൽമെതിക്കാ
മിനി-

ഷരിദ്രം വിട്ടുഗുണങ്ങൾ തിങ്ങിവിലസും
ശ്രീമൂലഭൂപാലകോ-
ന്നിദ്രശ്രീയുതഭാഗ്യവാൻ കടലിനെ
പ്പൊക്കാൻ ചൊരിക്കും സദാ
സദ്രക്ഷാനിപുണങ്ങളാം മൃദുകടാ-
ക്ഷത്തിൻതരംഗങ്ങളാൽ
ഭദ്രം പാൽക്കടൽമേൽ ശയിച്ച പരിശോ-
ഭിക്കും കൃപത്തേൻകടൽ.

ഇന്നല്ലോ സുദിനം ചിരം ധരയിൽ നാ
മാശിച്ച ലോകോത്സവം
വന്നല്ലോ കരുണാപരയാധി മഹിത-
ശ്രീവഞ്ചിഭൂവാസവൻ



Digitized By Kerala Sahitya Akademi

ചെന്നക്കാമലകാന്തി പൂണ്ടു കയറുന്ന
ല്ലോ ശുഭാവാസമായ്
നിന്നാനും പുരുഷായുഷാം ബലരസ-
ന്മധ്യത്തിൽ നിത്യോജ്ജ്വലൻ.

ശ്രീയുക്തം നിജഷഷ്ടിപൂർത്തിമഹമീ
ശ്രീമൂലഭൂപൻ നയി-
ച്ചായുസ്സിന്നപരാർദ്ധമായനിതര-
ക്ഷേമത്തൊടെത്തീടുവാൻ
വായുപ്രേരിതപത്മമൊത്തു രമത-
ന്മേലുംഭജിപ്പോരിലും
ചായും കൺമുനനീട്ടിടട്ടെ ഭഗവാൻ
ശ്രീപത്മനാഭൻ സദാ

ശ്ലഥരസത വിടാതെ സൽപ്രബന്ധ-
ഗ്രഥനമനോജ്ഞ ചരിത്രഭൂതിയാർന്നും
വ്യഥശകലമെഴാതെയും ശതാബ്ദം
പ്രഥയൊടു വാഴ്ക വഞ്ചിമൂലഭൂപൻ

വടിവിൽ വലിയവഞ്ചിവംശകീർത്തി-
ക്കൊടിമരമായ കൃപാലു മൂലഭൂപൻ
നെടിയഹരികടാക്ഷമാം കയറ്റിൻ
പിടിയൊടുനില്ക്ക നിവൻ നീണ്ടകാലം.

14-2-94.



Digitized By Kerala Sahitya Akademi

വിലതടവിയവഞ്ചിമന്ദിരത്തിൻ
വിലയമെഴാത്ത വിളക്കു മൂലഭൂപൻ
വിലസുക ഫണിശായി തൃക്കടക്കൺ
വിലസിതമാം നവതൈലവീചിയാലെ

15-2-94

നല്ലതാകുക കനിഞ്ഞു നിത്യമീ–
യല്ലൽതീർത്തു നൃപജന്മതാരകം
കൊല്ലവർഷശത്രുവിൻകഴുത്തിൽ ഞാ–
ന്നുല്ലസിക്കുമൊരു ദിവ്യഭൂഷണം.

ജാതിക്കൊക്കെയുമൊത്തപോലെയിമ്മതങ്ങൾ
ക്കേതിന്നും സമനിലതേടിയെന്നുമാക്കും
ഭൂതിക്കായ് വിലസണമുന്നതപ്രഭാവൻ
ജ്യോതിസ്സഞ്ചയപതിപോലെ മൂലഭൂപൻ.

1098

ഹാ! മൂലദിവാകരനാവിർഭൂതനായോര
ശ്രീമെത്തും ശുഭകാലം പിന്നെയും വരുന്നല്ലോ
താമരകൾക്കുമാത്രം താങ്ങലാം താനെന്നായി
സ്വാമിയെച്ചൊല്ലുന്നതു സത്യമല്ലഹോ പാർത്താൽ

ഇക്കാപ്പച്ചെടിയേയുമവനം ചെയ്യുന്നല്ലോ
പൊൽക്കരം നീട്ടിദ്ദേവനാകയാൽ കൃതജ്ഞമായ്
ഉൽക്കടഭക്തിയോടുമുൾക്കാമ്പു തുറന്നിനി
പുൽക്കൊടിപ്പൂവേ നീയും പാടുക മംഗളങ്ങൾ.

1099



Digitized By Kerala Sahitya Akademi

# * കേരളവൎമ്മ തിരുനാൾമംഗളം

സ്വയമുൽസുകം സ്വജനമൊക്കെയെങ്കിലും
ഭയനീയമിന്നു തിരുനാൾ മഹാമഹം
അയി മംഗളംതടവിയഗ്രജ വ്യഥാ-
വയിതാത്മ(?)ധൈര്യനിധി വാഴ്കതമ്പുരാൻ 1

പറയാം മഹാമഹിമയാൎന്നവൎക്കെഴാ-
കറവൊട്ടു ദേവ, ഭുവനാന്തരത്തിലും
നിറയും തമസ്സുധ നമുക്കു കാട്ടുവാൻ
മറയട്ടെ നീതദിവസൻ ദിവാകരൻ. 2

ജനാമാൎത്തി പൂണ്ടിതു, ഭവാദൃശൎക്കെഴാ-
നിനവോൎക്കിലീയുടലിൽ, നിത്യമോഹിനി
അനഗീയമാന അമരീജനങ്ങളാൽ
തന്നു, ദേവ! നിങ്ങടെ വശംയശോമയി. 3

തിരുമേനിയെങ്കിലുമതീവസൌഖ്യമായ്
തിരുനാളസംഖ്യമിനിയും നയിച്ചുടൻ
മരുവീടുമായതിനു കേരളക്ഷമാ-
പുരുഹൂത, നിത്യമരുളും ശിവം ശിവൻ. 4

* ഇതു് വലിയകോയിത്തമ്പുരാന്റെ പിറന്നാൾ സംബന്ധിച്ചു് അദ്ദേഹത്തിനു സമൎപ്പിക്കാനായി ഭാഷാഭിവർദ്ധിനി (ബി. വി ) ബുക്കുഡിപ്പോക്കാൎക്കുവേണ്ടി എഴുതിയതാണു്. ആ കൊല്ലം തമ്പുരാന്റെ ജ്യേഷ്ഠൻ മരിച്ചിട്ടുണ്ടായിരുന്നു.

(1087)



Digitized By Kerala Sahitya Akademi

ഉപഹാരമിന്നമിത വാങ്മയം സ്വയം
പ്രപദത്തിൽവച്ചു തൊഴുതൻ യഥാപുരം
അപഖേദമങ്ങു കവിമൌലി രത്നമേ!
കൃപയാൽവളർത്തിയ കിടാവു "വർദ്ധിനി"

## * ഒരു യാത്രാമംഗളം

പോകുന്നു നീ ദിനമണേ, യിവിടംവെടിഞ്ഞു-
മാഴ്കുന്നു താമരകൾ ദിക്കുകൾ മങ്ങിടുന്നു,
ഹാ! കഷ്ടമായിഹ ജനങ്ങൾ കുഴങ്ങു, മന്യ-
ലോകത്തിലും പ്രഭ കലൎന്നു ഭവാൻ വിളങ്ങും. 1

ഏതാകിലും വരണമിങ്ങു വരേണ്ടതെല്ലാം
ജ്ഞാതാക്കളായതിലെഴില്ല വൃഥാ വിഷാദം
വീതാമയം ക്രമികമാമുദയങ്ങൾ കാല-
നേതാക്കൾ കാക്കുകയുമാണു ഭവാദൃശന്മാർ. 2

---

* 1087 മേടം ഇടവം ലക്കം "വിവേകോദയം"

ഇതു ദിവാൻബഹദൂർ പി. രാജഗോപാലാചാരി അവർകൾ തിരുവിതാംകൂർ ദിവാൻജി ഉദ്യോഗം വിട്ടുപോകുന്ന സന്ദർഭത്തിൽ അദ്ദേഹത്തിനു സമർപ്പിച്ചതാണ്.



Digitized By Kerala Sahitya Akademi

പട്ടായി ചെന്നഹഹ! പക്ഷികൾ ചേക്കതോറും
തേട്ടിച്ചവച്ചുഴലൊടാലയമെത്തി ശോക്കരം,
ആട്ടംവെടിഞ്ഞിതു തരുക്കൾ ഭവാനിലവം
കാട്ടുന്നു നന്ദി പലമട്ടു ചരാചരങ്ങൾ 3

നാടൊക്കെയും സ്തുതി മുഴങ്ങുകിലും ഭവാന്റെ
കേടററതല്ലുലകമെന്നതു കാട്ടുവാനോ
ക്രുദ്ധപ്രകോപമൊടിതാവിളികൂട്ടിടുന്നു
മൂഢത്വമാർന്ന ചില മൂങ്ങകൾ മുക്കതോറും. 4

അത്യന്ത തീക്ഷ്ണകരനെന്നു മുപാഗതക്കും
പ്രത്യാർത്ഥികൾക്കുമൊരുപോലെ യഗമ്യനെന്നും
പ്രത്യക്ഷമായ് പഴി ദിവാന്ധരഹോ! കഥിപ്പൂ
പ്രത്യഗ്രപത്മിനികൾ തൻ പ്രിയനെന്നു പോലും 5

ദോഷാന്ധകാര മതകററിടുമെന്നുമാക്കും
ഭോഷത്തമാൻ സമഭാവന കാട്ടുമെന്നും
ശേഷം ഗുണങ്ങളെയുമങ്ങിനെ താൻ മറച്ചീ
ദോഷൈകദൃക്കുകൾ പുലമ്പു-മിതാരുകൾപ്പൂ 6

ആരിങ്ങുപൂർണ്ണഗുണവാ നഥവാ ഖലന്മാ-
ർക്കാരാണു മൂവുലകിലുള്ളതൊരാളവാച്യൻ
ആരൊക്കെയതരുളിയാലുമഹോ തുടന്ന്
നേരായ തൻെറ വഴിവിട്ടു മഹാൻ നടക്കാ. 7



Digitized By Kerala Sahitya Akademi

വാചാലഭൂരിഗുണമാണെന്നോരു 'രാജഗോപാ-
ലാചാരി'ഞങ്ങളെ വിട്ടുന്നൊരമാത്യവര്യൻ
ഈ ചാരു സൽപ്രകൃതിയാർന്ന മഹാനുഭാവൻ
നീചാന്യഭാഗ്യയുതനായ്‌നെടുനാൾ ജയിപ്പൂ 8

## ഒരു യാത്രാമംഗളം

വഞ്ചിവല്ലഭന്റെ ഘനമേലും ശാസനയും മുപ്പ-
ത്തഞ്ചുലക്ഷംപ്രജയുടെ രക്ഷാഭാരവും

തഞ്ചമോടൊരാറുകൊല്ലം ചുമന്നുതലയുമഹോ!
തഞ്ചുമലും തളന്നൊരീമന്ത്രിസത്തമൻ.

സ്ഫുടംവിശ്രമംകൊതിച്ചു പൂരവേലതീർന്നുതിരു
നടയിലെത്തും നല്ലാനത്തലവൻപോലെ

വടിവിൽശ്രീവഞ്ചിലക്ഷ്മീ ഭഗവതിയെത്തൊഴുതു
വിടവാങ്ങുംഭംഗികാണ്മിൻ സഹജന്മാരെ!

ഇമയ്ക്കാതെനോക്കീടുവിനിതാ നമ്മെവെടിയുവാൻ
ശ്രമിക്കുന്നു ഗുണഗണനിധിയിശ്രീമാൻ

* സർ എം. കൃഷ്ണൻനായർ അവർകൾ തിരുവിതാംകൂർ ദിവാൻ ഉദ്യോഗം വിട്ടുപോകുന്ന അവസരത്തിൽ അദ്ദേഹത്തെ യാത്ര അയയ്ക്കുന്നതിനു ഈഴവരുടെ ആഭിമുഖ്യത്തിൽ ആലുവാ അദ്വൈതാശ്രമത്തിൽ വച്ചുകൂടിയ യോഗത്തിൽ പാടുവാൻ എഴുതിയതു്. (21-11-95)



Digitized By Kerala Sahitya Akademi

നമുക്കമ്പേലമിട്ടിവാൻ നമ്മെയിതാവെടിയുന്നു
നമസ്കരിക്കുവിൻനിങ്ങൾ നമസ്കരിപ്പിൻ.

സമസ്നേഹമാൻ സർവപ്രജകളിൽവർത്തിച്ചതും
സമർത്ഥതയോടപാരം വിദ്യയ്ക്കുനാട്ടിൽ

സമൃദ്ധിഃചർത്തുമെല്ലാം അയ്യോമഹാൻപോയീടുന്നു
സമയമില്ലോതാൻ ഉള്ളം സംഭ്രമിക്കുന്നു.

ക്ഷണവിശ്രമാനന്തരം ചിതശക്തിയായിജ്ജന-
പ്രണയിമഹാനയന്നപദവിനേടാൻ

തുണചെയ്യുദൈവം പക്ഷേ തനിയേവരുംഗുണങ്ങൾ
ഗുണവാന്മാർക്കെന്തിനുഃവറനുഗ്രഹങ്ങൾ!

ഉഴറിയന്യദേശങ്ങളുണയും ഭവാൻഞങ്ങടെ
പഴയഃസ്നേഹംമഹാത്മൻ മറന്നിടല്ലേ.

കഴങ്ങുന്നുമനംകണ്ണീരൊഴുക്കിമൊഴിയിടറി
വഴങ്ങുന്നുയാത്ര ഞങ്ങൾ വല്ലവാറുമേ!

ജയിക്ക മൂലഭൂപാല സചിഃവാത്തമനായ്നാട്ടിൽ
ജയശ്രീപരത്തിപ്പോമീജ്ജനവത്സലൻ

ജയിക്ക സൽഗുണനിധി ജയിക്ക കശാഗ്രബുദ്ധി
ജയിക്ക 'ശ്രീകൃഷ്ണൻനായർ ദിവാൻ ബഹദൂർ!'

---



Digitized By Kerala Sahitya Akademi

# * ഒരു അനുമോദനം

പൂവേ, സൌരഭമുള്ളനാൾ ഭുവനമാ-
    ന്യം നീ, പുരാരാമമ-
ല്ലാവാസം, സ്വയമിന്നഭീഷ്ടകൃതമാ-
    യീടുന്നകാടെങ്കിലും,
ഭുവിൽ താണറിയാത്ത ഗർഭമതിലു-
    ണ്ടാം ഹീരമേ, സ്വൈരമായ്
മേവാമത്രകരേറി നീ മഹിതമാം
    കോടീരകോടീതടം. 1

എന്നല്ലുജ്ജ്വലമായ് നഭസ്സിൽ വിലസും
    നക്ഷത്രമേയത്രനി-
ന്നെന്നും മഞ്ഞു മറച്ചിടാ മുകിലുമെ-
    ന്നും നിന്നെ മൂടാ ദൃഢം
മന്നിൽ ത്വൽഗുണമെന്നുമോരുവതിനാ-
    ളില്ലെന്നതും വന്നിടാ
മിന്നും കാന്തി നിനക്കു നൽകിയ വിധാ-
    താ മൂർഖനല്ലോർക്ക നീ. 2

---

* ഇതു് പരേതനായ ഡെപ്യൂട്ടികലക്ടർ പി. വേലായുധൻ അവർകൾക്ക് റാവുബഹദൂർ സ്ഥാനം ലഭിച്ചതിനെ സംബന്ധിച്ചു് എഴുതിയതാണു്.

1082-മിഥുനലക്കം ''വിവേകോദയം''



Digitized By Kerala Sahitya Akademi

ഉദ്വൃത്താം പുഴയെങ്ങുദിച്ചുദധിയെ
ങ്ങിന്നെത്ര സുസ്ഥൈര്യമാ-
ർന്നുദ്യോഗിച്ചിഹ ഗണ്ഡശൈലനിരയാ
സ്രോതസ്സെ രോധിപ്പതും
എത്തീടേണ്ടവയെത്തീടേണ്ടദിശി ചെ-
ന്നെത്തും തടത്തിന്നൊരാരാം-
നിർത്തീടാൻ കരുതേണ്ടഹോ! നിയതിത-
ന്നുദ്ദേശ്യമുദ്ദാമമാം. 3

അന്യോൽക്കർഷവിരക്തരാത്മസുഖമ-
റ്റൈശ്വര്യമറ്റന്ധരായ്
തന്നൊത്താനെരിയുന്ന കത്തിയൊരസൂ-
യാവഹ്നിതന്നിൽ സദാ
അന്യൂനം പറയാം മനുഷ്യരിൽ ദുരീ-
ഷ്യാമുക്തരാരാകിലും
ധന്യന്മാരവർ; സത്യമോതി ഭഗവാൻ
ബുദ്ധൻ വിവൃദ്ധാശയൻ. 4

ഉൽക്കർഷത്തിന്നു ജാതിജാതിയൊടിട
ത്തോരാതെപോരാടിയോ
നിഷ്ഠൂരാര്യം സമുദായമാഞ്ഞു സമുദാ-
യത്തോടെതിർത്തോ സ്വയം
ഒക്കെപ്പാടെവരും ജയാപജയമെല്ലാം
കണ്ടുകൊണ്ടത്രമേൽ
നിൽക്കുന്നുണ്ടൊരുകൈ! സമീകരണസ-
ന്നാഹത്തൊടൂഹിക്കുകിൽ. 5



Digitized By Kerala Sahitya Akademi

പൊങ്ങുംതാണത്തു പൊങ്ങിനിന്നതതുപോൽ
താഴ്ം; വിളങ്ങുന്ന പു-
മങ്ങിപ്പോമിഹ നാളെ നൂനമഥവാ-
യിന്നല്ലയെന്നാകിലും,
എങ്ങും ഭംഗമെഴാതെയീ നിയമമാം
ചക്രം ചലിക്കുന്നതിൽ
തങ്ങീടുന്നഖിലം, തദാശ്രയഫലം
നൽകുന്നു യത്നങ്ങളും. 6

കിട്ടാഞ്ഞു ഗുണതുല്യവൃത്തി നിജരാജ്യം
വിട്ടു നഷ്ടാശനായ്
ബ്രിട്ടീഷാശ്രയമെന്നുപോയ് വിദിതനാം
പി. വേലു, ബി. ഏ. വോൻ
സ്പഷ്ടം ഭാരതചക്രവർത്തി പരിതോ-
ഷിച്ചു, ലഭിച്ചീപ്സിതം
ദിഷ്ടത്താലതുമല്ല "റാവുബഹദൂ"രെ-
ന്നായ് വേന്നാമവും. 7

ആരാർത്തീഗതമായ കൊള്ളിയതിവ-
ർത്തിക്കും വിളക്കാകുമെ-
ന്നാരീവിസ്മൃതമായ വിത്തു മരമായ്
വാഴുന്നുവെന്നോർത്തതും?
പാരം വിസ്മയവും കുതൂഹലവുമു-
ണ്ടാകുന്നിതാനന്ദവും
ധീരാത്മൻ, സ്വയമോർത്തു ലോകഗതിയിൽ
തോന്നുന്നു വിശ്വാസവും 8



Digitized By Kerala Sahitya Akademi

യോഗ്യൻ യുക്തപദം ഭവാനിതഥവാ
പ്രാപിച്ചതാശ്ചര്യമ-
ല്ലോക്കുന്നുണ്ടധികോന്നതിക്കു മധികം
പേർപാത്രമാവതും
ഭാഗ്യത്തെപ്പുകഴുന്നതിൽ പ്രഥയുമ-
ല്ലുണ്ടനന്യധന്യത്വമീ
വാഗ്ബന്ധത്തിനു പിന്നെ—ലോകമറിയു-
ന്നുണ്ടായതോതാതെയും. 9

പോകട്ടായതു ഭൂരിമോദമിയലു-
ന്നൊന്നല്ല രണ്ടല്ലതാൻ
ഈ കാണും ഭവദീയർ തൻ ഹൃദയമി-
ന്നീരേഴു നൂറായിരം
ആകെക്കണ്ടു കൃതാർത്ഥനാകുക, ഭവാൻ
മാഹാത്മ്യമാത്മീയമാം
ലോകത്തിന്നെഴുമേവനാൽ, ഗുണനിധേ!
യിന്നാപ്പുമാനേ പുമാൻ. 10

പ്രീതിക്കായ് സുമതേ, ഭവാനെ വെറുതേ
വർണ്ണിക്കയോയല്ല ഞാൻ
ജാതിസ്നേഹനിമിത്തമാം ജളതയാൽ
കെല്പാൻ ജല്പിക്കയാ
ചേതസ്സിങ്കൽ യുവാക്കളീ ചരിതമൊന്ന
ക്ലിഷ്ടദൃഷ്ടാന്തമായ്
വേദിക്കും സ്ഥിരയത്ന നിഷ്ഠയതിനും
വിദ്യോദ്യമത്തിന്നുമേ. 11



Digitized By Kerala Sahitya Akademi

ഹാ! വാഴ്ത്തേണ്ടിയിരുന്നു ഭയ വിദിതവൃ-
ത്താന്തൻ ഭവത്താതനി-
ന്നാവിദ്യാപ്രണയിക്കെഴും രസവു-
മാക്കേത്തും കൃതാർത്ഥതാവും
ഭുവിൽ ധീഗതിപോലെയോ പിണയു
മാശാതന്തുവെപ്പോലെയോ
ജീവൻ നീളുവതില്ല മർത്ത്യനയി, കഷ്ടം!
പോട്ടെ ദൈവേഷ്ടമാം. 12

ഈ മന്നിൽ പരിപൂർത്തിയില്ല വിഭവങ്ങൾ
ക്കൊന്നുമെന്നാകിലും
ഹേ മാന്യാശയ, നിങ്ങൾ ഭാഗ്യനിധിയാണീ
വൃത്തമാത്തിപ്പൊഴും
സാമോദം കലരുന്ന സ്ഥവിരയാം
മാതാ സമുൽബുദ്ധമാം
ഹേമന്താംബുജമൊത്ത വക്ത്രമതിലാ-
യാനന്ദമന്ദസ്മിതം. 13

ചൊല്ക്കൊള്ളുന്ന പദങ്ങളും മഹിമയും
മേന്മേലുമേലും ഭവാ-
നൽക്കർഷത്തിനു ദേഹികൾക്കവധിയി-
ല്ലത്ത തന്നത്യാഗവും
ഉൾക്കാമ്പിൽ ജഗദീശ ഭക്തിയൊടു-
മങ്ങാരോഗ്യമോടും ചിരം
വിഖ്യാതത്വമിയന്നു വാഴ്ക സമുദാ
യത്തെയുമൊത്തീടുക.

---



Digitized By Kerala Sahitya Akademi

# *ഉദിക്കുന്ന നക്ഷത്രം

പൂമൊട്ടിൻപുടഭേദമൊത്തു വിരവിൽ
        പൂർവ്വാന്തരീക്ഷത്തിലി-
ന്നോമൽത്തുങ്കിരണങ്ങൾ നീട്ടിയുദയം
        ചെയ്യുന്നനക്ഷത്രമേ,
ക്ഷേമം വായ്ക്കു നിനക്കിരുട്ടിലുഴറി
        ക്ഷീണിച്ച ഞങ്ങൾക്കഹോ
ശ്രീമത്തായ വെളിച്ചമാണു് വഴി കാ
        ട്ടീടുന്ന കൈയാണു നീ.

ഭംഗം വിട്ടയി നീ നിയാമകമുണ
        പൊങ്ങിദ്രുതം വിണ്ണുതൻ
ശൃംഗം പുക്കവിടെച്ചിരം ദ്യുതി ചൊരിഞ്ഞീ-
        ടുന്ന കോടീരമായ്,
മംഗല്യാവലിയാർന്നു വാഴ്ക തലമേൽ
        നീ നിന്നു തൂവുന്നൊര-
ത്തുംഗാഭിഖ്യകളാരചിക്ക കനകോ
        ഷ്ണീഷങ്ങൾ ഞങ്ങൾക്കുമേ.

---

* ഇതു് എം. ഗോവിന്ദൻ ബി. ഏ. ബി. എൽ. അവർകൾക്കു് ജഡ്ജി ഉദ്യോഗം കിട്ടിയപ്പോൾ അദ്ദേഹത്തെ അനുമോദിക്കുവാൻ കൂടിയ യോഗത്തിൽ ചൊല്ലുന്നതിനെഴുതിയതാണു.

12-7-98.



Digitized By Kerala Sahitya Akademi

## സ്വാമിതിരുനാൾമംഗളം

ശ്രീനമ്മൾക്കനിശം ശിവൻ വിതരണം
        ചെയ്യട്ടെ ചിന്തിപ്പവ-
ർക്കാനന്ദാകരനാത്മകർമ്മസഖനായ്
        നില്ക്കും ജഗൽക്കാരണൻ
ഊനം വിട്ടിതുമല്ലനുഗ്രഹമലിഞ്ഞേ-
        കട്ടെ യോഗീന്ദ്രനാം
'ശ്രീനാരായണധർമ്മപാലന'സഭാ-
        ദ്ധ്യക്ഷൻ ജനക്ഷേമദൻ

(1082 വൃശ്ചികം)

പാരം പ്രമോദകരജന്മദിനോത്സവത്തിൻ
പാരത്തിലെത്തിയിഹ ഞങ്ങളഹോ മദീശ!
ഈരാറുവർഷദശകം സസുഖം ജയിക്ക
നാരായണാഖ്യഗുരുവിമ്മഹിമേൽ മഹാത്മാ

മന്നും ചരാചരവുമംബരവും ചമച്ച
മിന്നും കരാംബുജമെഴുന്ന മഹാകൃപാബ്ധേ
നിന്നെജ്ജഗന്മയ, തിരഞ്ഞറിയാ ബുധന്മാർ
പിന്നെ ബ്ഭജിച്ചിടുവതെങ്ങിനെ പാമരന്മാർ!

എന്നാകിലും മലരിൽ മക്ഷികപോൽ ഭവാനിൽ
വന്നാശ്രയിപ്പതിനെഴും തൃഷമർത്ത്യനോർത്താൽ
എന്നാൽ ജഗൽഭ്രമമകന്നിഹ ദേവ നിൻകാ
ലൊന്നാശ്രയിപ്പവരെയാരു നമസ്കരിക്കാ!



Digitized By Kerala Sahitya Akademi

സ്വാമിൻ സ്വയം സ്വമതസംസ്കരണത്തിനായു-
മീമന്ദഭാഗ്യരുടെ യുദ്ധരണത്തിനായും
ഭീമം മഹാവ്രതമെടുത്ത ഭവാൻെറ യോഗ-
ക്ഷേമം നടത്തുമിഹ ശാശ്വതനീശ്വരൻതാൻ.

ആരന്ധകാരനിരനീക്കി നമുക്കു ബോധ-
മാരബ്ധമാവതിനു പൊങ്ങിയഹസ്കരൻപോൽ
ആരാൽ പവിത്രയിഹ ഭൂമി മഹാമഹാനാ
നാരായണാഖ്യഗുരു വാഴ്ക വാഴ്കെന്നും.

(1089 ചിങ്ങം)

വ്യാജം വിട്ടു നടക്കുമീഴവ നഭോ-
ജ്യോതിസ്സകൾക്കൊക്കെ ന-
ല്ലോജസ്സുകിയുദിച്ചിണ്ണ്കാന്തിയൊടെഴും
മത്സ്വാമി ചിത്സാരഥി

ഈ ജന്മർക്ഷമഹം കഴിഞ്ഞു സുഖമാ-
യിന്നും ചിരം വാഴുവാൻ
തേജസ്സേറിയെഴും ത്രയീനിലയമാം
ധാമത്തെ നിത്യം തൊഴാം.

(6-1-93)

കാറാകെപ്പോയ് മറഞ്ഞു കളധവളപട-
ശ്രീമുകിൽ പൂവിതാനം
കേറാറായി നഭസ്സിൽ ധരയിൽ നവകലാ-
മന്ദിരഖ്യാതി തിങ്ങി



Digitized By Kerala Sahitya Akademi

ക്കുറാന്നദ്വൈത രമ്യാശ്രമഗഗനലസ-
ച്ചന്ദ്രനെൻ സ്വാമി മേലും
നൂറാവൎത്തിച്ചു രാജിക്കുകനൃതികൾപെടും
ജന്മനാൾ വെണ്മയോടും.

(3-1. 94)

ഇണ്ടൽപ്പെട്ടീടമാറായുഴറി യസിതപ-
ക്ഷം ഗമിക്കാതെ ചീത്ത-
കൊണ്ടൽക്കൂട്ടങ്ങൾ പൊങ്ങിക്കയറിയൊളിമറ-
യ്ക്കാതെ വിഖ്യാതിയോടെ

കണ്ടാനന്ദോൎമ്മി കണ്ണിന്നനിശമുതിരുമാറാ-
യ്പിളങ്ങട്ടെ ലോകം
കൊണ്ടാടും സ്വാമി യസ്മൽകുല ജലനിധിയെ
പ്പൊക്കി നിൽക്കും സുധാംശു

വ്രതിമാർ കരയിൽ ജപിക്കവേ
സതിമാർ നിൎമ്മല നീരിൽ നീന്തവേ
അതിദുർല്ലഭ ഹംസമേ ചിരം
ക്ഷിതിപത്മാകരമാന്നിരിക്ക നീ.

(1098-ചിങ്ങം)

ലോകാനന്ദദനായ് ജഡപ്രകൃതിയെ
ജ്ജാത്യന്ധമാക്കിത്തമ-
സ്സാകാരത്തു പരത്തീടും ചിറകിനെ
ച്ഛേദിച്ചു ഖേദം വിനാ



Digitized By Kerala Sahitya Akademi

ശ്രീകാളും ഛവി തൂവിയങ്ങു ചതയത്തോ-
ടൊത്തു ചിങ്ങം പെറും
രാകാചന്ദ്ര, ജയിക്ക രാവുപകലായ്
മാറുന്ന കാലംവരെ.

(1099)

---

## * ഗുരു

(ഒരു സമാജസ്തുതി)

---

ആരായുകിലന്ധതയമൊഴിച്ചാദിമഹസ്സിൻ
നേരാംവഴി കാട്ടും ഗുരുവല്ലോ പരദൈവം;
ആരാദ്ധ്യനതോർത്തീടുകിൽ ഞങ്ങൾക്കവിടുന്നാം
നാരായണമൂർത്തി, ഗുരു നാരായണമൂർത്തി 1

അമ്പാർന്നവരുണ്ടോ പരവിജ്ഞാനികളുണ്ടോ
വമ്പാകെവെടിഞ്ഞുള്ളവരുണ്ടോയിതുപോലെ
മുമ്പായി നിനച്ചോക്കെയിലും ഞങ്ങൾ ഭജിപ്പൂ
നിമ്പാവനപാദം ഗുരു നാരായണമൂർത്തേ. 2

അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലിചെയ്‌വൂ;
സന്യാസികളില്ലിങ്ങനെ യില്ലില്ലമിയന്നോർ
വന്യാശ്രമമേലുന്നവരും ശ്രീഗുരുമൂർത്തേ 3

---

* സ്വാമിയുടെ ഷഷ്ടിപൂർത്തിക്കെഴുതിയത്.



Digitized By Kerala Sahitya Akademi

വാദങ്ങൾ ചെവിക്കൊണ്ടു മതപ്പോരുകൾ കണ്ടും
മോദസ്ഥിരനായങ്ങു വസിപ്പൂ മലപോലെ
വേദാഗമസാരങ്ങളറിഞ്ഞങ്ങൊരുവൻതാൻ
ഭേദാദികൾ കൈവിട്ടു ജയിപ്പൂ ഗുരുമൂർത്തേ. 4

മോഹാകുലരാം ഞങ്ങളെയങ്ങേടെയടിപ്പൂ
സ്നേഹാത്മകമാം പാശമതിൽ കെട്ടിയിഴപ്പൂ;
ആഹാ ബഹുലക്ഷം ജനമങ്ങേത്തിരുനാമ-
വ്യാഹാരബലത്താൽ വിജയിപ്പൂ ഗുരുമൂർത്തേ. 5

അങ്ങേത്തിരുവുള്ളറിയൊരമ്പിൻ വിനിയോഗം
ഞങ്ങൾക്കു ശുഭം ചേർത്തിടുമീ ഞങ്ങടെ "യോഗം"
എങ്ങും ജനചിത്തങ്ങളിണക്കി പ്രസരിപ്പൂ
മങ്ങാതെ ചിരം നിൻപുകൾപോൽ ശ്രീഗുരുമൂർത്തേ 6

തൻപാലെയുറുമ്പാദിയെയും പാർത്തിടുമങ്ങേ-
ക്കൻപോടുലകർത്ഥിപ്പു ചിരായുസ്സു ദയാബ്ധേ
മുൻപാൽ സുഖമായ് മേന്മതൊടുന്നോക്കരുളും കാൽ
തുമ്പോടിനിയും വാഴ്‌ക ശതാബ്ദം ഗുരുമൂർത്തേ. 7



Digitized By Kerala Sahitya Akademi

# * സ്വാമിതിരുനാൾ വഞ്ചിപ്പാട്ട്.

വരുവിൻ സഹോദരരെ! വരുവിനിന്നു നാമെല്ലാം
ഒരുകൊല്ലം കാത്ത സ്വാമി തിരുനാളല്ലൊ!
പാരം നമ്മെയുയർത്തുവാൻ പരമപുരുഷൻ സ്വാമി
തിരുവവതാരംചെയ്ത സുദിനമല്ലൊ!
കാർമുകിലിൻ കാലമിതാ കഴിഞ്ഞംബരം തെളിഞ്ഞു
താർമകൾതൻ നൃത്തമായി ധരയിലെങ്ങും
തുമയോടു വിളങ്ങുന്ന തരുക്കൾ തൃണങ്ങൾപോലും
കോമളദലങ്ങളാന്നും കുസുമമാന്നും,
പറക്കുന്ന പൂമ്പാററകൾ പരമാനന്ദമായെങ്ങും
നിറയ്ക്കുന്നിളംകാററ പൂമ്പരിമളങ്ങൾ
കഴിഞ്ഞുകൊയിത്തുവയലൊഴിഞ്ഞുധാന്യങ്ങൾ തിങ്ങി
വഴിഞ്ഞു ഗൃഹങ്ങൾ വെറം സുഭിക്ഷമായി
പെരുത്ത സന്തോഷമെന്നാരും പറയാതറിയാം രാഗം
പരത്തുന്നൂഞ്ഞാലിലാടി പികവാണിമാർ
തരത്തിലോണക്കോടികൾ ധരിച്ചു കളിയുമായി
ദരിദ്രരും ധനികരും ഉളിതഭേദം
തിരുവോണമവിട്ടവും തരസാ കഴിഞ്ഞുവല്ലൊ
സരസമിന്നു സ്വാമിതൻ തിരുനാളല്ലൊ!
വരുമാറില്ലഹൊ! കാൺക! വിഗതോത്സവമാം നാളി-
ലൊരുകാലത്തും സ്വാമിതൻ തിരുനക്ഷത്രം.

---

* ശ്രീനാരായണഗുരുസ്വാമികളുടെ 1086-ലെ തിരുനാൾ പ്രമാണിച്ച് ആലപ്പുഴ നിവാസികളായ ഈഴവരുടെ അപേക്ഷപ്രകാരം എഴുതി 1085 കർക്കടകം ലക്കം വിവേകോദയത്തിൽ പ്രസിദ്ധം ചെയ്തത്.



Digitized By Kerala Sahitya Akademi

ശരി; ജനഃക്ഷമാത്ഥമായ് ധരയിലവതരിക്കും
പുരുഷൻെറ പുണ്യദിനമിതുപോൽവേണം
സമസ്തസൽഗുണങ്ങൾക്കും സമഗ്രനിലയൻ ധീമാ-
നമത്ത്യഗുരുസമാനനതിഃതജസ്വി
നമുക്കഭ്യദയം നൽകും ഗുരുവായ് ദൈവമയച്ച
നമസ്കരണീയൻ സ്വാമി ജയിച്ചീടുന്നു.
മതബോധവും വിദ്യയും പരത്തുന്നു നമ്മൾക്കഭി-
മതമാമാചാരം സ്വാമി യരുളീടുന്നു
സതതം നമ്മുടെ ഭാവിഗതമാം ഗുണത്തെയോത്ത്
വിതതോദ്യമനായ് സ്വാമി വസിച്ചീടുന്നു
പാരം നിഗമങ്ങളുടെ പാരഗത്വം കൊണ്ടും നിത്യ
ചാരുചര്യകൊണ്ടും ശുദ്ധതപസ്സുകൊണ്ടും
കേരളത്തിലെന്നുമല്ല പുറത്തും പവിത്രമായ
പേരെടുത്തിന്നിതുപോലെ പുരുഷനുണ്ടോ?
അരിയബാല്യംമുതൽക്കെ പരമഭാഗവതനായ്
ചിരതരം മുൻപാർജിച്ച പുരുപുണ്യത്താൽ
ചരിതക്രിയായോഗങ്ങൾ ചതുരശ്രീമാൻസ്വാമി
പരിചിൽ കടന്നു ജ്ഞാനി പദവി നേടി
പരമഹംസനീവണ്ണം മരുവുന്നു ലൗകികൻപോൽ
പരമഭാഗ്യമിതെന്നു പറയേണ്ടൂ നാം
സ്തുതിയും പഴിയും, മുപകൃതിയും, ദ്രോഹവും സ്വർണ്ണ
തതിയും ലോഷ്ടവും സ്വാമിക്കൊരുപോലെതാൻ
മതിയിലെന്നാലും ലോകഗയിയോത്തുസ്വാമി കാട്ടു-
മതിശയനയം കണ്ടാൽ മതിയാകുമോ,
പരമാത്മവിദ്യയുടെ പരമാവധി കണ്ടോരീ
ധരണിയിൽ സ്വാമിയെപ്പോലൊരുവരില്ല.



Digitized By Kerala Sahitya Akademi

പരഹിതബുദ്ധിയെന്നീ പരകാര്യം സ്വാമിക്കില്ല
തീരെങ്കിലും സ്വാർത്ഥ്യമില്ല തരിമ്പുപോലും
ഒരുപോലെതന്നെയുമൊരെറുമ്പെയും കനിഞ്ഞുള്ളിൽ
കരുതുന്ന സ്വാമി ജന്തു കരുണാനിധി
സാരമോർക്കിലഹിംസരിൽ സുഗതനോ, ബ്രഹ്മചര്യ-
പാരഗരാം യതികളിൽ ശുകബ്രഹ്മനോ
നാരായണഗുരുസ്വാമി വ്രതനിഷ്ഠരിൽ പുരാണ-
നാരായണ മുനിതാനോ? ഞാനറിഞ്ഞില്ല
സമസ്തസാത്വികഗുണനിവഹം വാഴന്നിതസ്സൽ
സമക്ഷം നമ്മുടെ സ്വാമി സുകൃതിമണി
നമിക്കുവിൻ സഹജരെ നിയതമീഗുരുപാദം
നമുക്കിതിൽ പരം ദൈവം നിനയ്ക്കിലുണ്ടോ?
ഗുരുവര്യനിതുപോലെ ലഭിക്കുമോ കലത്തിന്നു
ഗുരുഭക്തിയില്ലാത്താർക്കു കുശലമാമോ?
"ഗുരുബ്രഹ്മാ ഗുരുവിഷ്ണു ഗുരുദേവൻ മഹേശ്വരൻ
ഗുരുസാക്ഷാൽ പരബ്രഹ്മം" ശ്രുതി സമ്മതം
അമ്പൊത്തഖിലേശ കൃപാസത്തുകൊണ്ടിന്നു സ്വാമി
ക്കമ്പത്തിനാനാലായി തിരുവയസ്സീവിധം
ഇമ്പത്തോടവിടന്നിന്നു മമ്പത്തിനാലാണ്ടു ഭാഗ്യ-
ക്കൊമ്പത്തു നാം കരേറുമായിരുന്നീടട്ടെ
നയിക്ക നലമിയന്ന ദിവസങ്ങൾ സുഖം സ്വാമി
ദയയ്ക്കധീനനായ് വാഴ്ക നമുക്കീശ്വരൻ!
ജയിക്ക! ജയിക്ക! സ്വാമി! ജയിക്ക നമ്മുടെ ഭാഗ്യ-
ജയക്കൊടിയായ സ്വാമി ജയിക്ക നിത്യം.



Digitized By Kerala Sahitya Akademi

# ★ സരസ്വതീപഞ്ചകം

സാമോദം സത്യലോകപ്രമദവനസരോ-
മണ്ഡപത്തിങ്കൽ വിശ്വം
വ്യാമോഹിപ്പിച്ചു വെള്ളക്കമലമലരതിൽ
കാലുമേൽ കാലുമേററി
സീമാതീതം രസിക്കും സഖികൾ നട്ടുവ-
സംഗീതരംഗത്തിൽ മേവും
വാമാംഗീ വീണ വായിപ്പവൾ വരമരുളീ-
ടേണമെൻ വാണിമാതാ 1

ദേവീ, നിൻ തൃക്കടക്കൺമുന സുഭഗതമേ
രാഗവിസ്താരലോലം
ഹാ! വീക്ഷിച്ചന്തരംഗാകുലതതടവി-
യോകാന്തഗാനാന്തരത്തിൽ
ഭാവം മാറിടവേ നിൻ കരതലഗതമാം പൊൻ
വിപഞ്ചിവിലാസം
ലാവണ്യത്തിൽ ഭ്രമിക്കും വിധിയെ ലസമാ-
ധിക്കു ലാക്കാക്കുമമ്മേ. 2

ഓമത്സംഗീതവും സാഹിതിയുമുടലതായ്
തിങ്ങി വിങ്ങുന്നയേ നീ
യീമന്നിൽ പൂവിലോലും മധുവുമുദിത
നിർഹാരി സൌരഭ്യവുംപോൽ

---

* 84–ചിങ്ങം കന്നി ലക്കം "വിവേകോദയം."



Digitized By Kerala Sahitya Akademi

ആമോദം ലോകമേലുന്നതു പുനരതിനാ-
ലാണു കല്യാണരൂപേ
നാഃമാതാം നീ വെടിഞ്ഞാൽ ഭുവനമഖിലവും
ശാരദേ സാരഹീനം. 3

എന്താകം ധമ്മമെന്താം നൃപതിനയമഃഹാ
സ്വർഗ്ഗമോക്ഷങ്ങളെന്താ
മെന്താം വാഗ്ദേവതേനിൻ പതിയുടെ കര-
സാമർത്ഥ്യചിത്രം ജഗത്തും
ചിന്താരംഭങ്ങളീമന്നകമതിലായി!
താവും കിനാവെന്നിയെന്താ
മെൻതായേ നീ വെടിഞ്ഞാലുലകിടമുടനേ
മൂകമാം ലോകവന്ദ്യേ. 4

തെല്ലായാലും സ്വയം നീ ജനനി കനിയുകിൽ
തേനൊഴുക്കാൻവാക്കാൽ
വെല്ലാനും വിശ്വമെല്ലാം വിധിയെ വശഗനാ-
ക്കാനുമാക്കാണശക്യം
വല്ലാതാത്തിപ്പെട്ടന്നേനടിയനു വരദേ
യാശ്രയം പാക്കിൽക്കാ-
ലല്ലാതില്ലംബ വാഗീശ്വരി കരുണ ലവം
പെയ്ക വൈകാതെ തായേ 5



Digitized By Kerala Sahitya Akademi

* പരേതനായ എഡ്വാർഡ് ചക്രവത്തി തിരുമനസ്സിലെ

# പ്രിയപ്പെട്ടപ്രാർത്ഥന

അമ്പീടെന്നരികത്തിലന്തി ജവമായ്
വന്നെത്തിടുന്നു വിഭോ!
വമ്പിച്ചോരിരുളും മൂത്തിടു, ന്നരികിൽ
വന്നമ്പോടുമമ്പീടു നീ;
കമ്പം ബാന്ധവർ തേടവേ, സുഖമശേഷം
കൈവെടിഞ്ഞീടവേ
യെമ്പോററീ! ഗതിയററവക്കു ഗതിയേ!
യെൻമുമ്പിലമ്പീടു നീ. 1

ജീവൻതൻ ചെറുതാം ദിനം ഝടിതി
പാഞ്ഞന്തം ഗമിക്കുന്നിതാ
ഭൂവിൽ ഭൂതികൾ മങ്ങിടുന്നതിലെഴും
പ്രഖ്യാതി മായുന്നിതേ,
ഭാവങ്ങൾക്കു വികാരവും, വിലയവും
താൻ കാണ്മതെല്ലാടവും;
ദേവാധീശ്വര നിർവികാര! തുണയാ-
യെൻ മുമ്പിലമ്പീടു നീ. 3

* വിവേകോദയം 7-ാംപുസ്തകം 1-ം 2-ം ലക്കം



Digitized By Kerala Sahitya Akademi

വന്നീടൊല്ല ഭയങ്കരാകൃതിയെഴും
        രാജാധിരാജത്വമാ-
ണെന്നാൽ നന്മയുമമ്പുമായ്, കരയുഗത്തിൽ
        ശാന്തികയ്യേന്തിയും,
എന്നല്ലശ്രുവൊടും വിപത്തി, ലലി-
        വർദ്ധിച്ചാലെഴും ഏത്തൊടും
വന്നാമട്ടയി! ദീനബാന്ധവമാണേ!
        യെൻമുമ്പിലമ്പീടു നീ. 3

പോകും നാഴികതോറുമെന്നരികിൽനീ
        യെത്താൻ കൊതിക്കുന്നു ഞാ-
നാകുന്നെതിന്നു മോഹശക്തിയെയകററാൻ
        നിൻകൃപയ്ക്കൊന്നിയേ?
ഏകൻ നിന്നൊടു തുല്യനാരിവനു
        നേതാവാ? വിഭോ! താങ്ങുമാ-
മാകാം ദുർദ്ദിനമായിനിസ്സുദിനമോ,
        യെൻമുമ്പിലമ്പീടു നീ 4

പേടിക്കാരിപ്പൊതന്നെ ഞാനരികി-
        ലാശിസ്സിന്നു് നീ വാഴവേ
തേടാ കഷ്ടതഭാരവും, കദന-
        മേകാതെല്ലു കണ്ണീരുമേ!



Digitized By Kerala Sahitya Akademi

കേടകം യമദംഷ്ട്രയെങ്ങു! മൃതിയെങ്ങോ
        നിൻ തദീയം ജയം?
മൂട്ടാ.നൻ മിഴി മുമ്പു നിന്നുഭയഹസ്തം
        പൊക്കി നില്ക്കീലോ! നീ 5

നിന്നീടെൻ തിരുമേനിതാൻ മറയുമെൻ
        കൺമുമ്പു കണ്ടീടുമോ-
റെ,ന്നല്ലായിരുളൂടെ മിന്നുക യെനി-
        ക്കായ് ദ്യ്രാവു കാട്ടീടുക
വന്നു സ്വർഗ്ഗമതിന്നുഷസ്സു, വനി മായാ
        ഛായ മായുന്നതേ
യൊന്നായ്‌വാഴ്കിലും, മരിക്കില്ലമട്ട-
        ത്തമ്പീടുകെൻപോററി നീ.

---

## * ശിവഭക്തിപഞ്ചകം

---

തൻപാദചിന്തനകൾ ദേവയെനിക്കു യോഗ-
ശില്പങ്ങളായ്‌വരിക, നിൻ ചരിതാമൃതങ്ങൾ
കല്പങ്ങളായ്‌വരിക, യെൻ കരണേന്ദ്രിയങ്ങൾ
പുഷ്പങ്ങളായ്‌വരിക നിൻ പദപൂജചെയ്‌വാൻ. 1

* 1087 മിഥുനം, കർക്കടകം ലക്കം "വിവേകോദയം."



Digitized By Kerala Sahitya Akademi

അത്യന്തമത്ഭുതമതായറിവുള്ള ലോകം
നിത്യം പുകഴ്ത്തുമൊരു നിന്റെ കഥാമൃതങ്ങൾ
ബദ്ധാദരം ബഹുജനകന്നിനിയെന്നു ശംഭോ
ചിത്തം കളുർത്തു ചൊരിയുന്നതു കണ്ണുനീർ ഞാൻ! 2

രുദ്രാക്ഷവും രജതകാന്തി കലർന്ന നീറും
ഭദ്രം ധരിച്ചു ഭവദാലയ പാർശ്വമാർന്നു
ചിദ്രൂപ നിൻ ചരണഃസേവയിലെന്നു നിന്നു
നിദ്രാദിയും നിശി മറന്നു നയിക്കുമീ ഞാൻ. 3

ചിന്തിച്ചു നിന്റെ പദമേറെയലിഞ്ഞു ചിത്ത
വെന്തേറിടും വിരഹവേദന ഞാൻ പൊറാതെ
അന്തസ്സിടിഞ്ഞു കരയും പൊഴിതശ്രുധാര
ചിന്തി സ്വയം ശിശിരമാവതുമെന്നു ശംഭോ! 4

ഇദ്ദേഹമിന്ദ്രിയവുമർത്ഥവുമേകമാക്കു–
മുദ്ദാമമാമറിവെഴുന്നറിവും വെടിഞ്ഞു
അദ്വൈതമായൊഴുകമമ്പതിലാഴ്ന്നഴിഞ്ഞെൻ
ചിദ്ദേവതേ, ചിരമിരിപ്പതുമെന്നഹോ ഞാൻ. 5



Digitized By Kerala Sahitya Akademi

# * കരുണാനിധിസ്തോത്രം

കാറകന്നു തെളിഞ്ഞൊരംബരവീഥിയിൽ
കുളിർതെന്നൽ പോൽ
ചേറകന്നു വിളങ്ങിടും നെടുചോലയിൽ
തെളിനീരുപോൽ
മാറിയിമ്മലമൊക്കെയെൻ മനതാ-
രിലാരിലുമൊന്നുപോൽ
ഊറിയൻപു പരക്കുമാറു തുണയ്ക്കനീ
കരുണാനിധേ.

(അപൂർണ്ണം)

കാണപ്പെടുന്ന വിഷയങ്ങൾ കലർന്നുനിന്നു
കാണുന്ന കാഴ്ചയതിലായ്ഗ്ഗുണവും മറഞ്ഞു
ചേർന്നുററ ചിദ്ദ്യുതിയൊടും ശിവചന്ദ്രബിംബം
കാണുന്നു കൌമുദി പരന്നിനിയെന്നഹോ ഞാൻ.

(അപൂർണ്ണം)

* സുഖയതി ഹൃദയം മേ ചന്ദ്രികാ വിശദമാതഃ
കിമിഹ സുഖനിദാനം ദേവി ചന്ദ്രോ ജഡാത്മാ
ന വിധുരയമിയം വാ കൌമുദീ നേമമഭ്രം
വദനമമലഹാസശ്ചാപി തേ കേശപാശഃ.

---

* (2[illegible]—8—1092)



Digitized By Kerala Sahitya Akademi

* വിവിധകുസുമരത്നൈർ വീരുധാം ഭൂഷിതാംഗ:
കളരവകളകണ്ഠൈർഗ്ഗായകൈസ്തൂയമാന:
പരിലസതി വസന്തേ പർവതസ്സർവകാന്തേ
ക്ഷിതിഭൃദിവ ഹി സാക്ഷാന്നിർഝരാ ഭാരഹാര:

f ദധദമലകലാമിന്ദൈവന്ദവീം
ലളിതതമാംസ്വവിഷാണദലഛലാ
വിശദയതു രതിം വിശ്രുംഖലാം
മമ ഭഗവാൻ സുഖദമ, തംഗജ: 1

വ്യാപ്യവാങ്മയമിദം ജഗത് സ്ഥിതാ
വ്യാതനോതു മമ ദേവതാ ശ്രിയം
കാപി ഹസ്തപരിവാദിനീ ഗളൽ
കാകളീലയകലാ കുതൂഹലാ. 2

ഉൾക്കൊണ്ട തീയതിലുമാപതി തൻെറ കണ്ണിൽ
ചൊല്ക്കൊണ്ടെഴുന്ന മമ ശർക്കരയാർന്ന ദേവി
ഉൽക്കണ്ഠ പൂണ്ടിവനിലെപ്പൊഴുമുള്ളിലൻപു-
കൈക്കൊണ്ടു നില്ക്കണമൊഴിക്കണമാർത്തിയെല്ലാം. 3

കൈവേലുമായ് മരതകാചലകാന്തി പൂണ്ട
മെയ്‌വർണ്ണമാർന്ന മയിലേറിയ മോഹനാംഗൻ
ദൈവജ്ഞമൌലി മമ ദീനദയാപയോധി
കൈവല്യമൂർത്തി കൃപചെയ്യുക കാർത്തികേയൻ. 4

---

* വളരെ പഴയ ഒരു നോട്ടുബുക്കിൽ കണ്ടതു്. (1902)

f കൊച്ചുശങ്കരൻ ജോത്സ്യരുടെ അപേക്ഷപ്രകാരം എഴുതിയതു്.

1—10—79 എന്നു ഇംഗ്ലീഷിൽ ഒരു കുറിപ്പോടുകൂടി ‘‘നാളിന്’’ എഴുതിയ നോട്ടുബുക്കിൽ കാണുന്നതു്.



Digitized By Kerala Sahitya Akademi

# * ശിഖിവാഹനധ്യാനദശകം

ധാമസ്ഥിതം കിമപി ധൂതമദനാഞ്ജബർഹേ
പൃഷ്ഠേ ഭുജംഗമഭുജഃ ശരണം ശ്രിതാനാം
ധ്യായാമി താരകിതനീലനഭോഗതേന
ബിംബേന ബിഭ്രദുപമാം സ്ഫുടമൈന്ദവേന. 1

യസ്മിൻ ഗതേ ഹരിചമൂം ത്രിദിവസ്യ രക്ഷാ-
വിദ്യം യതോധിഗതവാൻ ഭഗവാനഗസ്ത്യഃ
കിം വാപരൈരസ്തമഹമദ്യ പുമർത്ഥകാമീ
ത്വാമേവ ദേവ കലയാമി ശിഖിപ്രതിഷ്ഠം. 2

സിന്ദൂരിതാശമരുണാരുണകാന്തിജാലൈഃ
കോടീരലംബിശശികോടിമുഖം സ്മരാമി
ശക്തേരുപാന്തലസിതാഗ്രരുചൈകതാരം
രേഖാം വിധോർവിദധതന ഇവ ത്വദീയം. 3

ഏതൌ ഭ്രുവൌ സ്വയമിമേ സരളാഃ കടാക്ഷാ-
സ്ത്വേതേ കൃപാസ്മിതവികാസികപോലപൃഷ്ഠേ
ഇത്ഥം മിദൃക്ഷുരപി ദേവ ഭിദാം ന വീക്ഷേ
തേജോമയേ തവ മുഖേ പരമാത്മനീവ. 1

---

* മിസ്റ്റർ രാമൻമേനവന്റെ സ്വന്ത ഉപയോഗത്തിനായ അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം എഴുതിയത്. തിരുവനന്തപുരം 1-1-81 എന്നു ഇംഗ്ലീഷിൽ ഒരു നോട്ടോടുകൂടെ നമ്പിനി എഴുതിയ നോട്ടുബുക്കിൽ കാണുന്നത്.



Digitized By Kerala Sahitya Akademi

മുദ്രാധരസ്ത്വവചനൈഷകരോ ന ഹാരീ
നാസ്പൃഷ്ടശക്തിരപരോപ്യ ഭയം ദധാനഃ
ഏകൈകസംഗി മമത്ര സ്തനപസ്യ ലീലാം
പര്യ്യായപാനരസികസ്യ മനോ വിധത്തേ. 5

സൌവർണ്ണതന്തുഘടിതാം സ്ഫുരദംഗരാഗാ-
മേതാം വഹൽ ഗുഹശുഭാമുപവീതവല്ലീം
പശ്ചാർദ്ധലംബിസുരചാപവതഃ പ്രകാമം
പൂർവ്വാചലസ്യ സുഷമാമയതേ തവോരഃ. 6

ആരോപിതം കിമപി തത്ര പലാശരമ്യേ
പൃഷ്ഠേ ഖഗസ്യ പദമന്യദുപാന്തലംബി
പത്മസ്യ പൂർവ്വമുപരിസ്ഫുരിതസ്യ ശോഭാം
ധത്തേപരം സരസി ച പ്രതിബിംബിതസ്യ. 7

വിശേഷോത്തരോസി ഭഗവൻ ഖലു ദർശനീയ
സ്ത്വഞ്ചാപ്യയഞ്ച ഗുഹ, വാഹപരിഗ്രഹസ്തേ
ചിത്രം തനോതി ഘടനാ യുവയോർമ്മമേയം
ബാലാർക്കപൂർവ്വധരയോരിവ ലോകരമ്യം. 8

പശ്യാമി രൂപമഭിതോ വിതതസ്ഫുലിംഗ-
ധൂമോൽഗതസ്യ ശിഖിനോ വിദധദ്വിലാസം
കേകിസ്ഥപുഷ്പിതലതാവലയോച്ഛ്രിതസ്യ
ചാപാദപല്ലവിതശോണതരോഃ ശ്രീയം തേ. 9



Digitized By Kerala Sahitya Akademi

സേവേ ഭവന്തമനിശം ഹൃദയസ്ഥ, കിഞ്ചി-
ന്നാഭ്യർത്ഥയേ സ്വയമവിജ്ഞതയാ ഹിതസ്യ
യത് ശ്രേയസേ മമ കരുഷ്വ യതഃ പ്രപദ്യേ
ത്വാം ദേവ, താരകജിതം ജിതസർവ്വലോകം. 10

## * മയൂരസന്ദേശം തർജ്ജമ

ശ്രീമാൻ വഞ്ചിക്ഷിതിഭൃദ്വരഗർ-
ക്ഷോത്ഭവോ ഭാഗിനേയീം
ലക്ഷ്മീം വിശേഷോത്തരഗുണഗണൈ-
സ്താംസ്തൈസ്തൈർഗരിഷ്ഠാം
ആത്താം കുർവ്വൻ പ്രണയവസതേഃ
പ്രേയസോവിപ്രയോഗാൽ
ചിക്ഷേപ തം ബത നിരവധൌ
കേരളംദുഃഖസിന്ധൌ.

(അപൂർണ്ണം)

* "1912 ഡിസംബർ 25-ാംനു- തുടങ്ങിയതു്" എന്നു് ഒരു കുറിപ്പു് നോട്ടുബുക്കിൽ കാണുന്നു.



Digitized By Kerala Sahitya Akademi

## * ഓം.

വിരളരസലവാഭിസ്സന്തതം ഹന്ത ദൂരം
വിഷയമരുമരീചീവീചിഭിർവ്വഞ്ചിതോസ്മി
പദമഥഗതേത തച്ഛ്രാന്തം വിശ്രാന്തേതുർ–
നിരതിശയസുഖാനാം യൌഗികാനാം നിദാനം! 1

ജനക ഹി ജഗതസ്ത്വം സേവനസ്യാത്മനോഹം
ന ഖലു ഗുണനിമിത്താം പാത്രതാം തക്കതാമി
തവ നിരവധികായാ ജന്തുമാത്രത്വയോഗാ–
ദയമപി കരുണായാ ദേവ ദായാദ ഏവ. 2

ന ഫലതി പരിചര്യ്യാ നാപി ബുദ്ധിർ ന യോഗ–
സ്ത്വയി വിരദതിതീർഷുസ്ത്വാവദശ്രദ്ധയാനു
വിരഹമസഹമാനസ്യ കദാ സർവ്വദാമേ
ഭവതി ഭവതി ഭക്തിർഭൂമനി പ്രേമരൂപാ 3

അഖിലവിതതഭാവേഷ്വസ്തിഭാത്യാദി ചിഹ്നൈ
സ്ഥിതമനുകലയം സ്ത്വാം ഹർഷബാഷ്പായമാണഃ
പുളകിതവപുരാ മൂർദ്ധാ കദോദ്വേലഭക്തി–
സ്തവ വിലസിതമാത്രം ലോകമാലോകയാമി. 4

* നളിനി എഴുതിയിട്ടുള്ള നോട്ടുബുക്കിൽ കാണുന്നതു്.



Digitized By Kerala Sahitya Akademi

അപിച തവ മഹിമ്നസ്സംസ്മരൽ ഗാനലോലം
പികവധു! മദനാഭക്ത്യാ വസന്തശ്രിയേവ
മമ ഭവതി കദാ വാ യാതി ചാനന്ദമൌനം
ഹൃതഹൃദയരസാസ്വാദസ്യ പുഷ്പംധയസ്യ. 5

---

## * ശാരദാസ്തവം

---

1

വ്യാപ്യാവാങ്മയമിദം ജഗൽസ്ഥിതാ
വ്യാതനോതു മമ ദേവതാശ്രിയം
കാപി ഹസ്തപരിവാദിനീഗളത്
കാകളീലയകലാകുതൂഹലാ. 1

സാത്വികീ ഗുണവിലാസചിത്രിതാ
യാത്മനാഃ പരമപാവനീ കലാ
സാ ശിവാനി വിദധാതു ശാരദാ
ശാരദേന്ദുകിരണോജ്ജ്വലാകൃതിഃ. 2

ദേവി, നൈവ മത ഭേദനിർഗ്ഗമാൻ
ദുർഗ്ഗമാൻ ജിഘമിഷാമ്യഹം പഥഃ
ത്വാം പരാംഗതി മുപൈമി കാതരഃ
ശാരദേ ശ്രുതിവിശാരദാർച്ചിതേ. 3

---

* ശിവഗിരിയിൽ ശാരദാപ്രതിഷ്ഠാസന്ദർഭത്തിൽ ചൊല്ലുവാൻ എഴുതിയത്.



Digitized By Kerala Sahitya Akademi

അംബ യോഗിമൃഗിതാം പരാഭിധാം
ത്വാം വിഭിന്ന പരിണാമസുന്ദരീം
പുഷ്ക്കലാർത്ഥവിഭവാ മുപാസ്മഹേ
സ്ഫോടദർശിതവിചിത്രവിഭ്രമാം. 4

ലുപ്തരാഗസരണിസ്സുനിശ്ചിതാ
ലോകസംഗ്രഹവിധൌ പടീയസീ
കാമനാംബ ധിഷണാ ഭവന്മയീ
കർമ്മകൌശലജുഷാ നിഷേവ്യതേ, 5

അവ്യപേക്ഷ സുദഗാ പ്രഗീയസേ
ത്വം മയാംബ! ധൃതഭേദവേദനാ
സാസ്വയം രസമയീ രതിഃ പരാ
പ്രത്യഗാത്മ പരമാത്മഗോചരാ. 6

ശുദ്ധചിത്തമരുതാം സദാംബമേ
രോചസേ സ്ഥിതിരഹോ മഹോദയാ
പൂർണ്ണബോധപരിബാധിതഭ്രമാ
പൌരുഷീ പൃഥഗലിംഗസാക്ഷിണീ. 7

അസ്തിഭാതിസുഖമാത്രലക്ഷണേ
യന്മരൌ ജഗദിദം മരീചികാ
സാ സദാ ഹൃദിമയാംബ നിഷ്കലാ
സംവിദൌപനിഷദീ നിധീയസേ. 8

ജയനാരായണഗുരുപ്രിയ ശിവഗിരീശ്വരി
ശാരദേ ചതുരാസ്യാക്ഷി ശരച്ചന്ദ്രമരീചികേ.



Digitized By Kerala Sahitya Akademi

## II

* ശ്രയേ 'ശിവഗിരി'പ്രസ്ഥ
ഭൂഷണം സ്ത്രൈണമാത്മനാ
വാങ്മയസ്യാസ്പദം ധാമ
വന്ദാരുജയസാധനം.

വിശ്വസ്യ കാരണം കിഞ്ചിൽ
വനിതാവേഷപേശലം
ശിവാചലതടഭ്രാജി
ശാബ്ദം ബ്രഹ്മാന്ദസന്ദധേ. 2

അഷ്ടകോണാലയേ രമ്യേ
ബാലാർക്കരുണവേഷ്ടിതേ
ധൃതാസനാം പരാം വിദ്യാം
ധ്യായേ ലോചനഗോചരാം. 3

പശ്യന്തീം പശ്ചിമാംഭോധി
വീചീനൃത്തം ശിവാചലാൽ
ഹിമശുഭ്രാംബുജാസീനാം
ഹംസീം ഗച്ഛാമി ശാരദാം. 4

---

* വേറൊരു ശാരദാസ്തവം എന്ന പേരിൽ 10-ാം പുസ്തകം 9-ം 10-ം ലക്കം വിവേകോദയത്തിൽ വ്യാഖ്യാനസഹിതം പ്രസിദ്ധം ചെയ്തിരുന്നതു്.



Digitized By Kerala Sahitya Akademi

വാടീകേദാരകല്യാഢ്യം
നികഷാ വല്ലലാചലം
സേവ്യമാനാം ബുധൈർന്നിത്യം
സ്തൗമി ബ്രാഹ്മീം സുമദ്ധ്യമാം. 5

തിഷ്ഠന്തീം വ്യാപ്യ കലയാ
സംഗീതമപി സാഹിതീം
ശുദ്ധയേ വൈഖരീം വിദ്യാം
ശ്രീശംഭുശിഖരിസ്ഥിതാം. 6

വിസ്മാപയന്തീം ഭുവനം
വിലാസൈരക്ഷരാത്മികാം
ബഹുഹസ്താമേകമുഖീം
ബധ്നാമി ഹൃദി ദേവതാം. 7

അന്ധാ ഹി ചക്ഷുഷ്മന്തോപി
പതന്തി ത്വൽപരാങ്മുഖാഃ
ത്വാമംബ കരുണാം യാചേ
നൗകാമേകാം ഭവാംബുധൗ. 8

---



Digitized By Kerala Sahitya Akademi

# * രാജയോഗസമർപ്പണം

നമഃ പരസ്മൈതമസഃ സവിത്രേ
തസ്മൈശരവ്യായ ച ദർശനാനാം
പുമാംസമേകം ലുഠതാം ഭവാബ്ധൗ
യമാമനന്തി ശ്രുതയഃ ശരണ്യം. 1

വിദ്യാജയത്യാത്മവിഭൂതിസൂതിഃ
ശിവേനസംവർദ്ധിതസമ്പ്രദായാ
യാമേവ സൂത്രാണ്യധികൃത്യ ചക്രേ
പതഞ്ജലിഃ പ്രാഗ്രസരോ മുനീനാം. 2

വ്യാസേന ഭാഷ്യേണ യദധ്യകാരി
ഭോജേന രാജ്ഞാ സ്ഫുടയാ ച വൃത്ത്യാ
കാലേന തസ്യാ ഭവദാവിലത്വം
പാതഞ്ജലസ്യാത്ഭുതദർശനസ്യ. 3

ആസീന്മഹാൻ കോപി ചിരായ വംഗേ
ഷഡ്ദൃഷ്ടപൂർവ്വ പ്രതിഭാപ്രഭാവഃ
ശ്രീരാമകൃഷ്ണാഖ്യ യതീശ്വരസ്യ
പൂജ്യസ്യയോഽന്തേ വസതാം ധുരീണഃ. 4

* വിവേകാനന്ദസ്വാമികളുടെ "രാജയോഗ"ത്തിന്റെ തർജ്ജിമയുടെ സമർപ്പണം. 1084 ഒക്ടോബർ 24-ാം തീയതി.



Digitized By Kerala Sahitya Akademi

വിസ്മായയൻ വിശ്വജനം സ്വവാഗ്ഭിഃ
തതാരധർമ്മോദ്ധാരണപ്രവൃത്തഃ
ന കേവലം ഗോഷ്പദവത്സമുദ്രം
സാരസ്വതം തം ച പയോമയം യഃ. 5

പദം ഗതോഽപി പ്രകൃതേഃ പരം യോ-
ഗുണൈസ്സമഞ്ജാസുരഭിശ്ചകാസ്തി
യസ്യാത്മഗുർവ്വീ പ്രഥതേ ജഗത്യാ-
മാനന്ദസംജ്ഞാദ്യ വിവേകപൂർവ്വാ. 6

സോഽയം സധർമ്മാ മുനിപുംഗവസ്യ
തസ്യൈവ വാഗ്യോഗവിദാം വരസ്യ
വ്യാഖ്യാംവശീ തൽ ഫണിതേഃ പ്രസന്നാ-
മത്യത്ഭുതാമാങ്ഗ്ല ഗിരാ ചകാര. 7

ജാഗർത്തി യോഗീ നനു കേരളേഷു
നാരായണാഖ്യോ നിഗമാന്തചാരീ
നുദംസ്തമോ വിഷ്വഗുപാത്തജന്മാ
യദൃച്ഛയാനന്തപുരം യഥേന്ദുഃ 8

ജ്ഞാനേനപൂതഃ സ്വതപസ്യയാ ച
വിമത്സരൈഃ സാധുവിഭാവ്യതേ യഃ
ഭർഗ്ഗഃ സ്വയം വാ നരലക്ഷണോഽയം,
നാരായണോഽവേതി നവാവതാരഃ 9



Digitized By Kerala Sahitya Akademi

മൂർദ്ധ്നാധൃതം പാദരജോപിയസ്യ
ഹൃദ്ദർപ്പണം മേ മലിനം പ്രമാർഷ്ടി
തതഃകിമന്യോƒസ്തിവിഭാവനീയോ
ഗുരുർഗരീയാൻ സ ച മേ ഗരിഷ്ഠഃ 10

ഉക്തേ ച യത്നഃ സ്വയമാങ്ഗ്ലഗുംഭേ-
ഹ്യധീമതാ സമ്പ്രതി ഷഡ്ഗുവാചം
മയാകൃതഃ കേരള വൈഖരീഭിഃ
കിം ദുഷ്കരം കർമ്മഗുരോഃ കൃപായാഃ 11

തസ്യൈവചാനേനമയാപദാബ്ജേ
സ്വീയൈഃ കടാക്ഷൈഃ പരിവർദ്ധിതേന
സമർപ്യതേ ഭക്തിഭരേണ സോയം
സമാധിശാസ്ത്രസ്യ സുഖോ വിവർത്തഃ 12

---

## * ഷഷ്ടിപൂർത്തിമംഗളം

---

അതിക്രാന്തോ വാസപ്രഭവമൃഷിമാത്രേന്ദ്രിയജയൈർ-
ധിയാചാതീതോയഃ കപില മതിബുദ്ധഃ കരുണയാ
സ്വയം ഹംസോ നാരായണഗുരുരയം വ്യാപ്തിവിഹരം
ശ്രിതിസ്വാത്മാദ്വൈതേയതിനിവഹസമ്രാഡ്
വിജയതേ.

* ശ്രീനാരായണഗുരുസ്വാമികളുടെ അറുപതാമത്തെ പിറന്നാളിനു എഴുതിയതു്.



Digitized By Kerala Sahitya Akademi

# * ഒരു സമർപ്പണം

സമയൈർവിഭിന്നഗതിഭിർന്നിഷേവിതം
ക്ഷമയാനമൽസു കൃപയാ ച നിർഭരം
ഗുരുപാദലക്ഷണ മുപാസ്മഹേസതാ-
മുപലഭ്യമാനവപുഷം മഹേശ്വരം! 1
അനഘമിച്ഛാമി ശുചിതാമാത്മനഃ
സദാമനസ്സിതി വാച്യകാതരം
ഖലോഹിലോകോപപ്രവാദകൌതുകീ
കഥം ന ജീവാമ്യഥവാകൃതം ഭിയാ. 2
§ അചേശ്ചലതാദി തരൈശ്ചഹേതുഭിർ
ഗുരോചരിഷ്യാമി ശിവംഗൃഹവ്രതം
വേച്ഛ്'റിതസ്യാശ്രയതേ നിരാശ്രയം
ന കേവലം ബ്രഹ്മതുരീയമാശ്രമം. 3
നിശ്ചയോയമപിമേ സ്വയംകൃതഃ
ശിഷ്യവത്സലതയാനുമന്യതാം
യദ്ഗുരോ മമ നവേയമർത്ഥനാ
പ്രശ്രയാനതശിരഃ കൃതാഞ്ജലേഃ 4

---

* കവി വിവാഹത്തിനു മുമ്പ് ഗുരുവായ ശ്രീനാരായണ ഗുരുസ്വാമികൾക്കു അയച്ചതു്. 27_12_92

§ ഈ ശ്ലോകത്തിനു താഴെ കാണുന്ന ഒരു പാഠഭേദംകൂടി നോട്ടുബുക്കിൽ കാണുന്നു.

അചേവിഭേദേനച കാരണാന്തരൈ-
അചേതുകാമോസ്മി ചിരായഗേഹിതാം
കൃതാത്മനാം സംശ്രയതേ നിരാശ്രയം
ന കേവലം ബ്രഹ്മതുരീയമാശ്രമം



Digitized By Kerala Sahitya Akademi

# * കിമപി പ്രതിനിവേദനം

പിതരം പ്രതി തേ ദിവംഗതം
നനുശോചാമി സഖേ തതോന്ന കിം!
നഹിതദ്വിഷയാ സരസ്വതീ
തടിനീസേവ ബഹിഃ പ്രവൎത്തതേ.

ബഹുദുഃഖതരംഗപീഡിതാൻ
ജഡസംസാര മഹോദധേർജനാൻ
പ്രതിയോജയിതും ചദനോത്സഹേ
സുഖകാമാൻ പഥി ബാഷ്പപങ്കിലേ. 2

* പുതുപ്പള്ളി പി. കെ. പണിക്കൎക്കു അയച്ചതു്. 5–12–94



Digitized By Kerala Sahitya Akademi

## * പുറനാൾ മംഗളം

സജയതു കൃതവിദ്യഃ ക്ഷേമസൂനാം സമാനാം
ശതമുപചിതകീർത്തിർനീലകണ്ഠോ ദ്വിജേന്ദ്രഃ
വിശദമധുരമന്ദ്രാം സമ്പിബൻ യസ്യ കേകാം
പുളകിത ഇവ സഹ്യഃ പാദപൈഃ ശ്യാമശാഖൈഃ 1

പഠിതുമുപനിവിഷ്ടാഃ യദ്ഗിരാമേവ ധാടീം
ചടുലപടുതരംഗാസ്തേപി നൂനം നിളായാഃ
അധിതടമപി ശാലാ യസ്യ ഗീർവ്വാണവാണ്യാ
നിജ വിജയപതാകാ ഭാതി ഹംസീവ ദേവ്യാഃ 2

## * ഒരു കത്ത്

ലേഖസ്തേ 'പിക' സംവാദി
ധുനോതി ഹൃദയം കവേ
അഭിയുക്താനുമോദൈക-
ചാരിതാർത്ഥ്യശ്രമാഹിനഃ

---

* പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ അവർകളുടെ പുറനാൾ സംബന്ധിച്ച് എഴുതി അയച്ചത്. 14_8_1908

* ഗ്രാമവൃക്ഷത്തിലെ കുയിൽ" എന്ന കൃതിയെക്കുറിച്ച് മഹാകവി വള്ളത്തോൾ അയച്ച കത്തിനു മറുപടിയായി അയച്ചത്. 27_4–18.



Digitized By Kerala Sahitya Akademi

# * സ്വാഗതപഞ്ചകം

ദദാതി യഃ കംഭഭുവേ ഗൃഹം ശിവം
രഥം സുഖസ്പർശമപീക്ഷുധന്വനേ
നദദ്വിജാ തസ്യ ശിരോരത്നാവലീ
കവീന്ദ്ര താവൽ കശലം ബ്രവീതി തേ.
ഇയഞ്ച യദ്രോധസി ശങ്കരഃശ്ശുചൌ
കൃതാവതാരഃ പരഹംസപുംഗവാഃ
സ്രോതോരവ സ്വാഗതസൂക്തമംഗതേ
തരംഗതാളൈസ്തടിനീ പ്രഗായതി. 2
ഉപത്യകാസ്വാദ്യ ഭവന്തമാഗതം
സഹ്യസ്യ ചൈലാമരിചൈകവാസസഃ
ഫലൈശ്ച പുഷ്പൈർഭൃശമർഘ്യപാണയോ
നമന്തി ഭൃമംസ്തരുഗുല്മസമ്പദഃ. 3
ആധൂതകേരോ മരുദപ്യുപാഗതേ
മാർദ്ദംഗികത്വം ചരമേ മഹോദധൌ
തരംഗതന്ത്രീം സരിതം വിലോഡയൻ
ഭവന്തമുച്ചൈരുപവീണയത്യസൌ. 4
രോമാഞ്ചയൻ ഗോഭിരഹോ സചേതസഃ
പുരശ്ച പശ്ചാച്ച സമന്തതോ ജനാൻ
ഗീതാഞ്ജലേർഗായക ഏഷ ദൃശ്യതേ
സചക്ഷുഷഃസ്സഃ സശരൽസഖോ "രവിഃ" 5

---

* മഹാകവി രവീന്ദ്രനാഥടാഗോർ ആലുവാ അദ്വൈതാശ്രമം സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിനു സമർപ്പിക്കുവാൻ എഴുതിയതു്.
ആലുവാ 8–29–8.



Digitized By Kerala Sahitya Akademi

# * സ്വാഗതപത്രിക

---

സ്വാഗതം യതിശാർദ്ദൂല 'നിർമ്മലാനന്ദ' ഭോ ജയ
ജേജീയതാം "രാമകൃഷ്ണസമിതി, ശ്വ: സനാതനീ. 1

പ്രിയോസി സ്വൈനെവ പ്രകൃതശ്ശുഭചര്യസ്ത്വമഹ
തോ
വിവേകാനന്ദസ്യ പ്രിയസഹപരോസി പ്രിയതരഃ
തതോപ്യന്തേവാഷീ വിദിതപരഹംസസ്യ തന്ദഷേ
ചിരായാനന്ദം നഃ സുകൃതകൃതസംഗസ്ത്വമതിഥിഃ 2

ക്ഷിതിഹിതകരഃ സഞ്ചാരോ വഃ ശ്രുതാത്ഭുതകർമ്മാണാം
സഷയമുദിതോത്സാഹം ഛാത്രൈഃ കൃതാഞ്ജലികോരകഃ
ഭവദുപനതോ ഹംസസ്പൃഷ്ടോ യഥാ കമലാകര-
ശ്ശിവഗിരിമഠശ്ശശ്വദ്ഗുർവ്വീമുപൈതി കൃതാർത്ഥതാം. 3

ഗൃഹാണനോ നമസ്കാരാൻ ദേഹ്യനുഗ്രഹ സമ്പദഃ
സ്വാമിൻ ജീവ ചിരം വാർത്താ വിശ്വസ്യഹിതകാ
മ്യയാ
ഉല്പന്നഃ പ്രീതിയോഗോയമേധതാമിതരേതരഃ
ബ്രഹ്മാദ്വൈതം ഗതാചാസ്മൽ ഭ്രാത്യൈ ഭവതു ശാരദാ.

---

* രാമകൃഷ്ണമിഷ്യനിലെ നിർമ്മാലാനന്ദസ്വാമികൾ 1087 തുലാം 8-ാം തിയതി വക്കല ശിവശിരിമഠം സന്ദർശിച്ച സന്ദർഭത്തിൽ സമർപ്പിച്ചതു.



Digitized By Kerala Sahitya Akademi

# * ഭാഷാമേഘസന്ദേശം

---

കാണപ്പെട്ടുള്ള കൃത്യസ്ഖലനമതിനൊരാ-
ണ്ടാൻ കാന്താവിയോഗം
ക്ഷീണശ്രീയാകമാറധനദനുടെ കടും
ശിക്ഷയാൽ യക്ഷനേകൻ
വാണാൻ വൈദേഹിനീരാടിയമഹിമയെഴും
വാരിയും ഭൂരിവൃക്ഷ-
ശ്രേണിച്ഛായാഭിരാമാങ്കണനിരയുമെഴും-
രാമഗിര്യാശ്രമത്തിൽ. 1

യോഷാരത്നത്തെ വേർപെട്ടതിലഥ ചിലമാ-
സംകഴിച്ചാമുഴങ്കൈ
ശോഷിച്ചൂരിത്തെറിച്ചങ്ങിനെ വളകൾ വെടി-
ഞ്ഞീടുമക്കാമികണ്ടാൻ
ആഷാഢത്തിന്റെയൊന്നാംദിനമതിലൊരുമേ-
ഘം തടംപുക്കു മന്ദാ
ഘോഷം കുത്തിക്കളിക്കും കരിയൊടുകിടയാം-
കാന്തിപൂണ്ടന്തികത്തിൽ. 2

---

* ആശാൻ കൽക്കട്ടായിൽ പഠിച്ചിരുന്ന കാലത്തു് എഴുതി "കാമാഖ്യനാഥതർക്ക വാഗീശഭട്ടശിഷ്യൻ'' എന്ന പേരിൽ ''സുജനാനന്ദിനി'' എന്ന മാസികയിൽ പ്രസിദ്ധംചെയ്തിരുന്നതു്.



Digitized By Kerala Sahitya Akademi

ഒട്ടേറെ ഖേദമുണ്ടെങ്കിലുമതികതുകം
        ചേക്കയാൽ യക്ഷനുള്ളിൽ–
ക്കെട്ടിസ്തംഭിച്ച കണ്ണീരൊടുമതിനെ നെടും
        ചിന്തയാൽ നോക്കിനിന്നാൻ
തിട്ടം സംഭോഗികൾക്കും തരളത കരളി–
        ന്നേകമാമേഘമാക്കെ–
കെട്ടിപ്പുൽകാൻകൊതിക്കും കമനിയകലെയാം
        കാന്തനെന്തായിരിക്കും. 3

വന്നെത്തീടുംനഭസ്സിൽ പ്രണയിനിയവൾ വാ–
        ണീടണം പ്രാണനാർന്നി–
ട്ടെന്നിച്ഛിച്ചംബുദത്തിൻവഴി നിജസുഖവൃ–
        ത്താന്തമെത്തിക്കുവാനായ്
ഉന്നിച്ചെന്നാശുപുത്തൻ കടജമലരതും
        തൂകിയാവന്ന മേഘം
തന്നെപ്പൂജിച്ചു തുഷ്ട്യാ കുശലവുമനുമോ–
        ദിച്ചു ചോദിച്ചു യക്ഷൻ. 4

തീ വെള്ളം കാററമൂററം പുകയിവ തിരളും–
        തുച്ഛമാം മേഘമിന്നെ–
ങ്ങാ വൈദഗ്ദ്ധ്യംകലർന്നുള്ളൊരുവനിഹ വഹി–
        ക്കേണ്ട ദൂതെങ്ങു പാർത്താൽ
ഏവം തെല്ലും നിനയ്ക്കാതവനതിനൊടുമു–
        ല്ക്കണ്ഠയാലന്നിരന്നാൻ
പോവില്ല ചേതനാചേതനമിവയൊടുമ–
        ർത്ഥിപ്പു കാമാതുരന്മാർ.



Digitized By Kerala Sahitya Akademi

പേരാളും പുഷ്കലാവർത്തകനിരയുടെ വം
ശത്തിലുത്ഭൂതനിച്ഛാ-
ചാരൻ വിണ്ണോർവരൻതന്നുടെയനുചരനാ-
ണങ്ങു ഞാനിങ്ങറിഞ്ഞേൻ
ദൂരസ്ഥൻ ദൈവയോഗാലിവനിവിടെയി-
രിക്കുന്നു വേണ്ടീലയിഷ്ടം
പൂരിച്ചില്ലെങ്കിലും പ്രാർത്ഥന വലിയവരോ
ടല്പരേകുന്നതേക്കാൾ. 6

സന്താപംപൂണ്ടവർക്കംബുദ! തണലു ഭവാ-
നാകയാൽ സ്വാമികോപ-
ച്ചെന്തീയിൽ പെട്ടൊരീയൻ പ്രണയിനിയൊടു ചെ
ന്നോതണം ദൂതിതും നീ
പ്രാന്താരാമത്തിൽ മേവും പുരരിപു മുടിയിൽ-
പൊങ്ങുമപ്പൂനിലാവിൻ
കാന്ത്യാ കാളുന്ന വെൺമാളികയെഴുമളക-
യ്ക്കായുടൻ പോയിടേണം. 7

നീയാകാശത്തുയർന്നാലതു വിരഹിണിമാ-
രൊക്കെ വിശ്വാസമാന്ന-
ക്കയ്യിൽ മേല്പോട്ടു കൂന്തൽക്കുറനിരകൾ വഹി-
ച്ചാശ്വസിച്ചാശു നോക്കും
തയ്യാറായങ്ങണഞ്ഞാൽ തരുണിയെ വിരഹ-
ത്തീയിലായിട്ടു വാട്ടു-
ന്നയ്യോ ഞാനെന്നപോൽ മറ്റൊരുവനടിമയാ-
യ് മന്നിലിന്നന്യരുണ്ടോ? 8



Digitized By Kerala Sahitya Akademi

നിന്നെത്തള്ളുന്നു മെല്ലെന്നിത മൃദുപവനൻ
        നിന്നു നിൻനേർവഴിക്കായ്
എന്നല്ലോർത്താലിടയ്ക്കായ് മദകളമിത കൂ-
        വുന്നു വേഴാമ്പലിപ്പോൾ
പിന്നെഗ്ഗർഭം ധരിപ്പാൽ പ്രണയമൊടുമുടൻ
        പ്രേക്ഷണീയൻ ഭവാൻതൻ
പിന്നിൽക്കൂട്ടം നഭസ്സിൻവഴി വരിവരിയായ്
        ഭൂരിയാനാരതാന്തം. 9

മുട്ടാതേവം ഗമിച്ചാൽ മുഹുരപി ദിവസം
        പോവതെണ്ണിയെണ്ണി
തിട്ടം ജീവിക്കുമാ നിൻ സഹജ രമണിയാം
        സാധ്വിയെച്ചെന്നുകാണാം
പെട്ടെന്നയ്യോ പതിക്കും പ്രണയഭരിതമായ്-
        വിപ്രയോഗത്തിലുൾപ്പൂ
ഞ്ഞെട്ടായാശാവലംബം തടയുമവ വധൂ-
        കൾക്കഹോ മിക്കവാറും. 10

കേദാരംതോറുമേവം കമിൾന്നിരകൾ കരു-
        പ്പിച്ചു സസ്യാഢ്യമാക്കി-
ച്ചെയ്തീടാൻ പാടവംപൂണ്ടൊരു മധുരമതാം
        നിൻെറ നിർഘോഷമിപ്പോൾ
കാതിൽപ്പെട്ടാശു കൊക്കിൻകമലവലയമാം-
        ഖാദ്യമേന്തിപ്പറന്നാ-
ക്കാദംബശ്രേണി പോം മാനസമതിലവ കൂ-
        ട്ടുണ്ടു കൈലാസമോളം. 11



Digitized By Kerala Sahitya Akademi

ചൊല്ക്കൊണ്ടീടുന്ന സീതാപതിയുടെ ചരണാ-
ങ്കങ്ങളങ്കേ ധരിക്കു-
ന്നിക്കണ്ടീടും സുഹൃത്താകിയ ഗിരിവരനെ-
പ്പുൽകി നീ യാത്രചൊൽക
ഉൾക്കാളും സ്നേഹമിമ്മാമല വലിയവിയോ
ഗാൽ പരം സംഗമുണ്ടാ-
മക്കാലത്തുഷ്ണബാഷ്പം വെളിയിൽ ബഹളമാ-
യിട്ടു കാട്ടുന്നുവല്ലോ. 12

മുന്നം പോകേണ്ട മാർഗ്ഗം പറവതു മുകിലേ-
കേൾക്ക നീ മുഖ്യമായും
പിന്നെക്കേൾക്കാം ഭവാനാശ്രവണമധുരമാ-
മെൻെറ സന്ദേശവാക്യം
കുന്നിൽക്കൂടങ്ങൾതോറും കഴൽകഴയുകിൽ
തങ്ങിടാമങ്ങ്ഗസാദം
വന്നാൽ വാരിപ്രവാഹങ്ങടെ സലിലവുമൊ-
ട്ടാവഴിക്കാഹരിക്കാം. 13

തുംഗതാപംപൂണ്ട കുന്നിൻകൊടുമുടി തരസാ
കാററിഴയ്ക്കുന്നുവോയെ.
ന്നെങ്ങും പേടിച്ചു സിദ്ധാംഗനകളഴറിനോ-
ക്കീടുമദ്ധ്യാടിയോടും
ഇങ്ങിക്കാണുന്നതാകും രുചിര "നിചുള"ദേ-
ശത്തിൽ നിന്നേറി മദ്ധ്യേ
പൊങ്ങി "ദിങ്നാഗ"ഗർവപ്രഹിതകരമതും
താഴെയാക്കിഗ്ഗമിക്ക. 14



Digitized By Kerala Sahitya Akademi

അല്പംമേലാതപം പെട്ടവിടെ ഹരിധനു-
സ്സിന്റെ തെല്ലുണ്ടു കാണു-
ന്നൽഫുല്ലശ്രീയെഴും നല്ലുപലനിരകൾതൻ
ചാരുശോഭാങ്കുരംപോൽ
ഇപ്പോളേററം വിളങ്ങുന്നസിതരുചി ഭവദ്-
ഗാത്രവും നല്ലപിഞ്ഛമാ-
കല്പംപൂണ്ടുള്ള ഗോപാർഭകന്റെ വടിവിൽ
കണ്ട വൈകുണ്ഠനേപ്പോൽ. 15

നാരീവർഗ്ഗങ്ങൾ നാട്ടിൻപുറമതിൽ വിളവി-
ന്മൂലമെന്നോർത്തു നിന്നെ
കൂട്ടൾക്കൊണ്ടൊക്കെ നോക്കും ഭ്രുകുടിരചനയോ-
രാത്ത നേത്രങ്ങളാലെ
ഏറിക്കൊണ്ടല്പമപ്പോത്തുഴുത്തുപൊടിമണ-
ക്കും കരക്കാററിലൂടെ
മാറിപ്പോകാം പടിഞ്ഞാട്ടൊരു ചെറുതുടനേ
നേർവഴിക്കായ് ഗമിക്കാം. 16

കത്തും വൻകാട്ടുതീയിൽ കറിനമഴപൊഴി-
ക്കുന്ന നീ ചെന്നണഞ്ഞാ-
ലധ്വക്ലമംകൊട്ടുക്കും നിജശിരസി വഹി
ച്ചാമ്രകൂടാദ്രിയപ്പോൾ
അത്യല്പൻപോലുമേതെങ്കിലുമുപകൃതിചെ-
യ്തുള്ള മിത്രം വരുമ്പോൾ
പ്രത്യേകം പൂജചെയ്യുന്നതിലഭിമുഖനാം
പിന്നെയെന്താം മഹാത്മാ. 17



Digitized By Kerala Sahitya Akademi

പ്രാന്തത്തിൽ കാട്ടുമാവിൻ ഫലനിരകൾ പഴു-
ത്തൊക്കെ മൂടികിടക്കും
കുന്നൽ കെട്ടുന്നപോലെഗ്ഗിരിയുടെ മുകളിൽ
ചെന്നു നീയും കരേറും
കാന്താവക്ത്രത്തിനൊത്തിട്ടമരരതുടനേ-
കാണുമക്കുന്നു ഭൂവാം
കാന്തയ്ക്കഗ്രം കറുത്തും തടമുരുവെ വെളുത്തും
വിളങ്ങും കുചംപോൽ 18

കാട്ടാളസ്ത്രീകൾ കേളിയ്ക്കണയുമുരുലതാ-
ഗാരമുള്ളോരതിങ്കൽ
കാട്ടാമല്ലം വിളംബം ദ്രുതമഥ മഴപെ-
യ്തധ്വശേഷം കടന്നാൽ
കോട്ടംവിട്ടാനവെണ്ണീർക്കുറി മുതുകിലിടും
പോലെ കല്ലാർന്ന വിന്ധ്യൻ-
ചോട്ടിൽക്ലേശിച്ചു "രേവാനദി" ചിതറിയിടും
വേണി നീ കാണുമപ്പോൾ. 19

കാട്ടാനയ്ക്കുള്ള ഗന്ധാല്പ്പുടമദജലമാ-
ർന്നാശ്ശു ഞാവൽപ്പടർപ്പിൻ
കൂട്ടത്തിൽ തട്ടിയോടും ജലമതു മഴപെ-
യ്തു സേവിച്ചുപോണം
ഞെട്ടീടാ വായു നിന്നെയ്യുകമതിൽ മുകിലേ
സാരമുണ്ടെങ്കിലല്ലാ-
തോട്ടയ്ക്കുണ്ടായിടും ലാഘവമുപചയമു-
ണ്ടാക്കിടും ഗൗരവത്തെ. 20



Digitized By Kerala Sahitya Akademi

പൊട്ടിപ്പൂന്തൊങ്ങലെല്ലാം പകുതിവരെ വി–
ടർന്നുള്ള നീലക്കടമ്പും
മൊട്ടിട്ടപ്പോൾ വിടർന്നുള്ളിളയ കദളിയും
മേഞ്ഞു കന്ദരങ്ങൾതോറും
ചുട്ടിട്ടുള്ളോരു കാട്ടിൽ ചുഴലെ മണമെഴും--
ഭ്രമുകർന്നും വരുന്നാ–
കുട്ടിസാരംഗയൂഥം തവജലകണമേ–
റവുള്ളമാർഗ്ഗം കുറിക്കും 21

വെള്ളം വേഴാമ്പലെങ്ങും വിരവൊടു നുകരും
വിഭ്രമംനോക്കി നിന്നും
വെള്ളിൽക്കൂട്ടങ്ങളെച്ചൂണ്ടിയുമതു വരിയാ
യെണ്ണിയും വിണ്ണിലെങ്ങും
വള്ളിക്കൈക്കോർത്തുനില്ക്കും പ്രിയകൾഇടിഭവാൻ
വെട്ടവെ കേട്ടു ഞെട്ടി
തുള്ളിപ്പേടിച്ചു കെട്ടിത്തഴുകുമതിനുടൻ
വാഴ്ത്തുമസ്സിദ്ധർ നിന്നെ. 22

വൻപ്രേമംപൂണ്ടെനിക്കായ് വിരവിലവിടെനീ
പോകിലും ഞാൻ വിളംബം
സംഭാവിക്കുന്നിദാനീം കുടജപരിമളം
തൂർന്നോരക്കുന്നുതോറും
അൻപിൽ കണ്ണീരുവാർത്തും മയിലുകൾ കുശല–
പ്രശ്നമായ്ക്കൂവിയാർത്തും
മുൻപിൽ സേവിച്ചണിഞ്ഞാകിലുമയി മുകിലേ
വൈകൊലാ പോകുവാൻ നീ. 23



Digitized By Kerala Sahitya Akademi

വ്യാകോചിക്കുന്ന വാർകൈതകളുടെ മലരാൽ
വേലിയെല്ലാം വെളുക്കും
കാകന്മാർ കൂട്ട്കെട്ടുംതകൃതി തത്തഗണം
തിങ്ങുമെങ്ങും മുഴങ്ങും
പാകംകോലും ഫലംപൂണ്ടുരുവെയുഴലുമാ–
ഞാവൽ നല്ലാവുമെല്ലാം
പോകാറായീടുമന്നങ്ങളുമറിക ഭഠാ
ണ്ണത്തിൽ നീയെത്തീടുമ്പോൾ. 24

(അപൂർണ്ണം)

---



Digitized By Kerala Sahitya Akademi

# അനുബന്ധം

## (സംസ്കൃതകൃതികളുടെ സാരം)

അല്ലയോ ലോകമാതാവേ! നിലാവു എന്റെ ഹൃദയത്തെ ആനന്ദിപ്പിക്കുന്നു. ഇവിടെ എന്താണു സുഖകാരണം? ചന്ദ്രനോ ജഗദാത്മാവു് ഇതു ചന്ദ്രനല്ല, ചന്ദ്രികയല്ല, ഇതു മേഘവുമല്ല. (പിന്നെയോ) നിന്റെ മുഖവും നിർമ്മലമായ ചിരിയും കേശപാശവുമാകുന്നു.

സർവ്വമനോഹരമായ വസന്തത്തിൽ പർവ്വതം പടർപ്പുലതകളുടെ പലവിധ പുഷ്പങ്ങളാകുന്ന രത്നങ്ങളാൽ അലങ്കരിക്കപ്പെട്ട അംശങ്ങളോടുകൂടിയവനായി കളകളശബ്ദമുള്ള കുയിലുകളാകുന്ന പാട്ടുകാരാൽ സ്തുതിക്കപ്പെടുന്നവനായി അരുവികളുടെ ഒഴുക്കാകുന്ന മുത്തുമാലയോടുകൂടിയവനായി സാക്ഷാൽ ക്ഷിതിഭൃത്ത് (രാജാവു) എന്നു തോന്നുമാറുതന്നെ പരിശോഭിക്കുന്നു

1. കളങ്കമില്ലാത്ത ചന്ദ്രക്കലയോ എന്നു തോന്നുമാറുള്ള സ്വന്തം കൊമ്പുകൊണ്ടു ഇരുട്ടു കീറുന്നവനും ഗജമുഖനുമായ ഭഗവാൻ എന്റെ ഗതിക്കുള്ള വിഘ്നങ്ങളെ തീക്കട്ടെ.

2 അർത്ഥം ശാരദാസ്തവത്തിൽ നോക്കുക.

---

## ശിഖിവാഹനധ്യാനദശകം

1. വിരിച്ചതും മനോഹരവുമായ പീലിയോടുകൂടിയ മയിലിന്റെ പുറത്തു ഇരിക്കുന്നതായി ആശ്രിതക്കു ശരണമായി നക്ഷത്രമുള്ള നീലാകാശത്തിൽ നിൽക്കുന്ന ചന്ദ്രബിംബത്തോടു ശരിയായ സാദൃശ്യം വഹിക്കുന്നതായിരിക്കുന്ന ഒരു തേജസ്സിനെ ഞാൻ ധ്യാനിക്കുന്നു.



Digitized By Kerala Sahitya Akademi

2. അല്ലയോ ദേവ, ആരു് ഇന്ദ്രസേനയിൽ ചെല്ലമ്പോഠം സ്വർഗ്ഗത്തിനു രക്ഷഭാവിക്കുമോ, ആരിൽനിന്നു അഗസ്ത്യഭഗവാൻ വിദ്യപാിച്ചുവോ മയിൽവാഹനനായ ആ നിന്നെമാത്രമെ പുരുഷാൎത്ഥങ്ങളെ കാമിക്കുന്ന ഞാൻ ഈപ്പ്രാഠം കണക്കാക്കുന്നുള്ളു. മററുള്ളവരെക്കൊണ്ടു് എന്തു പ്രയോജനം.

3. ചുവന്നു ചുവന്നിരിക്കുന്ന കാന്തിജാലങ്ങളെക്കൊണ്ടു ദിക്കുകഠംക്കു സിന്ദൂരം (ചുവപ്പുചായം) ഇടുന്നതായി കിരിടത്തിൽ പററുന്ന ചന്ദ്രക്കലയോടുകൂടിയതായി അരുകിൽ മിന്നുന്ന വേൽത്തലയുടെ കാന്തികൊണ്ടു ഒററ നക്ഷത്രത്തോടുകൂടിയതും ചന്ദ്രക്കലയെ ധരിക്കുന്നതുമായ പ്രഭാത (അഹസ്സിൻെറ മുഖ) മോ എന്നു തോന്നുമാറുള്ള നിൻെറ മുഖത്തെ ഞാൻ ഓക്കുന്നു.

4. കാണാൻ കൊതിയുള്ളവനാണെങ്കിലും ഞാൻ പരമാത്മാവിൽ എന്നപോലെ പ്രകാശരൂപമായ നിൻെറ മുഖത്തിൽ ഇതുകഠം, പുരികങ്ങഠം ഇതുകഠം, സരസങ്ങളായ കടാക്ഷങ്ങഠം ഇതുകഠം, കൃപയാലുള്ള മന്ദസ്മിതംകൊണ്ടു വിടരുന്ന കപോലപുഷ്പങ്ങഠം എന്നിങ്ങനെ ഒരു ഭേദവും സ്വയമായി കാണുന്നില്ല.

5. മുദ്ര (യോഗമുദ്ര) പിടിച്ചിരിക്കുന്ന നിൻെറ ഈ കൈ മനോഹരമല്ലാത്തതല്ല. അഭയംകൊടുക്കുന്ന മററെക്കൈ (ശക്തിവേൽ എന്നും ബലമെന്നും അൎത്ഥം) തൊടാത്തതുമല്ല. ഓരോന്നിൽ ചെല്ലുന്ന എൻെറ മനസ്സാകട്ടെ മാറിമാറി മുലകുടിച്ചു രസിക്കുന്ന കുട്ടിയുടെ സാദൃശ്യത്തെ വഹിക്കുന്നു.

6. അല്ലയോ ഗുഹ! പൊന്നുനൂലുകൊണ്ടു കെട്ടിയതും കറുത്തു മിന്നുന്നതും മംഗളകരവുമായ ഈ പൂണുനൂൽ ധരിക്കുന്ന നിൻെറ മാറിടം പിൻപകുതിയിൽ തങ്ങുന്ന മഴവില്ലോടുകൂടിയ കിഴക്കേ പൎവ്വതത്തിൻെറ ശോഭ (സാദൃശ്യം) യുള്ളതാകുന്നു.

7 ഇവിടെ നിൻെറ ഒരു കാൽ മയിലിൻെറ പച്ചിലപോലെ മനോഹരമായ പുറത്തു കയററി വെച്ചിരിക്കുന്നു. മററക്കാൽ അരികിൽ തൂങ്ങുന്നു. മുമ്പിലത്തേതു മേലേ ശോഭിക്കുന്ന താമരപ്പൂവിൻേറയും പിന്നത്തേതു സരസ്സിൽ നിഴലിച്ച പൂവിൻെറയും ശോഭയെ വഹിക്കുന്നു.



Digitized By Kerala Sahitya Akademi

8. ഭഗവാനെ, നീ ലോകത്തിൽവെച്ച ഏററവും ശ്രേഷ്ഠനാണ്. അല്ലയോ ഗുഹ നി ദശ്നീയൻ, നീ വാഹനമാക്കിയ ഇതും (ഈ പക്ഷിയും) ദശ്നീയം. ബാലാക്കനും പൂവ്വപവ്വതവും ചേന്നതുപോലെ ലോകക്ക മനോഹരമായ നിങ്ങളുടെ ഈ ചേച്ച എനിക്ക അത്ഭുതമുണ്ടാക്കുന്നു.

9 അല്ലയോ മയിൽവാഹന, നിൻെറ രൂപത്തെ ഞാൻ ചുററും പരന്ന തീപ്പൊരികളിലും പുകയിലുംനിന്നു പുറപ്പെട്ട അഗ്നിയുടെ വിലാസത്തെയും പൂത്ത വള്ളിക്കെട്ടു പടൻ കയറിയ അടിവരെ തളിത്ത ചെമ്മരത്തിൻെറ ശോഭയേയും വഹിക്കുന്നതായിട്ടു കാണുന്നു.

10 ഹൃദയത്തിലിരിക്കുന്നവനെ! ഞാൻ ഭവാനെ എപ്പോഴും സേവിക്കുന്നു. ഇഷ്ടമായതു ഇന്നതെന്നു എനിക്ക സ്വയമേവ അറിവില്ലായ്കയാൽ ഞാൻ ഒന്നും യാചിക്കുന്നില്ല ഏതു ശ്രേയസ്സിന്നായി ഭവിക്കുമോ ഏതുകൊണ്ടു അല്ലയോ ദേവാ, താരകനെ ജയിച്ചവനും സവ്വലോകത്തെയും ജയിച്ചവനും ആയ നിന്നെ ഞാൻ പ്രാപിക്കുമോ അതു എനിക്ക ചെയ്താലും

---

മൂലം

---

ശ്രീമാൻ വഞ്ചിക്ഷിതിപതി ഭുജംഗർ-
  ക്ഷജൻ ലക്ഷ്മീയാകം
സാമാന്യം വിട്ടെഴുമുരുഗുണഭോഗ
  യാം ഭാഗിനേയീം
പ്രേമാവാസപ്രിയതമ വിയോഗ-
  ത്തിനാലാത്തയാക്കി
സ്സീമാതീതേ കടനജലധൌ
  കേരളം തള്ളിവിട്ടാൻ

1. കഷ്ടം ഉച്ചങ്ങളായ രസ (രസനമനും വെള്ളമെന്നും എട്ടക്കണം) കണങ്ങളോടുകൂടിയ വിഷയങ്ങളാകുന്ന മരുഭുവിലെ



Digitized By Kerala Sahitya Akademi

കാനൽത്തിര ളാൽ ഞാൻ വളരെ ദൂരം വഞ്ചിതനായി. യോഗ സംബന്ധമായ വലിയ സുഖങ്ങൾക്കു നിദാനമായി നിത്യമായിരിക്കുന്ന ജഗന്നിയന്താവിൻെറ ആ പദത്തെ ഞാൻ ആരാധിക്കുന്നു.

2. അല്ലയോ ജഗൽപിതാവേ, അങ്ങയുടെ ആരാധനത്തിന്നു എനിക്കു ഗുണം മൂലമുള്ള യോഗ്യതയുണ്ടോ എന്നു ഞാൻ സംശയിക്കുന്നില്ല. ഒരു ജന്തുവാണെന്നുള്ളതുകൊണ്ടു മാത്രം അങ്ങയുടെ അളവററ കരുണയ്ക്കു ഇവനും അവകാശി തന്നെ

3. മുകുന്ദ അങ്ങയിൽ ശ്രദ്ധയില്ലാത്തവനായിരുന്നാൽ അല്ലയോ വരദ, പരിചയ്യവും ബുദ്ധിയും യോഗവുമൊന്നും ഫലിക്കുന്നില്ല. മാഹാത്മ്യമുള്ള അങ്ങയിൽ വേർപാടു സഹിക്കാത്തതായ പ്രേമരൂപമായ ആ ഭക്തി എനിക്കു നിത്യമായിട്ടു എപ്പോഴും ഉണ്ടാകും?

4. സകല പ്രപഞ്ചസ്ഥിതികളിലും സച്ചിദാദി അടയാളങ്ങളോടുകൂടി നിൽക്കുന്ന നിന്നെ അനുകരിച്ചുകൊണ്ടു സന്തോഷാശ്രു പൂർണ്ണമായി മുടിവരെ രോമാഞ്ചം വന്നവനായി കരകവിഞ്ഞ ഭക്തിയോടുകൂടിയവനായിട്ടു എന്നു ഞാൻ ലോകം മുഴുവൻ നിൻെറ ലീലയെന്നു് കാണും?

5. എന്നു മാത്രമല്ല അല്ലയോ ജനനമില്ലാത്തവനേ, കുയിലിനെപ്പോലെ എൻെറ മനസ്സു വസന്തശോഭയാലെന്നവണ്ണം ഭക്തിയാൽ നിൻെറ മഹിമയെ സ്മരിച്ചു എന്നു രസിച്ചു പാടുന്നതായിത്തീരും? എന്നു മനസ്സഴിഞ്ഞു രസം ആസ്വദിക്കുന്ന വണ്ടിൻേറതു മാതിരിയുള്ള ആനന്ദമെന്നാം പ്രാപിക്കയും ചെയ്യും.

---

## ശാരദാസ്തവം

---

### I

1. വാഗ്‌രൂപമായ ഈ ലോകത്തെ വ്യാപിച്ചു നിൽക്കുന്നതും കയ്യിലുള്ള വീണയിൽനിന്നു പുറപ്പെടുന്ന അവ്യക്തമധുരമായ



Digitized By Kerala Sahitya Akademi

സംഗീതത്തിൽ രസിച്ചിരിക്കുന്നതുമായ ഒരു ദേവത എനിക്കു ഐശ്വര്യത്തെ ഉണ്ടാക്കട്ടെ

2. യാതൊരു ദേവത സാത്വികവും ഗുണവിലാസത്താൽ മനോഹരവുമായി ആത്മാവിൻെറ ഏററവും പരിശുദ്ധമായ അംശമായിട്ടുണ്ടോ ശരത്തിലെ ചന്ദ്രൻെറ രശ്മിപോലെ ഉജ്ജ്വലമായ ആകൃതിയിയോടുകൂടിയ ആ ശാരദാദേവി ഞങ്ങൾക്കു മംഗളങ്ങളെ ചെയ്യട്ടെ.

3. അല്ലയോ ദേവി! മതഭേദങ്ങളിൽ നിന്നുണ്ടാകുന്ന പ്രയാസമുള്ള മാർഗ്ഗങ്ങളിൽക്കൂടി പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വേദജ്ഞന്മാരാൽ പൂജിക്കപ്പെടുന്ന ശാരദാദേവി, ഭീതനായ ഞാൻ നിന്നെ പരമശരണമായി അടയുന്നു

4. അമ്മേ യോഗികളാൽ അന്വേഷിക്കപ്പെടുന്ന പരാവിദ്യയായും പലമാതിരി പരിണാമങ്ങളിലും മനോഹരിയായും വലിയ അർത്ഥസമ്പത്തുള്ളവളും പ്രണവത്താൽ കാണിക്കപ്പെടുന്ന പല വിഭ്രമങ്ങളോടുകൂടിയവളുമായ നിന്നെ ഞങ്ങൾ ഉപാസിക്കുന്നു.

5 ഏററവും നിശ്ചിതമായി രാഗമററഗതിയുള്ളതും ലോകക്ഷേമം ചെയ്യുന്നതിൽ സാമർത്ഥ്യമുള്ളതുമായ തദ്രൂപമായ ഒരു ബുദ്ധികൊണ്ട് കുശലന്മാരായവരാൽ സേവിക്കപ്പെടുന്നു.

6. അകൃത്രിമസുന്ദരിയായി ഭേദവിചാരരഹിതയായി അന്തര്യാമിയായ പരമാത്മാവിനെ വിഷയമാക്കിയുള്ള സ്വയം രസമയമായ ആ ഉൽകൃഷ്ടരതിയായിട്ടു നി എന്നാൽ ഗാനം ചെയ്യപ്പെടുന്നു.

7. പൂർണ്ണബോധംകൊണ്ടു ഭ്രമം അററതായി പൌരുഷരൂപമായി പ്രത്യേകം അടയാളമില്ലാത്തതായി മനസ്സും പ്രാണനും അടക്കിയവരുടെ അത്യുൽകൃഷ്ടത്തോടുകൂടിയ സ്ഥിതിയായിട്ടു നീ എനിക്കു രുചിക്കുന്നു.

8. സച്ചിദാനന്ദസ്വരൂപത്തിൽ ഈ ജഗത്തു മരുവിൽ



Digitized By Kerala Sahitya Akademi

കാനൽപോലെ (കാണപ്പെടുന്നു) ആത്മ ഈ നിർമ്മലമായ ഉപനിഷജ്ഞാനമായിട്ട് നീ എന്നാൽ ഹൃദയത്തിൽ ധരിക്കപ്പെടുന്നു.

9. ശ്രീനാരായണഗുരുസ്വാമികൾക്കു പ്രിയയായി ശിവഗിരിയുടെ ഈശ്വരിയായി ബ്രഹ്മാവിന്റെ കണ്ണുകൾക്കു ശരച്ചന്ദ്രശോഭയായുള്ള അല്ലയോ ശാരദാദേവി നീ ജയിച്ചാലും.

---

# II

1. ശിവഗിരിയുടെ അടിവാരത്തിന്ന് അലങ്കാരവും ശബ്ദപ്രപഞ്ചത്തിന്റെ അടിസ്ഥാനവും ആരാധിക്കുന്നവർക്ക് ഉൽക്കർഷത്തെ ഉണ്ടാക്കുന്നതുമായി സ്ത്രീരൂപമായ തേജസ്സിനെ ഞാൻ മനസ്സുകൊണ്ട് ശരണം പ്രാപിക്കുന്നു

2. പ്രപഞ്ചത്തിന്റെ ഹേതുവും ശിവഗിരിയുടെ അടിവാരത്തിൽ ശോഭിക്കുന്നതും ആയി മനോഹരമായ സ്ത്രീരൂപത്തെ ധരിച്ച ശതാബ്ദകമായ ഒരു ബ്രഹ്മത്തെ ഞാൻ പിന്നെയും ഓർക്കുന്നു!

3. എട്ടു കോണുള്ളതും മനോഹരവും തേന്മാവിൻതൈകളുടെ കൂട്ടത്താൽ ചുററപ്പെട്ടതുമായ മണ്ഡപത്തിൽ പീഠത്തിന്മേൽ സ്ഥിതിചെയ്യുന്ന കണ്ണിന്നു വിഷയമായ പരാവിദ്യയെ ഞാൻ ധ്യാനിക്കുന്നു.

4. ശിവഗിരിയിൽനിന്ന് പടിഞ്ഞാറെ സമുദ്രത്തിലെ തിരമാലകളുടെ കളികണ്ട് രസിച്ചുകൊണ്ടു മഞ്ഞുപോലെ വെളുത്ത താമരപ്പൂവിന്മേൽ ഇരിക്കുന്ന ശാരദയാകുന്ന അരയന്നപ്പേടയുടെ അടുക്കലേക്കു ഞാൻ പോകുന്നു.

5. തോട്ടങ്ങൾ, വയലുകൾ, തോടുകൾ ഇവ അധികമുള്ള വാക്കലെക്കുന്നിന്റെ പാർശ്വത്തിൽ ബുധന്മാരാൽ എന്നും ആരാധിക്കപ്പെട്ടുവരുന്ന സുന്ദരിയായ ഭാഷാദേവതയെ ഞാൻ സ്തോത്രം ചെയ്യുന്നു.



Digitized By Kerala Sahitya Akademi

6. അംഗംകൊണ്ടു സംഗീതത്തേയും സാഹിത്യത്തേയും വ്യാപിച്ചിട്ട് സ്ഥിതിചെയ്യുന്നതായി ശിവഗിരിയിൽ കുടികൊള്ളുന്ന ഭാഷാത്മികയായ വിദ്യയെ ഞാൻ വിശ്വസിക്കുന്നു.

7. വിലാസഭേദങ്ങളാൽ ലോകത്തെ വിസ്മയിപ്പിക്കുന്നവളായി നാനാബാഹുക്കളോടും ഒരു മുഖത്തോടും കൂടിയ അക്ഷരരൂപിണിയായ ദേവതയെ ഞാൻ ഹൃദയത്തിൽ ബന്ധിക്കുന്നു.

8. അമ്മേ, നിന്നിൽ ഭക്തിയില്ലാത്തവർ കണ്ണുണ്ടെങ്കിലും കുരുടന്മാരാണ്. അവർ കുണ്ടുകളിൽ പതിക്കുന്നു ആ കാരണത്താൽ സംസാരസമുദ്രത്തിലേക്ക് ഒരേ കപ്പലായ അവിടുത്തെ കാരുണ്യത്തെ ഞാൻ ഇരന്നുകൊള്ളുന്നു.

## രാജയോഗസമർപ്പണം.

1. സംസാരസമുദ്രത്തിൽ ഉരുളുന്നവർക്കു ശരണമായിട്ടു ഏതൊരുത്തനെ വേദങ്ങൾ പറയുന്നുവോ, ഇരുട്ടിന്നു (അജ്ഞാനത്തിന്നു) സൂര്യനായും ദർശനങ്ങൾക്കു ലക്ഷ്യമായും ഇരിക്കുന്ന ആ പരമനായ ഏക പുരുഷന്നു നമസ്കാരം.

2. മുനിമാരിൽ അഗ്രേസരനായ പതഞ്ജലി ഏതിനെക്കുറിച്ചുതന്നെ സൂത്രങ്ങൾ രചിച്ചുവോ, ശിവനാൽ പ്രചരിപ്പിക്കപ്പെട്ട സമ്പ്രദായത്തോടുകൂടിയതും ആത്മൈശ്വര്യങ്ങൾ ജനിപ്പിക്കുന്നതുമായ ആ വിദ്യ (യോഗവിദ്യ) ജയിക്കുന്നു.

3. ഏതൊന്നു ഭാഷ്യംകൊണ്ടു വ്യാസനാലും സ്പഷ്ടമായ വൃത്തി (വ്യാഖ്യാനം) കൊണ്ട് ഭോജരാജാദിനാലും അധികരിക്കപ്പെട്ടുവോ പതഞ്ജലിയുടെ ആ അത്ഭുതദർശനത്തിന്നു കാലക്രമേണ കലക്കം സംഭവിച്ചു

4 ശ്രീരാമകൃഷ്ണൻ എന്നു പേരുള്ള പൂജ്യനായ സന്യാസിവര്യന്റെ ശിഷ്യന്മാരിൽ പ്രധാനിയായി വളരെക്കാലം കൂടിട്ടു



Digitized By Kerala Sahitya Akademi

മുമ്പു കണ്ടിട്ടില്ലാത്തമാതിരി പ്രതിഭാപ്രഭാവത്തോടുകൂടിയ ഒരു മഹാൻ ഉണ്ടായി.

5. ധർമ്മത്തെ ഉദ്ധരിക്കുവാൻ ഇറങ്ങിയ അദ്ദേഹം തന്റെ വാക്കുകളാൽ സർവ്വജനങ്ങളേയും വിസ്മയിപ്പിച്ചുകൊണ്ട് സാരസ്വതമായ സമുദ്രത്തെമാത്രമല്ല ജലമയമായ സമുദ്രത്തെയും കളമ്പു പാടിനെ എന്നപോലെ കടന്നു.

6. അദ്ദേഹം പ്രകൃതിയുടെ പരമായ പദത്തെ പ്രാപിച്ചു എങ്കിലും ഗുണങ്ങളാൽ യശസ്സൈശ്വര്യത്തോടുകൂടിയവനായി ശോഭിക്കുന്നു! അർത്ഥമേറിയതും വിവേകപൂർവ്വമായതുമായ അദ്ദേഹത്തിന്റെ ആനന്ദസംജ്ഞ (വിവേകാനന്ദൻ എന്ന പേരു) ലോകത്തിൽ പുകഴ്ന്നിരിക്കുന്നു.

7. വാക്കും യോഗവും അറിയുന്നവരിൽവെച്ച് പ്രധാനിയായ ആ മുനിശ്രേഷ്ഠന്റെ (വ്യാകരണഭാഷ്യകാരനും യോഗസൂത്രകാരനുമായ പതഞ്ജലിയുടെ) യോഗ്യതകളോടുകൂടിയവനും മുൻ പറഞ്ഞമാതിരിയുള്ളവനുമായ ഈ സന്ന്യാസി (വിവേകാനന്ദൻ) പതഞ്ജലിയുടെ വാക്കിന്നു (സൂത്രങ്ങൾക്ക്) ഇംഗ്ലീഷ് ഭാഷയിൽ അത്ഭുതകരവും സ്പഷ്ടവുമായ വ്യാഖ്യാനം രചിച്ചു.

8. തിരുവനന്തപുരത്തിനടുത്തു (ചന്ദ്രപക്ഷത്തിൽ ആകാശപുരത്തിനടുത്തു എന്നു) ജനിച്ചവനെങ്കിലും എങ്ങും ഇരുട്ടിനെ (അജ്ഞാനത്തെ) ഇല്ലാതാക്കുവാനും വേദാന്തചിന്തകനും ആയ നാരായണൻ എന്ന പേരോടുകൂടിയ യോഗി കേരളത്തിൽ ജീവിക്കുന്നു.

9. ജ്ഞാനംകൊണ്ടും തന്റെ തപസ്സുകൊണ്ടും പരിശുദ്ധനായ അദ്ദേഹം മനുഷ്യലക്ഷണമുള്ള ശിവനോ അല്ല പുതിയ അവതാരം എടുത്ത നാരായണൻ തന്നെയോ എന്നു നിമ്മത്സരന്മാർക്കു വാദവിഷയമായിരിക്കുന്നു.

10. അദ്ദേഹത്തിന്റെ കാലിലെ പൊടിപോലും നെറുകയിൽ ധരിക്കപ്പെട്ടിട്ട് അഴുക്കുള്ള എന്റെമനക്കണ്ണാടിയെ തുട



Digitized By Kerala Sahitya Akademi

ക്കുന്നു. അതുകൊണ്ടു എനിക്ക് അന്യൻ പൂജ്യനായിട്ടുണ്ടോ? ആ വലിയ ഗുരുതന്നെ എനിക്കു ഏറ്റവും വലിയവൻ.

11. ഇംഗ്ലീഷുഭാഷയിൽ വിവരിച്ചിട്ടുള്ളതിനെ അധികരിച്ച് ഒരു മതം. മന്ദനും സ്ഖലിതവാക്കുമായ എന്നാൽ ഇപ്രകാരം കേരളഭാഷയിൽ ചെയ്യപ്പെട്ടു ഒരു ഗുരുവിന്റെ കൃപയിരുന്നാൽ എന്തു കർമ്മമാണു ദുഷ്കരമായിട്ടുള്ളതു്?

12. യോഗശാസ്ത്രത്തിന്റെ മുൻപറഞ്ഞമാതിരിയുള്ള ഈ സുഗമമായ ഭാഷാന്തരം അനുഗ്രഹത്തിന്റെ പാദാബ്ജത്തിൽ സ്വന്തം കടാക്ഷങ്ങളാൽ വളർത്തിക്കൊണ്ടുവന്നിട്ടുള്ള എന്നാൽ ഭക്തിഭരത്തോടുകൂടി സമർപ്പിക്കപ്പെടുന്നു.

---

## ഷഷ്ടിപൂർത്തിമംഗളം.

---

യാവനനൊരുവൻ മനസ്സിന്റെയും ഇന്ദ്രിയങ്ങളുടെയും ജയങ്ങളാൽ ശുകമഹർഷിയെ അതിക്രമിച്ചവനും കപിലനെ കടന്നവനും കരുണകൊണ്ടു ബുദ്ധനിലും കൂടിയവനും ആകുന്നു. അങ്ങനെയുള്ള സ്വയം പരമഹംസനായ ഈ നാരായണഗുരു ആത്മാദ്വൈതമായ ചിദാകാശത്തിൽ വിഹരിക്കുന്ന സന്യാസിചക്രവർത്തിയായിട്ട് സർവോൽക്കർഷേണ വർത്തിക്കുന്നു.

---

## ഒരു സമർപ്പണം.

---

1. ആശ്രിതന്മാരിലുള്ള കരുണകൊണ്ടും ദയകൊണ്ടും അധികമായിട്ടു ഭിന്നഗതികളോടുകൂടിയ സമ്പ്രദായങ്ങളാൽ സേവിക്കപ്പെടുന്നതും സജ്ജനങ്ങൾക്കു പ്രാപ്യമായിത്തീരുന്ന ശരീരത്തോടുകൂടിയതുമായി ഗുരുവിന്റെ പാദമാകുന്ന ലക്ഷണങ്ങളോടുകൂടിയ മഹേശ്വരനെ ഞാൻ ഉപാസിക്കുന്നു.



Digitized By Kerala Sahitya Akademi

2. ഞാൻ ആത്മാവിന്റെ (തന്റെ) വിലമതിക്കാൻ പാടില്ലാത്ത ശുദ്ധിയെ ആഗ്രഹിക്കുന്നു. അപവാദഭയംകൊണ്ടു മനസ്സ് എപ്പോഴും ക്ഷീണിക്കയും ചെയ്യുന്നു എന്തെന്നാൽ ദുഷ്ടജനം അപവാദത്തിൽ താല്പര്യമേറിയതാണല്ലൊ; ഞാൻ എങ്ങിനെ ജീവിക്കും അഥവാ ഭയം മതിയാക്കട്ടെ

3. രുചിയുടെ മാററംകൊണ്ടും മററു കാരണങ്ങളാലും അല്ലയോ ഗുരോ, ഞാൻ ശുഭമായ ഗൃഹസ്ഥവ്രതത്തെ എടുക്കുവാൻ പോകുന്നു. അങ്ങയെ ആശ്രയിക്കുന്നവനാൽ നിരാശ്രയമായ നാലാമത്തെ സന്യാസാശ്രമം മാത്രം ആശ്രയിക്കപ്പെടുന്നമെന്നില്ലല്ലോ.

4. ഞാൻ തന്നെ ചെയ്തതാണെങ്കിലും എന്റെ ഈ നിശ്ചയത്തെ ശിഷ്യവാത്സല്യംകൊണ്ടു അനുവദിച്ചാലും അല്ലയോ ഗുരോ, ഭക്തികൊണ്ടു തലതാഴ്ത്തി കൈകൂപ്പി ഞാൻ ആദ്യമായി ചെയ്യുന്ന പ്രാർത്ഥനയാണല്ലോ ഇത്.

---

## ഒരു മറുപടി

---

1 അല്ലയോ സ്നേഹിത, സ്വർഗ്ഗം പ്രാപിച്ച നിങ്ങളുടെ അച്ഛനെക്കുറിച്ചു ഞാൻ ശോചിക്കുന്നില്ല. ശോചിച്ചതുകൊണ്ടെന്തു്? അദ്ദേഹത്തെക്കുറിച്ചുള്ള വാക്കു നദി (സരസ്വതിനദി) പോലെ പുറത്തു വരുന്നില്ലതന്നെ.

2. ജഡസംസാരമഹാസമുദ്രത്തിന്റെ തിരമാലകളാൽ പീഡിപ്പിക്കപ്പെട്ടിരിക്കുന്ന സുഖാഗ്രഹികളായ ജനങ്ങളെ കണ്ണുനീരുകൊണ്ടു ചളിഞ്ഞ വഴിയിൽ ചേപ്പാനും ഞാൻ ഉത്സാഹിക്കുന്നില്ല.

---



Digitized By Kerala Sahitya Akademi

## പുറന്നാൾ മംഗളം

1. വിദ്യാസമ്പന്നനും കീർത്തിസമ്പാദിച്ചവനുമായ ആ നീലകണ്ഠശർമ്മാവ് (മയിലെന്നും എടുക്കണം) ക്ഷേമം പെറുന്ന നൂറുകൊല്ലം ജയിക്കട്ടെ. അദ്ദേഹത്തിന്റെ സ്ഫുടവും മധുരവും ഒച്ചയുള്ളതുമായ കേകയപാനം ചെയ്തിട്ട സഹ്യപർവ്വതം കറുത്ത ശാഖകളോടുകൂടിയ വൃക്ഷങ്ങളെക്കൊണ്ടു രോമാഞ്ചിതമായൊ എന്നു തോന്നും.

2 തീർച്ചയായും ഭാരതപ്പുഴ (നിള) യുടെ പൊടിയും പ്രസരിപ്പുമുള്ള ആ അലകളും അദ്ദേഹത്തിന്റെ വാഗ്ധാടി പഠിക്കാൻ ഒട്ടുത്തിരിക്കയാണ്. അതിന്റെ കരയിൽ സരസ്വതിയുടെ അരയന്നമോ എന്നു തോന്നുമാറുള്ള അദ്ദേഹത്തിന്റെ സ്വന്തം വിജയപതാകയായ സംസ്കൃതകാവ്യങ്ങളും വിളങ്ങുന്നു.

---

## ഒരു കത്ത്

അല്ലയോ കവേ, അങ്ങയുടെ ''പിക''സംവാദിയായ കത്ത് എന്നെ ഇളക്കുന്നു. യോഗ്യന്മാരുടെ അനുമോദനം മാത്രം കൊണ്ടു കൃതാർത്ഥതയുണ്ടാകുന്നതാണല്ലൊ നമ്മുടെ ശ്രമം. "പികസംവാദി=പികത്തെ. "ഗ്രാമവൃക്ഷത്തിലെ കുയിലിനെ"പ്പററി പറയുന്നത് കുയിലിനോടു മത്സരിക്കുന്നതു്" എന്നും അർത്ഥം.



Digitized By Kerala Sahitya Akademi

# സ്വാഗതപത്രിക

1. അല്ലയോ സന്യാസിശ്രേഷ്ഠ, അങ്ങേയ്ക്കു സ്വാഗതം. ഭോനിർമ്മലാനന്ദ ജയിച്ചാലും! നിങ്ങളുടെ സനാതനമായ രാമകൃഷ്ണമിഷ്യൻ ജയിക്കട്ടെ

2 പ്രകൃത്യാശ്രേഷ്ഠ ചെയ്യുനാകയാൽ അങ്ങു സ്വയമേവ പ്രിയനാണ്. മഹാനായ വിവേകാനന്ദന്റെ പ്രിയപ്പെട്ട കൂട്ടകാരനാകയാൽ അതിലും പ്രിയനാണ്. പ്രസിദ്ധനായ (രാമകൃഷ്ണ) പരമഹംസരുടെ ശിഷ്യനാകയാൽ വിശേഷിച്ചും പ്രിയനാണ്. വളരെ നാളായിട്ടു സുകൃതം കൊണ്ടു വന്നുകൂടിയ അതിഥിയായ അങ്ങു ഞങ്ങൾക്ക ആനന്ദം ഉണ്ടാക്കുന്നു.

3 കേളികേട്ട അത്ഭുതകർമ്മങ്ങളുള്ള നിങ്ങളുടെ, ദയവായും ഉത്സാഹപൂർവ്വമായും ശിഷ്യന്മാരാൽ ചെയ്യപ്പെടുന്ന അഞ്ജലിമൊട്ടുകളോടുകൂടിയ, സഞ്ചാരം ഭൂമിയുടെ ഹിതത്തെ ചെയ്യുന്നതായിത്തീരുന്നു. അരയന്നത്താൽ സ്പർശിക്കപ്പെട്ട താമരപ്പൊയ്ക എന്നപോലെ അങ്ങു വന്നുചേർന്ന ശിവഗിരിമഠം എന്നേക്കും വലിയ കൃതാർത്ഥതയെ അടയുന്നു.

4. ഞങ്ങളുടെ നമസ്കാരങ്ങളെ സ്വീകരിക്കുക. ഞങ്ങൾക്ക അനുഗ്രഹസമ്പത്തു ദാനം ചെയ്താലും. അല്ലയോ സ്വാമീ! അങ്ങു ലോകത്തിന്നു ഹിതംവരാനായി വളരെക്കാലം ആരോഗ്യവാനായി ജീവിക്കട്ടെ.

5. അങ്ങു നിങ്ങുമുണ്ടായിട്ടുള്ള ഈ സന്തോഷയോഗം വർദ്ധിക്കട്ടെ. ബ്രഹ്മാദ്വൈതത്തെ പ്രാപിച്ച ശാരദാദേവി നമുക്ക ഐശ്വര്യത്തിനായിത്തീരട്ടെ.



Digitized By Kerala Sahitya Akademi

## സ്വാഗതപഞ്ചകം

---

1. യാതൊന്നു അഗസ്ത്യന്നു ശുഭമായ ഗൗരവും കാമദേവന്നു സുഖസ്പർശമായ തേരും (തെക്കൻകാററു എന്നു സാരം) കൊടുക്കുന്നുവോ ആ മലയുടെ (സഹ്യന്റെ) ശബ്ദിക്കുന്ന പക്ഷികളോടു (ദ്വിജന്മാരോടു എന്നും) കൂടിയ കാടുകളുടെ നിര അല്ലയോ കവിശ്രേഷ്ഠ അങ്ങേയ്ക്കു കുശലം പറയുന്നു.

2. യാതൊന്നിന്റെ ശുദ്ധമായ രോധസ്സിൽ പരമഹംസശ്രേഷ്ഠനായ (അരയന്നമെന്നും എടുക്കണം) ശങ്കരാചാര്യർ അവതരിച്ചുവോ അങ്ങിനെയുള്ള മഴക്കുകൂടിയ ഈ നദി ഓളങ്ങളോടു കൂടി അങ്ങുന്നേ! അവിടേക്കു സ്വാഗതസ്തോത്രം പാടുന്നു.

3. അല്ലയോ മഹാനായോവെ, ഏലവും മുളകുംകൊണ്ടു പൊതിഞ്ഞ സഹ്യപർവ്വതത്തിന്റെ താഴ്വരകളിൽ വന്നിരിക്കുന്ന അങ്ങയെ തരുഗുൽമസമ്പത്തുകൾ പൂക്കളും കായ്കളും വഹിച്ച് അർഘ്യപാണികളായി നിന്നു നമസ്കരിക്കുന്നു.

4. പടിഞ്ഞാറെ വൻകടൽ മൃദംഗക്കാരനായിരിക്കുമ്പോൾ തെങ്ങുകളെ ഇളക്കി ഊതുന്ന കാററ് ഓളങ്ങളാകുന്ന തന്ത്രികളോടുകൂടിയ നദിയെമീട്ടി അങ്ങേയ്ക്കു് ഉച്ചത്തിൽ വീണവായിക്കുന്നു.

5. കിഴക്കും പടിഞ്ഞാറും എങ്ങുമുള്ള സഹൃദയരായ ജനങ്ങൾക്കു രോമാഞ്ചം ഉണ്ടാകുന്ന ഗീതാഞ്ജലിയുടെ കർത്താവേ, ഈ ശരൽസഖനായ (ശരത്തുകാലത്തുള്ള) രവിയെക്കണ്ടു (ആൻറൂസിനോടുകൂടിയ രവീന്ദ്രനാഥടാഗൂറിനെ എന്നു സാരം) ഞങ്ങൾ സഫലദൃഷ്ടികളായി.

---



Digitized By Kerala Sahitya Akademi

## തോന്നയ്ക്കൽ

# ശാരദാ ബുക്ക്ഡിപ്പോ

## വക പ്രസിദ്ധീകരണങ്ങൾ

### എൻ കുമാരനാശാൻ അവർകളുടെ കൃതികൾ

| | രൂ. | ണ. |
|---|---|---|
| പദ്യകൃതികൾ 1-ാംഭാഗം | 6 | 8 |
| ,, 2-ാംഭാഗം | 6 | 0 |
| ,, 3-ാംഭാഗം | 4 | 8 |
| പദ്യം:—നളിനി (നോട്ടോടു കൂടിയതു്) | 1 | 0 |
| ലീല | 1 | 0 |
| രണ്ടു ഖണ്ഡകൃതികൾ | 0 | 6 |
| ശ്രീബുദ്ധചരിതം കിളിപ്പാട്ട്:— | | |
| അഞ്ചു കാണ്ഡങ്ങളും കൂടിയതു് | 3 | 0 |
| കുയിൽ | 0 | 3 |
| പ്രരോദനം | 1 | 0 |
| ചിന്താവിഷ്ടയായ സീത | 1 | 0 |
| ബാലരാമായണം—മൂന്നു കാണ്ഡങ്ങളും കൂടി | 1 | 8 |
| പുഷ്പവാടി | 0 | 8 |
| ദുരവസ്ഥ | 0 | 12 |
| ചണ്ഡാലഭിക്ഷുകി | 0 | 12 |
| കരുണ | 0 | 9 |
| മണിമാല | 0 | 8 |
| വനമാല | 1 | 0 |
| സ്വഗതപ്രസ്ഥാനം | 0 | 10 |
| നവമാലിക | 0 | 8 |
| സൌന്ദര്യലഹരി (ഭാഷ) | 0 | 8 |



Digitized By Kerala Sahitya Akademi

| | രൂ. | ണ. |
|---|---|---|
| വിചിത്രവിജയം | 1 | 8 |
| പ്രബോധചന്ദ്രോദയം ഭാഷാനാടകം | 1 | 8 |
| സ്തോത്രകൃതികൾ (നോട്ടോടു കൂടിയതു്) | 1 | 4 |
| ഗദ്യം:—രാജയോഗം സംപൂർണ്ണം | 3 | 0 |
| മൈത്രേയി | 0 | 8 |
| മനശ്ശക്തി | 0 | 8 |
| നിരൂപണങ്ങൾ | 0 | 8 |
| മതപരിവർത്തനരസവാദം | 0 | 4 |
| ദൈവികമായ പ്രതികാരം | 0 | 10 |

## ഇതര കൃതികൾ

| | | |
|---|---|---|
| കെ. അയ്യപ്പന്റെ പദ്യകൃതികൾ | 1 | 8 |
| ശ്രീനാരായണഗുരുസ്വാമികളുടെ ദർശനമാല (പദ്യം) (വിദ്യാനന്ദസ്വാമികളുടെ വ്യാഖ്യാനത്തോടുകൂടിയതു്) | 0 | 10 |
| വസുമതി (ശ്രീമാൻ മൂർക്കോത്തു കുമാരൻ അവർകൾ എഴുതിയ രസകരമായ ഒരു നോവൽ) | 1 | 8 |
| വേണുനാദം—വേണുഗോപാലൻ | 0 | 8 |

*Address must be written in CAPITAL LETTERS*

**മാനേജർ,—'ശാരദാ' ബുക്കുഡിപ്പോ,**

**തോന്നയ്ക്കൽ.**



Digitized By Kerala Sahitya Akademi

PRINTED AT
THE SAHODARAN PRESS
ERNAKULAM

Digitized By Kerala Sahitya Akademi